# പൊന്നുംകുടം

സാഹിത്യപ്രവർത്തക
സഹകരണസംഘം
പ്രസിദ്ധീകരണം

കെ. സരസ്വതിഅമ്മയുടെ

കൃതികഠം

| | |
|---|---|
| പെൺബുദ്ധി | (കഥകഠം) |
| കനത്തമതിൽ | ടി |
| വിവാഹസമ്മാനം | ടി |
| സ്ത്രീജന്മം | ടി |
| പൊന്നുംകുടം | ടി |
| കലാമന്ദിരം | ടി |
| കീഴ്ജീവനക്കാരി | ടി |
| പ്രേമഭാജനം | (നോവൽ) |
| ദേവദൂതി | (നാടകം) |

# പൊന്നുംകുടം

866

ഗ്രന്ഥകർത്ത്രി

**കെ. സരസ്വതിഅമ്മ ബി. എ.**

നാഷനൽ ബുക്ക്സ്റ്റാൾ

കളരിക്കൽബസാർ കോട്ടയം.

വില 1 ക. 4 ണ.

രണ്ടാംപതിപ്പ് കോപ്പി 1000
പകർപ്പവകാശം ഗ്രന്ഥകർത്രിക്ക്

★

ഒന്നാംപതിപ്പ്: ജനുവരി 1945
രണ്ടാംപതിപ്പ്: ഒക്ടോബർ 1953

അച്ചടി:
പുളിക്കീഴ് ഭാഗ്യോദയം പ്രസ്സ്.

# വിഷയവിവരം


| | | പേജ് |
|---|---|---|
| 1 | രമണി | 7 |
| 2 | വിവാഹവിദ്വേഷി | 46 |
| 3 | പൊന്നുംകുടം | 56 |
| 4 | ഒരേ ഒരു രാത്രി | 77 |
| 5 | മഴയ്ക്കുമുമ്പ് | 96 |
| 6 | സ്വപ്നമണ്ഡലം | 108 |
| 7 | പുസ്തകപ്രേമം | 121 |
| 8 | മധുവിധു | 133 |

# രമണി

"ആ പുസ്തകം ദൂരെക്കളയു, ശാന്തി." മദ്ധ്യാഹ്ന ഭക്ഷണം കഴിഞ്ഞു് എന്റെ അടുത്തു വന്ന സുഷമ വിമൻസ്സ കോളേജിൽ ആ കാററാടിമരച്ചുവട്ടിലെ നിശ്ശബ്ദതയ്ക്കു വിരാമമിട്ടു. എന്റെ കയ്യിലിരുന്ന 'രമണൻ' പിടിച്ചെടുത്തു നിലത്തെറിഞ്ഞു് അവൾ പറഞ്ഞു: "ഇത്രയൊക്കെ വായിക്കാൻ അതിലൊരു ചുക്കുമില്ല."

"അതെന്റെ ഇഷ്ടമല്ലേ?" സാരിത്തുമ്പിൽ പിടിച്ചു ഞാൻ സുഷമയെ ആസനസ്ഥയാക്കി. "പക്ഷേ ദേഷ്യം ആ പുസ്തകത്തോടു കാണിക്കണ്ട. കോളേജ് ലൈബ്രറിയിലെ ബുക്കുകൾ ഇങ്ങനെ ചീത്തയാക്കുന്നതു കുററമാണ്."

സുഷമയുടെ ഉത്തരം ഒരു ഗാനഖണ്ഡമായിരുന്നു.

"കുററങ്ങളൊക്കെ ഞാനേററുകൊള്ളാം
തെററിദ്ധരിക്കരുതെങ്കിലും നീ,
നിന്നിലുപരിയായില്ലയൊന്നും
മന്നിലെനിക്കെന്റെ ജീവിതത്തിൽ."

"ഒടുവിൽ പറഞ്ഞതു കള്ളം."

"അതേ," എന്നെ മുറുകെ കെട്ടിപ്പിടിച്ചുകൊണ്ടു സുഷമ പറഞ്ഞു: "എങ്കിലും ഞാനൊരു കൂട്ടുകാരിയേയും ഇത്ര വളരെ സ്നേഹിച്ചിട്ടില്ല."

ഞാൻ പുച്ഛരസം നിറഞ്ഞുനിന്ന സ്വരത്തിൽ പറഞ്ഞു: "റാണിയുടെ അത്ര അമൂല്യമായ സ്നേഹം എനിക്കെങ്കിലും കിട്ടിയല്ലോ."

സുഷമയുടെ മുഖം ചുവന്നു. "ശാന്തീ, റാണി എന്നൊന്നെ വിളിക്കരുതെന്നു ഞാനെത്ര പ്രാവശ്യം പറഞ്ഞു! പാവം കുട്ടികൾ! അവർക്കെന്തറിയാം! പുറശ്ശോഭ കണ്ടു തീയിൽ ച്ചാടുന്ന ശലഭത്തിന്റെ സ്ഥിതിയെന്തു്? എന്റെ സഹവാസം ആൎക്കും നല്ലതല്ലെന്നെനിക്കറിയാം."

"പിന്നെന്താണു് എന്നെ കൂട്ടുകാരിയാക്കിയതു്?"

"അതോ, ശാന്തിയുടെ സ്വഭാവം പരിസരത്തിന്റെ സ്വാധീനതയ്ക്കപ്പുറമാണെന്നു ഞാൻ കണ്ടു; ശാന്തിയുടെ സഹജമായ സന്തോഷശീലം എന്നെ ആകർഷിച്ചു, നാം വളരെക്കാലമായി ആത്മാൎത്ഥസഖികളായി കഴിയുകയായിരുന്നു എന്നൊരുതോന്നലും, എന്തോ മുജ്ജന്മബന്ധത്താൽ എനിക്കുണ്ടായി. പോരെങ്കിൽ ശാന്തിയെന്ന പേർ എനിക്കു വളരെ ഇഷ്ടവുമാണു്."

"എന്നാലും സുഷി ഇത്ര വലിയ ഭാവം കാണിക്കുന്നതെന്തിനു്?"

"ഓ! അതിരില്ലാത്ത ലാളന ആരേയും വഷളാക്കും. എന്റെ കണ്ണീർ എന്തെല്ലാം സാധിക്കുമെന്നോ! തെററുചെയ്താലും എന്നെ കുററിക്കാരിയാക്കാറില്ല. അതു പോട്ടേ, ശാന്തീ." ദൂരെ വീണുകിടന്ന 'രമണൻ' കയ്യിലെടുത്തുകൊണ്ടു സുഷി തുടൎന്നു: "ഇതിലെ ചന്ദ്രികയെപ്പററി എന്തഭിപ്രായമാണു് ശാന്തിക്കു്?"

"അതെന്തു ചോദ്യം!" ചന്ദ്രികയോടെനിക്കുള്ള തീവ്രമായ വെറുപ്പ് എൻെറ രക്തത്തെ ചൂടുപിടിപ്പിച്ചു. 'അവരുക്കനുകൂലമായി എന്തു പറയാൻ? 'പ്രണയമാധ്വീലഹരി'യിൽ ലയിച്ച് ആനന്ദഗാനം പാടിനടന്ന കമിതാവേ, തുച്ഛവും ക്ഷണികവുമായ ലോകഭോഗങ്ങഠംക്കുവേണ്ടി വഞ്ചിച്ച, ഈ കാളകൂടംനിറച്ച കനകപ്പാത്രം 'ചന്ദ്രികയല്ലവിഷമയധൂമിക ചിന്തുന്ന'ധൂമകേതുതന്നെയാണു്. ആ 'പട്ടിൽപൊതിഞ്ഞ തീക്കൊള്ളി' ഉദ്വമിച്ച 'വഞ്ചനാവിഷപ്പുക'യോടുകൂടിയ തീജ്വാല ആ വേണുഗോപാലബാലൻെറ ലളിതഗാത്രത്തെ ചുട്ടുനീററിയപ്പോഠം—"

"ശാന്തമായിപ്പറയൂ,. ശാന്തം." അരുണവർണ്ണംപൂണ്ട കൈത്തലത്താൽ എൻെറ വായ് പൊത്തിക്കൊണ്ടു സുഷമ പറഞ്ഞു: "ക്ഷോഭിക്കാതെ സംസാരിക്കൂ ഇത്ര സ്നേഹമോ രമണനെ? കൊള്ളാം! ഇങ്ങനെയൊരു സാഹിത്യസരസയുടെ രാഗധാരയേററ്, ആദ്യപ്രേമത്തിലെ നിരാശയിൽ വാടിക്കരിഞ്ഞ ഹൃദയലതയ്ക്കു പൂത്തു തളിക്കാൻ സാധിക്കുമെന്നറിഞ്ഞിരുന്നെങ്കിൽ രമണൻ ആത്മഹത്യ ചെയ്യുമായിരുന്നേയില്ല." അവഠം കൈ പിൻവലിച്ചിട്ട്, പറഞ്ഞു: "എങ്കിലും ശാന്തം, അബലാചപലാദിനാമകരണങ്ങഠംകൊണ്ടു പുരുഷൻ ബഹുമാനിച്ചിട്ടുള്ള സ്ത്രീവർഗ്ഗത്തിൽ ജനിച്ച ചന്ദ്രികയെക്കൊണ്ട് ആ ക്രൂരവഞ്ചന ചെയ്യിച്ച പരിതസ്ഥിതികളെപ്പററി ചിന്തിച്ചിട്ടുവേണ്ടേ അത്ര നിശിതമായ വിധിപറയാൻ?"

"അതൊക്കെ എന്തുകൊണ്ടവർ ആദ്യമേ ആലോചിച്ചില്ല? 'നാകത്തിലാദിത്യദീപമൊരുപക്ഷേ' കെട്ടുപോയാലും സല്പ്രേമദീപം പൊലിയുകയില്ലെന്നവർ വീരവാദം ചെയ്യില്ലേ?—'സമ്പൂതമല്പ്രേമസിദ്ധിക്കു പച്ചിലക്കമ്പിലും കോട്ടി ഞാൻ പിച്ചതെണ്ടാം' എന്നും മററും ത്യാഗോൽഘോഷണങ്ങൾ ചെയ്യില്ലേ? കഷ്ടം! സ്ത്രീകൾക്കൊട്ടുക്ക് തീരാത്ത ദുഷ്പേരും അവമാനവും വലിച്ചിടുകയായിരുന്നല്ലോ അവർ. എന്നാണെനിക്കു സങ്കടം."

"ഓഹോ!" സുഷമ എപ്പോഴും എന്നെ കളിയാക്കാൻ അത്യുത്സുകയായിരുന്നു. "ഇനി ഒരുത്തനും എന്റെ ശാന്തിയുടെ പ്രേമത്തിന് അവകാശിയായി വന്നില്ലെങ്കിലോ എന്നാണ് ഭയം, അല്ലേ? ഹേയ്, അങ്ങനെ പേടിക്കേണ്ട. 'ദാനംകിട്ടിയ പശുവിന്റെ പല്ലുനോക്കേണ്ട' എന്ന പ്രമാണക്കാരാണവർ. എന്തായാലും ഒടുവിൽ ലാഭനഷ്ടക്കണക്കു പറയുമ്പോൾ ലാഭമെല്ലാം അവന്, നഷ്ടം മുഴുവൻ അവൾക്കും. അവളുടെ വിശുദ്ധി നശിച്ചു; ചാരിത്ര്യം പോയി; അവമാനപാത്രമായി; ഹൃദയം വ്രണപ്പെട്ടു. പുരുഷൻ സർവ്വതന്ത്രസ്വതന്ത്രനല്ലേ. അനുഭവൈകവേദ്യമായ രസം കിട്ടുന്നതത്രയും അവനു ലാഭം. രക്ഷകർത്താക്കളുടെ ശാപം, ലോകരുടെ നിന്ദ, വെറുപ്പ്, അപവാദം, അപരാധം, ദുഷ്പേർ, ഇതിലെല്ലാം കഷ്ടതരമായി ചിലപ്പോൾ ശിശുരൂപത്തിൽ ദൈവശിക്ഷയും—ഇതെല്ലാം അവൾക്ക്."

തറയിൽ കിടന്ന 'രമണ'ൻെറ താളുകളെ തട്ടിയിളക്കിക്കൊണ്ടു സമീരണൻ കലാശാലാമന്ദിരത്തിലേയ്ക്കു കടന്നുപോയി. അല്പമൊന്നു മുറിഞ്ഞ ചിന്താശൃംഖലയെ സുഷമ കൂട്ടിക്കെട്ടി. "ചന്ദ്രികയെ നാം നിന്ദിക്കയും ശപിക്കയുമല്ല, ആദരിക്കയും അഭിനന്ദിക്കയുമാണു വേണ്ടതു്. യുഗയുഗാന്തരങ്ങളായി പുരുഷൻ സ്ത്രീയോടു ചെയ്യുന്ന കൊടുംവഞ്ചനകൾക്കു് ഇത്ര ചെറിയ തോതിലെങ്കിലും ഒരു സ്ത്രീ പകരം വീട്ടിയല്ലോ. വ്യക്തിപരമായി ചന്ദ്രിക ഒരു തെററുതന്നെ ചെയ്തു. പക്ഷേ പുരുഷൻെറ ദ്രോഹം എപ്പോഴും മനഃപൂർവമാണു്; ചന്ദ്രിക ചെയ്തതു ഗത്യന്തരമില്ലാഞ്ഞിട്ടാണു്. എങ്കിലും നിസ്സാരയായ ഒരു പെണ്ണിനു് ഒരു പുരുഷനെ നിത്യനിരാശയിലാഴ്ത്താൻ മാത്രമല്ല നശിപ്പിക്കാനും കൂടെ കഴിഞ്ഞതു സ്ത്രീകൾക്കു പൊതുവേയുള്ള ഒരു മഹാവിജയമാണു്."

സരസ്വതീപ്രതിമാലംകൃതമായ സംഗീതമന്ദിരത്തിൽനിന്നു പുറപ്പെട്ട ഒരു ഗാനം കാററിൽ കലന്നു വന്നു ഞങ്ങളെ തലോടി. സുഷമ പ്രശാന്തഭാവത്തിൽ പറഞ്ഞു: "അഥവാ ചന്ദ്രിക തെററുകാരിയെന്നു സമ്മതിച്ചാലും ആ തെററു് അത്ര വലുതല്ല. നോക്കൂ, ശാന്തം, 'വിശ്വഭാഗ്യസീമ വാനോളം തുളുമ്പിനിൽക്കുന്ന' മണിമേടയിലെ 'വിശ്വം മുഴുവൻ വെളുത്തുകാണുന്ന' ആ കുബേരകുമാരി വീരവാദങ്ങളും വാഗ്ദാനങ്ങളും അനുസരിച്ചു പ്രവർത്തിക്കാഞ്ഞതെന്തുകൊണ്ടു്? 'ഒന്നുകിൽ താതമാതാക്കളെ കൈവെടിഞ്ഞെന്നനുരാഗം പുലർത്തുവാൻ നോക്കണം; അല്ലെങ്കിലിന്നു മുതല്ക്കു് ഞാന

ക്കൊള്ളു പുല്ലാങ്കുഴലിനെപ്പോലെ മറക്കണം' എന്നിങ്ങനെ രണ്ടു ജീവിതങ്ങളിൽ ഒന്നു തിരഞ്ഞെടുക്കാൻ നിർബന്ധയായപ്പോഴാണ് ആ ജീവിതങ്ങൾ തമ്മിലുള്ള അന്തരം അവൾ കാണുന്നതു്. ആദ്യത്തേതിൽ പ്രേമം പാലിച്ചെന്ന കൃതാർത്ഥതയൊഴിച്ചു മററെല്ലാം ദുഃഖമയം. രണ്ടാമത്തേതിൽ പ്രണയഭാജനത്തെ കിട്ടാത്തു മാത്രമേ അവളെ ദുഃഖിപ്പിക്കാനുള്ളു. 'മൽസുഖം, മൽജയം, മാമകാസ്വാദനം, മൽസൌകുമാര്യം, മമമോജ്ജ്വലയൌവനം' എന്നിങ്ങനെ ചന്ദ്രികയ്ക്കു് അതിമധുരങ്ങളായിത്തോന്നുന്നതിൽ പ്രേമമൊഴിച്ചു സമസ്തവും ദാരിദ്ര്യദേവതാധിഷ്ഠിതമായ പ്രേമപീഠത്തിൽ അർപ്പിച്ചുകഴിഞ്ഞാലത്തെ അവളുടെ സ്ഥിതിയെന്തു്? അച്ഛനമ്മമാരുടെ ദുഃഖസ്ഥിതി അവളുടെ മനസ്സാക്ഷിയെ കീറി മുറിക്കും; ലോകരുടെ നിന്ദാപരിഹാസങ്ങൾ അവളുടെ ഹൃദയത്തെ കുത്തിപ്പിളർക്കും; ഇടയൻെറ പാഴ്ക്കുടിലിലെ ദാരിദ്ര്യമയജീവിതം അവളുടെ മൃദുലദേഹത്തിലെ കുലീനരക്തത്തെ വററിവരട്ടും; ഈ നാനാദുഃഖത്തിന്നും ഏകസാന്ത്വനമായ രമണൻെറ സ്നേഹം, അഗാധവും അചഞ്ചലവുമായാൽത്തന്നെയും, അവൾക്കെത്ര സുഖവും സംതൃപ്തിയും നൽകും? അതിരില്ലാതെ സ്നേഹിക്കാനുള്ള കഴിവു പുരുഷന്നു ദൈവം കൊടുത്തിട്ടില്ല. സാഹിത്യപ്രണയിനിയായ സഖിക്കറിഞ്ഞുകൂടേ, 'പുരുഷൻെറ ജീവിതത്തിലെ ഒരു ഭാഗം മാത്രമാണു പ്രേമമെന്നും, സ്ത്രീയുടെ സർവ്വസ്വവും ആ വസ്തുവാണെന്നും'?"

"അതേ" ഞാൻ പറഞ്ഞു: "അതു വാസ്തവവുമല്ലേ?"

"അങ്ങനെയാണെങ്കിൽ ശാന്തീ, രമണനു ചന്ദ്രികയെ ആനന്ദിപ്പിക്കാനല്ല, ആശ്വസിപ്പിക്കാൻപോലും കഴിയുമോ? ജന്മസിദ്ധമായ കനകസോപാനത്തെ കൈവെടിഞ്ഞു്, ഇടയക്കുടിലിലെ ഗൃഹിണിയാകാൻ പോകുമ്പോൾ ഇതെല്ലാം ആലോചിക്കേണ്ടതല്ലേ? ആ പരിതസ്ഥിതികളിൽ രമണൻെറ പ്രേമത്തിനും കുറവു പററിയാൽപ്പിന്നെ—"

"അങ്ങനെ വരികയില്ല." ഞാൻ ശക്തിപൂർവ്വം പറഞ്ഞു: 'പങ്കിലമാക്കുകില്ലാ രാഗരശ്മി ഞാൻ സങ്കല്പരംഗത്തിൽവച്ചുപോലും' എന്നു പറയുന്ന രമണൻെറ ഭോഗസമ്മിശ്രമല്ലാത്ത നിഷ്കാമപ്രേമത്തെ നശിപ്പിക്കാൻ ഏതു പരിതസ്ഥിതിക്കും സാധിക്കയില്ല."

"അതാ! നമ്മുടെ തർക്കവിഷയം മാറുന്നു." സുഷമ ഗൌരവത്തിലെങ്കിലും പുഞ്ചിരിയോടെ പറഞ്ഞു. "രമണൻെറ പ്രേമം നിഷ്കാമമായിരുന്നെങ്കിൽ—അതിനു ദൈഹികബന്ധം ഒന്നുമില്ലായിരുന്നെങ്കിൽ—അവളുടെ വിരഹം എന്തുകൊണ്ടയാൾക്കു് അസഹ്യമായി തോന്നി?—അവൾ അന്യൻേറതായപ്പോൾ, 'അനുപമഭോഗശൃംഗത്തിങ്കലേയ്ക്കതിമുദം ഹാ കുതിച്ചുണയുന്നു നീ—അതുപൊഴുതിതാ ഞാനോ വെറുങ്ങലിച്ചടിവു നൈരാശ്യ പാതാളവീഥിയിൽ' എന്നു ദീനദീനം നിലവിളിച്ചുകൊണ്ടു് എന്തിനയാൾ ആത്മഹത്യ ചെയ്തു? അവളുടെ അനുഭോഗയോഗ്യമായ സുമധുരഗാത്രത്തെയല്ല, നിത്യവിശുദ്ധമായ ആത്മാവിനെയാണയാൾ സ്നേഹിച്ചിരുന്നതെങ്കിൽ, തനിക്കു നല്കിക്കഴിഞ്ഞ ഹൃദയമല്ല,

ദേഹമാണ് അന്യാധീനമാവുന്നതെന്നോൎത്ത് അയാൾ സമാധാനിക്കാഞ്ഞതെന്ത്? വെറും കാമത്തിൽനിന്നുയൎന്നതായിരുന്ന ചന്ദ്രികയുടെ പ്രണയമെങ്കിൽ രമണന്റേതും ഒട്ടും വ്യത്യസ്തമായിരുന്നില്ല. എന്റെ ശാന്തീ, കവികൾ ചായംപിടിപ്പിച്ചു കാണിക്കുന്ന ദിവ്യപ്രേമം ഈ ലോകത്തെങ്ങും ഇല്ലേയില്ല. ഒരമ്മയ്ക്കു തന്റെ കുഞ്ഞിനോടു തോന്നുന്ന സ്നേഹംപോലും ശാരീരികപരിധിക്കിപ്പുറംനില്ക്കുന്നേയുള്ളു. അതുകൊണ്ടല്ലേ തന്റെ കുട്ടിയെ വിട്ടുപിരിയാൻ അവൾക്കു വേദനതോന്നുന്നതു്? പിന്നെയാണ്, ഈ താരുണ്യത്തിന്റെ തരളതയിൽ തോന്നുന്ന ആകൎഷണത്തിന്റെ ദിവ്യത്വം! ഐഹികമല്ലാത്ത സ്നേഹം ദേഹോടഹംബുദ്ധി നശിച്ചവൎക്കുപോലും തോന്നുന്നില്ല. ശകുന്തളയെ വിട്ടുപിരിയുന്ന കണ്വൻ നമ്മെക്കൂടെ കരയിക്കുന്നു! എന്താ, ശാന്തം, ഞാൻ പറയുന്നതു തെററാണോ?"

"അല്ലായിരിക്കാം, എനിക്കറിഞ്ഞുകൂടാ."

"എന്തായാലും രമണന്റെ പ്രേമാഗ്നി ആശാസാഫല്യത്താലും കാലക്രമത്തിലും തണുക്കുമെന്നു തന്നെ വെയ്ക്കുക. അങ്ങനെ അതങ്ങു നിശ്ശേഷം നശിച്ചാൽപ്പിന്നെ ചന്ദ്രികയുടെ സ്ഥിതിയെന്തു്? പ്രേമത്തിന്റെ എടുത്തുചാട്ടം ചിന്താനിയന്ത്രിതമാകേണ്ടതല്ലേ? അന്ന് അവൾ ഒററത്തടിയായിരിക്കയില്ല. രണ്ടുമൂന്നു ശിശുക്കളുടെ സംരക്ഷണഭാരവും തോളിലേന്തി, നിസ്സഹായയും നിൎദ്ധനയുമായ ആ പ്രഭുകുമാരി എന്തുചെയ്യും, ശാന്തീ? സമ്പൂതപ്രേമസിദ്ധി അവളെക്കൊണ്ടു പച്ചിലക്കുമ്പിൾ കോട്ടിക്കും; പക്ഷേ അതിൽ ഒരുനുള്ളരിപോലും വീഴ

കഴയില്ല. അച്ഛനമ്മമാരെ ധിക്കരിച്ചു കീഴ്ജാതിക്കാരൻെറകൂടെ ചാടിപ്പോയ പെണ്ണിനെക്കണ്ടാൽ ആളുകൾ ഒഴിഞ്ഞുമാറും; അങ്ങാടിപ്പിള്ളർ കല്ലുപെറുക്കി എറിയും. എൻെറ ശാന്തീ, ഏട്ടിലെപ്പശു ഒരിക്കലും പുല്ലു തിന്നുകയില്ല. അവളെ പ്രേമത്തിനുവേണ്ടി സുഖബലികഴിച്ച ദേവിയായിട്ടല്ല, കാമപൂർത്തിക്കു കർത്തവ്യം മറന്ന കുലടയായിട്ടേ ലോകം കാണുകയുള്ളു."

വികാരവിക്ഷോഭം ശ്വാസഗതി തടയുകയാൽ സുഷമ നിശ്ശബ്ദമിരുന്നു. അവളുടെ ആ വാദഗതി തെറ്റെന്നു പറയാൻ എൻെറ ലോകപരിചയം എന്നെ അനുവദിച്ചില്ല. വീണ്ടും സുഷമതന്നെ പറഞ്ഞുതുടങ്ങി: "ദൈഹികപ്രലോഭനങ്ങൾക്കപ്പുറമുള്ള സ്നേഹത്തിനു പരസ്പരസംഗം എന്തിന്? ശിശുക്കൾക്കുവേണ്ടിയോ! ആ കുഞ്ഞുങ്ങളെ കാണുമ്പോൾ അവളറിയും, താൻ ചെയ്ത പാപത്തിൻെറ ഭയങ്കരത. അച്ഛനമ്മമാരുടെ ആശാകേന്ദ്രമായ ചന്ദ്രിക രമണനെ വരിച്ചാൽ 'അതെന്തൊരന്തരംഗാഘാതമായിരിക്കും'എന്നു രമണൻതന്നെ പറയുന്നില്ലേ?"

സുഷമ ഉത്തരം പ്രതീക്ഷിച്ചു നിശ്ശബ്ദതയവലംബിച്ചു. അവളിൽ ദത്തദൃഷ്ടിയായിരുന്നതേയുള്ളു ഞാൻ. അവൾ തുടർന്നു: "പിന്നെ ചന്ദ്രികയുടെ അന്ത്യരക്ഷയായിരുന്നു ആത്മഹത്യ. എല്ലാ സ്ത്രീകളേയും പോലെ ആദ്യം പ്രേമവും പിന്നീടു മരണവും അവളേയും അഭിമുഖീകരിച്ചു. എന്നാൽ 'ഇന്നവർ തന്മുന്നിലെന്മാർത്തടത്തിലെച്ചെന്നിണംകൊണ്ടു കുരുതിക്കൂട്ടില്ല ഞാൻ' എന്നു പറഞ്ഞു് അവൾ അതിൽനിന്നു

ബുദ്ധിപൂർവ്വം പിന്മാറി. ഒടുവിൽ മററു വഴിയൊന്നും കാണാതെ തീയെരിയുന്ന അകക്കാമ്പോടെ, 'അച്ഛനമ്മയും കാട്ടമാട്ടാമ്പത്യമുൾച്ചെടിക്കാട്ടിൽ' അലഞ്ഞു തളരാമെന്നും അവർ നിശ്ചയിച്ചു."

"സുഷിക്ക് ഇതൊക്കെ എവിടന്നു കിട്ടി? മുന്തിരിച്ചാറുപോലെ ആനന്ദലഹരിയുണ്ടാക്കുന്ന ജീവിതത്തിൽ അത്യാശ തോന്നിയിട്ടല്ലേ അവർ ജീവിക്കാനുറച്ചതു്?"

"ആണെന്നുവെയ്ക്കൂ." സുഷമ മനോഹരമായി മന്ദഹസിച്ചു. "എന്നാലും കൂടുതൽ സ്വീകാര്യം ആ നിശ്ചയമായിരുന്നില്ലേ? രമണനെ ഉപേക്ഷിച്ചതുകൊണ്ടു് അയാൾ വളരെ വേദനിച്ചു; ആ ഒരു ജീവൻ നശിക്കയും ചെയ്തു. ചന്ദ്രിക പ്രേമം പുലർത്തിയെങ്കിൽ എത്ര ജീവൻ നശിക്കുമായിരുന്നു? മകളുടെ നികൃഷ്ടമായ നന്ദികേടു കണ്ടുകൊണ്ടു് അവളുടെ അച്ഛനമ്മമാർ അധികകാലം ജീവിച്ചിരിക്കയില്ല. സൗഭാഗ്യസമൃദ്ധിയിൽവളൻ ചന്ദ്രികയുടെ ലളിതഗാത്രത്തെ രമണൻെറ പ്രേമവും വേണുഗാനവും എത്രനാൾ ജീവനോടെ നിലനിർത്തും? കുചേലൻെറ ചിത്തശുദ്ധി നിറഞ്ഞ ദരിദ്രതയല്ല, അവിശുദ്ധമായാലും വേണ്ടില്ല കുബേരൻെറ ധനമാണു് ചന്ദ്രികയ്ക്കു ജീവധാരണത്തിനാവശ്യം. 'സങ്കല്പലോകമല്ലീയുലകം' എന്നെപ്പോഴും പാടുന്ന രമണനിതൊക്കെ അറിഞ്ഞുകൂടേ? അങ്ങനെ ചന്ദ്രികയും, തുടൻ രമണനും, അവർക്കു മുമ്പോ പിമ്പോ ആയി ദാരിദ്ര്യമൂർത്തികളായ പ്രഭുകുമാരീ സന്താനങ്ങളും കഷ്ടതയിൽ കുളിച്ചു ലോകത്തുനിന്നു മറ

യുന്നതായിരിക്കും ചന്ദ്രികയുടെ രാഗാർത്ഥമായ മഹാത്യാഗത്തിന്റെ പരമഫലം."

"ഒരു രക്ഷാമാർഗ്ഗമുണ്ടായിരുന്നു, സുഷീ." ഞാൻ പറഞ്ഞു. "അവൾ ആ ഇടയനെ പാഴ്ക്കുടിലിങ്കൽനിന്നു മട്ടുമലർമേടയിലേയ്ക്കുയർത്താത്തതെന്തു്?"

"അയാൾ അവളുടെ അടിമയാകാനോ! അതിലും നല്ലതു്......"

"അടിമയോ! കൊള്ളാം! എല്ലാം അങ്ങോട്ടു സമർപ്പിച്ചു നാഥനായി സ്വീകരിക്കുമ്പോൾ അവളല്ലേ അടിമയാകുന്നതു്? ദിവ്യമായ പ്രേമം—"

"ദിവ്യമായ പ്രേമമല്ല, ഭവ്യമായ കാമമായിരുന്നു അതു്. മധുരമായ ഒരാകർഷണം. രമണന്റെ രാഗബദ്ധഹൃദയം ചന്ദ്രികയുടെ ഹൃദയശുദ്ധിയും ദേഹകാന്തിയും മാത്രമല്ല, രത്നാഭരണസമൃദ്ധിയുംകൂടെ കണ്ടില്ലേ? രമണന്റെ സ്ഥിതിവ്യത്യാസം നോക്കലും പ്രേമഭാജനദർശനോല്ക്കണ്ഠയും വിരഹഭീതിയും എല്ലാം കാണിക്കുന്നു, ആ സ്നേഹം ഐഹികപരിധിക്കുള്ളതന്നെ അടങ്ങിനിന്നു എന്നു്. അല്ലെങ്കിലും ഞാനാദ്യമേ പറഞ്ഞില്ലേ, സത്തയില്ലാത്ത—സങ്കല്പമാത്രമായ—ഒരു പശ്ചാത്തലത്തിൽ പ്രേമത്തിന്റെ സജീവചിത്രം വരയ്ക്കാൻ സാധാരണക്കാർക്കു സാധിക്കയില്ലെന്നു്?"

"അങ്ങനെയാണെങ്കിൽ അവളുടെ അച്ഛനമ്മമാരാണു് കുററക്കാർ."

"അതേ. അച്ഛനമ്മമാരെപ്പോലെ കുററക്കാരും സ്വാർത്ഥമൂർത്തികളും ഈ ലോകത്തിൽ വേറെയില്ല.

മക്കളുടെ അസൂയാർഹമായ പദവി തങ്ങളുടെ ജീവിത ലക്ഷ്യമെന്നു കരുതുന്നതുതന്നെ വലിയ അപരാധം. എന്തു ചെയ്യാം! അങ്ങനെയൊരനാശാസ്യസൃഷ്ടികളായിപ്പോയല്ലോ അവർ!"

സുഷമയുടെ ഹാസ്യസ്വരം എന്നെ ശുണ്ഠി പിടിപ്പിച്ചു. "ഞാൻ മറയിതന്നെ. പക്ഷേ അവനോടെൻെറ അനർഹത അറിഞ്ഞു് അകന്നുകൊണ്ടിരുന്ന ആ സാധുവെ വശീകരിച്ചു വഞ്ചിച്ച ചന്ദ്രിക എങ്ങനെ നല്ലവളായി! അയാളെത്ര സദ്വൃത്തൻ!"

"നോക്കൂ, ശാന്തീ. ഒരു കുമാരി പ്രേമാർത്ഥിനിയായി ഒരു പുരുഷനെ സമീപിക്കയോ? അഭിമാനമാണു് സ്ത്രീകൾക്കു വലുതു്. സ്നേഹപ്രാർത്ഥനയ്ക്കും കാമാപേക്ഷയ്ക്കും മടിക്കാത്ത സ്ത്രീയും പ്രണയയാചനയ്ക്കിറങ്ങുകയില്ല. രമണൻെറ പ്രേമത്തിൻെറ ഒരു വിദൂരസൂചന ചന്ദ്രികയ്ക്കു് എങ്ങനെയോ കിട്ടി. പാവപ്പെട്ട കുട്ടി! ആ പഞ്ജരസ്ഥശുകത്തിന്നു് ഒരു വ്യാമോഹം തോന്നി. അയാളുടെ പ്രേമപ്പൊലിമയും ആരാധനയും ആ വികാസോന്മുഖമായ ഹൃദയത്തെ മദിപ്പിച്ചു; 'മാച്ചാലും മായാത്ത മട്ടിലുള്ള' ഒരു വികാരം ആ ചിത്തത്തിൽ പൊടിച്ചു. ഇളംമനസ്സല്ലേ! തന്നെ വാഴ്ത്തുന്നതിൽ വ്യാപൃതനായ ആ കൊച്ചാട്ടിടയനുവേണ്ടി പ്രാണൻകൂടെ കളയാനും തയ്യാറാണെന്നവൾക്കു തോന്നി. 'കുററം പറയുവാനിത്രമാത്രം മററുള്ളവർക്കിതിലെന്തു കാര്യം' എന്നും, 'കൊച്ചുമകളുടെ രാഗവായ്പിലച്ഛനമമ്മയ്ക്കുമെന്തുതോന്നാൻ?' എന്നും കൊഞ്ചിപ്പറയുന്നാ കൊച്ചുപ്രഭുകുമാരിയ്ക്കു ലോകത്തെപ്പററി എന്ത

റിയാം? ലോകോപദേശത്തിനൊരുങ്ങുന്ന രമണനെ 'കേൾക്കേണ്ടെനിക്കീ പ്രസംഗമൊന്നും' എന്നു പറഞ്ഞു വിഷമിപ്പിക്കുന്ന ചന്ദ്രിക ലോകപരിചയത്തിൽ വെറും 'കൊച്ചുകുഞ്ഞല്ലേ'? ഒടുവിൽ രമണൻെറ രാഗവും അവളുടെ വിവാഹനിശ്ചയവും തമ്മിലുണ്ടായ സമ്മർദ്ദത്തിൻെറ ശക്തിയാലാണു് അവൾ കണ്ണു തുറക്കുന്നതു്. ആ നീക്കുപോക്കില്ലാത്ത നില നിസ്സഹായയായ അവളെ തുറിച്ചുനോക്കി. ഒന്നുകിൽ ആത്മഹത്യ, അല്ലെങ്കിൽ പ്രേമവഞ്ചന—രണ്ടും തുല്യശക്തമായ മഹാപാപങ്ങൾ. പെട്ടെന്നുണ്ടായ പരിഭ്രമത്തിൽ ആത്മഹത്യ അഭിലഷണീയമെന്നവൾക്കു തോന്നിയെങ്കിലും, അവൾ കൎത്തവ്യം ശരിക്കു കാണുക തന്നെ ചെയ്തു. ലാളനാഭോഗങ്ങളോടെ വളർന്നുവന്ന അവൾ നവന്നവവും അനവസാനവുമായ കഷ്ടതകളിൽ കടക്കാൻ അശക്തയുമായിരുന്നു. വേദനകൊണ്ടു പിടയുന്നഹൃദയത്തോടെ അവൾ കാമുകനോടു മനസാ മംഗളംപറഞ്ഞു പിരിഞ്ഞു. പ്രേമകൎത്തവ്യങ്ങളുടെ ആ പോരാട്ടത്തിൽ കൎത്തവ്യംതന്നെ ജയിച്ചു. സ്നേഹത്തിന്നുവേണ്ടി കൎത്തവ്യത്തെയല്ല, കൎത്തവ്യത്തിന്നുവേണ്ടി സ്നേഹത്തെ ബലികഴിക്കുന്നതല്ലേ ഏററവും ശ്രേഷ്ഠമായ ത്യാഗം."

"അതേതെ! എന്തൊരു മഹാമനസ്കത! ആ കവർലിപ്രഭു (Sir Roger de Coverley) പറയുംപോലെ രണ്ടുവശം പിടിച്ചും ധാരാളം പറയാം എനിക്കുള്ളതമതല്ല, ഈ കോലാഹലമൊക്കെ കഴിഞ്ഞിട്ടു അവളെങ്ങനെ ഭർത്താവിൻെറ മുഖത്തു നോക്കും?"

"പേടിക്കുന്നതെന്തിന്? എൻെറ ശാന്തീ, ആദശ്ശം പ്രസംഗിക്കുന്ന പുരുഷലോകത്തെമാത്രമേ കണ്ടിട്ടുള്ളൂ, അല്ലേ? പാവം. പുറവും നടക്കുന്നതൊന്നു കണ്ടു മനസ്സിലാക്കൂ. അവിവാഹിതത്വത്തിനു ബ്രഹ്മചയ്യമെന്ന അത്ഥം അവരുടെ നിഘണ്ടുവിലെങ്ങുമില്ല. മാന്മഥികവികാരത്തിൻെറ തള്ളിച്ചയിൽ തെററു ചെയ്യുന്നവർ, മാനസികവികാസത്തിൻെറ പ്രാരംഭദശയിൽ ചാപല്യംകാണിക്കുന്നവരെ നിന്ദിക്കാൻ, ഒട്ടെങ്കിലും ന്യായബോധമുണ്ടെങ്കിൽ, തുനിയരുതു്."

ഗ്രന്ഥങ്ങളെമാത്രം ആശ്രയിച്ചുനിന്ന അതിപരിമിതമായ എൻെറ ജ്ഞാനവും വെച്ചുകൊണ്ടു മിണ്ടാതിരിക്കുകയാണുത്തമമെന്ന് എൻെറ അല്പവിവേകം എന്നെ ഉപദേശിച്ചു. സുഷി വീണ്ടും തുടന്നു: "അല്ലെങ്കിൽത്തന്നെ, 'നീയെൻെറ ജീവനല്ലേ' എന്നും മററും പ്രസംഗിക്കുന്ന രമണൻെറ ആ ആത്മാത്ഥസ്നേഹിതൻ ചെയ്തതെന്ത്? ചന്ദ്രികയെപ്പോലെ മദനനും രമണനെ പ്രേമവിഷയത്തിൽ നിരന്തരം പ്രോത്സാഹിപ്പിച്ചുകൊണ്ടേയിരുന്നു. അതു രമണനെ, ആശങ്കയ്ക്കും മുൻകരുതലിനും ഇടകൊടുക്കാതെ ഒരു താല്ക്കാലികനിർവൃതിയിലേയ്ക്കുടുത്തുയത്തി. എങ്കിലും അതുകാരണം, ചന്ദ്രികാപരിണയവാത്തയുടെ അപ്രതീക്ഷിതത്വം രമണനെ ഭ്രാന്തുപിടിപ്പിച്ച് ആത്മഹത്യചെയ്യിച്ചു. ശാന്തീ, കക്കശമായ സത്യം പറഞ്ഞാൽ രമണൻെറ 'ജീവിതാകാശത്തിലെ രണ്ടോമനത്താരങ്ങളും' കൂടിയാണയാളെ കൊന്നതു്. ബുദ്ധിപൂവ്വകമായി ചന്ദ്രികാലാഭേച്ഛയെ പിൻവലിക്കാൻ

ശ്രമിച്ച രമണന്റെ ആശാഗ്നിയെ, 'നിരഘമായുള്ളൊ
രീ പ്രേമദാനം നിരസിച്ചിട്ടുന്നതൊരുഗ്രപാപം' എ
ന്നു പറഞ്ഞു മദനൻ ആളിക്കത്തിച്ചതു് എന്തൊപൽക്ക
രമായ ഭോഷത്തമാണു്! അയാളുടെ സ്നേഹം ദ്രോഹ
ത്തിന്റെ ഫലമല്ലേ ചെയ്തതു്? രമണന്റെ രഹസ്യം
പറഞ്ഞാൽ അതിനുവേണ്ടി, 'പണയപ്പെട്ടുത്താമെൻ
ജീവനും ഞാൻ' എന്നു് ഉൽഘോഷിക്കാനും, 'നിസ്സാ
രയാമൊരു പെണ്ണുമൂലം' ജീവിതം ഈവിധം പാഴാക്കു
ന്നതാണോ ജീവിതധർമ്മം എന്നുപദേശിക്കാനും ഊ
ക്കുകാണിക്കുന്ന മദനൻ ഒടുവിൽ ചെയ്തതെന്തു്? സ്വ
ന്തം സഹവാസസാന്ത്വനങ്ങളാൽ കർമ്മധീരനല്ലാത്ത
സുഹൃത്തിനെ സാഹസങ്ങളിൽനിന്നു തടയാതെ, 'എ
ന്തിനിശ്ശോകനാടകത്തിങ്കലെന്നെയും സാക്ഷിയാക്കി
നീ' എന്നു വിധിയുടെ നേരേ ഒരു കേററം കേറി, 'എ
ന്തുചെയ്യും ഞാനെന്തു ചെയ്യും?' എന്നു വിറച്ചുകിട്ടങ്ങി
ഒടുവിൽ പ്രാണസ്നേഹിതന്റെ അത്യാപത്തിൽ 'കാ
ണാനരുതു മേ' എന്നു പറഞ്ഞു കണ്ണടച്ചുകളഞ്ഞു! രമ
ണന്റെ ആത്മാർത്ഥസ്നേഹത്തിനു നല്കിയ എത്ര നി
കൃഷ്ടവും അപഹാസ്യവുമായ പ്രതിഫലമാണതു്! ആ
പത്തിൽ സ്നേഹപാരവശ്യത്തോടെ പിന്മാറുന്നവനല്ല,
ധൈര്യത്തോടെ സഹായിക്കുന്നവനാണു് യഥാർത്ഥ
സ്നേഹിതൻ."

സുഷമ നിശ്ശബ്ദതപൂണ്ടു. എനിക്കനുകൂലമായവാ
ദമുഖങ്ങൾ കിട്ടാത്തതിനാൽ ഞാൻ മിണ്ടാതിരുന്നു.
മിതഭാഷിത്വത്തിനു പേരെടുത്ത സുഷമയുടെവാചാല
തയിൽഎനിക്കത്ഭുതം തോന്നി. അവൾതന്നെവീണ്ടും

മൌനഭഞ്ജനം ചെയ്തു: "സ്വന്തം ഹൃദയദൌർബ്ബല്യം രമണൻെറ കഴുത്തിൽ കുരുക്കിട്ടതിനു ചന്ദ്രിക കുററക്കാരിയായതെങ്ങനെ? ചപലവ്യാമോഹങ്ങളുടെ പിടിയിൽ പെടാതെ, 'ആ മായാമണ്ഡലം' വിട്ടകലാൻ, കഴിവോളം ശ്രമിച്ചിട്ടു വീണ്ടും വീണ്ടും ഫലിക്കാതെ വന്നപ്പോൾ 'അവസാനമൊരു നിണമണിയലിലവസാനിക്കുമീയഭിനയം' എന്നല്ലേ രമണൻ നിശ്ചയിച്ചതു്? നല്ലവണ്ണം ചിന്തിച്ചുനോക്കി നല്ലതല്ലെന്നു കണ്ടാൽ ആ രാഗത്തെ 'മറവിക്കാട്ടാറി'ലെറിഞ്ഞുകളയാൻ ചന്ദ്രികയെ ഉപദേശിച്ച രമണൻെറ ആദർശശുദ്ധിക്കു്, ആ നിർദ്ദേശമനുസരിച്ചാണു് ചന്ദ്രിക പിതൃനിർദ്ദിഷ്ടവരനെ സ്വീകരിച്ചതെന്നു സമാധാനിക്കാമായിരുന്നല്ലോ. അനനുവദനീയമായ അനുചിതവ്യാമോഹത്തെ വെച്ചുവളത്താൻ ലോകപരിചയമുള്ള രമണൻ തുനിഞ്ഞതെന്തു കഷ്ടം?"

"എൻെറ സുഷീ, മനുഷ്യൻ അപൂർണ്ണനല്ലേ? കുററവും കുറവും അവതാരപുരുഷന്മാർക്കുമുണ്ടു്. രമണനു് ആദർശശുദ്ധിയില്ലെന്നു പറയുന്നതു് ശുദ്ധതെററാണു്." എൻെറ വാക്കുകൾക്കു വലിയ ശക്തിയില്ലെന്നു തോന്നിയെങ്കിലും ഞാൻ വാദിച്ചു: "ക്ഷിതിയിതിങ്കൽ മററേവനെപ്പോലെയും മുതിരുവോനായിരുന്നു രമണനെങ്കിൽ ചഞ്ചലചിത്തയായ ചന്ദ്രികയ്ക്കു അനിവാര്യമായ അവമാനത്തിന്നിടയാകുമായിരുന്നില്ലേ? അവൾ കാമോന്മാദിനിയായി."

"ശരി", പ്രേമലഹരി പിടിച്ചു് എന്നു പറയൂ, ശാന്തീ, ഒരു പെൺകുട്ടിയിൽ, — മുതിന്ന

സ്ത്രീയിലല്ല-ഒരിക്കലും തനിയേ ഉണ്ടാകുന്ന ഒന്നല്ല ശാരീരികതൃഷ്ണ. നിരന്തരമായ പുരുഷപ്രേരണയാൽ മാത്രം സംജാതമായി കാലക്രമേണ അവരിൽ സുശക്തമായിത്തീരുന്നതാണതെന്നു നല്ലപോലെ ചിന്തിച്ചാലറിയാം. ഏതിലും രമണന്റെ ആദർശനിഷ്ഠയും ചിത്തസംയമനവും അത്ഭുതമല്ലെന്നു ഞാൻ പറയുന്നില്ല. പിന്നെ, വായനക്കാർ ചന്ദ്രികയിൽ സർവ്വാപരാധവും കാണണമെന്ന നിഷ്ഠയോടെ ചിത്രീകൃതമായിരിക്കുന്ന ചന്ദ്രികയുടെ കുററങ്ങളെ, ആ ചിത്രീകരണത്തിൽ നിന്നുതന്നെ ലഘൂകരിക്കപ്പെട്ടത്താനാണു് എന്റെ ശ്രമം. സമുദായനിയമത്തിന്റെ ശക്തികൊണ്ടല്ലെങ്കിൽ അവസാനംവരെ ചന്ദ്രിക പരിശുദ്ധസ്നേഹത്തിൽ സ്വർഗ്ഗംഗയായിത്തന്നെ കഴിയുമായിരുന്നു. അതുമല്ല, രമണൻ സ്വാഭീഷ്ടം നടത്തിയാൽത്തന്നെയും ചന്ദ്രികയ്ക്കെന്തവമാനം വരാൻ?"

ഞാൻ അത്ഭുതപൂർവ്വം ചോദിച്ചു: "എന്തുകൊണ്ട്!"

"കൊള്ളാം!" സുഷമ സസ്മിതം പറഞ്ഞു: "പാവനമാം ഗാന്ധർവ്വ വിവാഹം നടത്തിയ അവർക്കു അവമാനഭീതിയെന്തിനു്? അല്ലെങ്കിലും, അവളുടെ അച്ഛന്റെ ധനത്തിനും അധികാരത്തിനും മൂടാൻ കഴിയാത്ത ഏതു രഹസ്യമുണ്ടു് ലോകത്തിൽ? ധനദേവതയെയാണു ഇന്നത്തെ ലോകം പൂജിക്കുന്നതു്. കമിതാവെ കൊല്ലാനും ഗർഭിണിയെ കന്യകയാക്കാനും, വേശ്യയെ സതിയാക്കാനും, അപരാധിയെ നിരപരാധിയാക്കാനും, എന്നല്ല ലോകരുടെ കണ്ണിൽ എല്ലാ വിധത്തിലും മണ്ണിടാനും പണത്തിനു കഴിയും."

സുഷമയുടെ സ്വരത്തിൽ സന്താപച്ഛായ കണ്ടു് ഞാൻ അവളുടെ മുഖത്തു നോക്കി. അരുണാഭ പൂണ്ട കവിളിൽ പിടിച്ചു് അവളുടെ മുഖം എൻെറ നേരേ തിരിച്ചിട്ടു്, ഞാൻ ചോദിച്ചു: "അല്ല, സുഷി കരയുന്നോ! എല്ലാവരും രമണൻ വായിച്ചു്, രമണനെ ഓർത്തു കരയുമ്പോൾ സുഷി ചന്ദ്രികയെ ഓർത്തു കരയുന്നതുചിതംതന്നെ. ഭിന്നരുചിയല്ലേ ലോകം?"

അവൾ വിങ്ങിവിങ്ങിപ്പറഞ്ഞു: "ഈശ്വരാ! എത്ര ദുർബ്ബലമായ ഒരു സൃഷ്ടിയാണു് സ്ത്രീ!"

കലാശാലാമുഖപ്പിൽനിന്നു പുറപ്പെട്ട മണിനാദം, ആ വെള്ളിയാഴ്ചയിലെ മദ്ധ്യാഹ്നവിശ്രമസമയമായ രണ്ടു മണിക്കൂറിൻെറ അന്ത്യനിമിഷത്തേയും വഹിച്ചുകൊണ്ടു് അനന്തതയിൽ ലയിച്ചു. ആ കത്തവ്യാഹ്വാനം പറങ്കിമാവിൻെറ കൊമ്പുകളിലും, വൃക്ഷച്ചുവട്ടകളിലും, ചെടികളുടെ മറവിലും, ചുമരിൻെറ തണലിലും നിന്നു് വിദ്യാർത്ഥിനികളെ വെളിച്ചത്തു കൊണ്ടുവന്നു. എന്നേയും പിടിച്ചുകൊണ്ടെഴുന്നേററിട്ടു സുഷി പറഞ്ഞു: "നമുക്കിന്നുച്ചയ്ക്കുമേൽ ക്ലാസ്സിൽ പോകണ്ടാ. ആരും കാണാതെ എവിടെയെങ്കിലുമിരുന്നു് സംസാരിക്കാം."

"എനിക്കു പൂർണ്ണസമ്മതം തന്നെ. ഒടുവിൽ നാലു ചക്രം ഞാൻ ഫയിൻ കൊടുക്കണമെന്നു മാത്രം."

"ഞാനും."

"ഓ! വലിയ ഉദ്യോഗസ്ഥൻെറ മകളല്ലേ? ആവത്തിക്കരുതെന്നു് ചിരിച്ചുകൊണ്ടു പറഞ്ഞിട്ടു് ലേഡി പ്രിൻസിപ്പാൾ സുഷിയെ വെറുതെ വിടും."

* * * *

പുസ്തകക്കെട്ടുകളുമായി കലാശാലാമന്ദിരത്തിനകത്തേയ്ക്കു വിവിധവർണ്ണപ്രഭയോടെ പൊയ്ക്കൊണ്ടിരുന്ന കുട്ടികളുടെ കോലാഹലത്തിനിടയിൽ ഞങ്ങളുടെ ഒരു വയസ്സചെന്ന മൈത്രിയെപ്പററി ഞങ്ങഠം സംസാരിച്ചു. എറണാകുളത്തുനിന്നു ജൂനിയർ ബി. എ.യ്ക്കു വന്നുചേൎന്ന സുഷമയുടെ അന്തസ്സും അധൃഷ്യതയും കണ്ടു കുട്ടികഠം സുഷമാറാണി എന്ന പേരിനെ റാണി എന്നു പരിഹാസപരമായി ലോപിപ്പിച്ചിട്ടും, അവഠം ഉദ്യോഗസ്ഥകുമാരികളുടെ കൂട്ടുകെട്ടിനു പോകാതെ രണ്ടു ക്ലാസ്സിനു താഴെ പഠിച്ചിരുന്ന എന്റെ സഖിത്വത്തിനു ശ്രമിച്ചതിനെപ്പററി ഞാൻ സൂചിപ്പിച്ചപ്പോഠം അവഠം പറഞ്ഞു: "ശാന്തിയെപ്പോലെ ഇത്ര വളരെ കൂട്ടുകാരുള്ള ഒരു കുട്ടിയെ ഞാൻ കണ്ടിട്ടേയില്ല. വളരെപ്പേരെ ഇങ്ങനെ ആത്മാർത്ഥമായി സ്നേഹിക്കാൻ ആൎക്ക സാധിക്കും? എന്തുവേഗം ഞാൻ ഈ കൂട്ടുകാരികളിൽ ഒന്നാംസ്ഥാനം നേടി! ആയിടയ്ക്കു് ഞാനൊരു ദ്രോഹം ചെയ്തതോൎമ്മയുണ്ടോ?"

"അതു ഞാൻ മറക്കുമോ? അന്നു ലൈബ്രറിയിൽ കൂടിക്കിടന്നു 'മണിമുഴക്കം' വായിച്ച കുട്ടികളുടെ കൂട്ടത്തിൽ ചേരാൻ തുടങ്ങിയ എന്നെ 'ഒരു പെണ്ണിനെ ക്കിട്ടാതെ ഒരു മരമണ്ടൻ തൂങ്ങിച്ചത്തതാണു് ആ പിള്ളേരെ ഇത്ര രസിപ്പിക്കുന്നതു്. ആ മഠയന്റെ കാൎയ്യം നമുക്കു കേഠംക്കണ്ട. ലോകത്തു സ്ത്രീയുടെ വംശം തീൎന്നുപോയോ!' എന്നെല്ലാം പറഞ്ഞു സുഷി പിടിച്ചു വലിച്ചുകൊണ്ടുപൊയ്ക്കളഞ്ഞു. ഇന്നും അതോൎക്കുമ്പോഠം എനിക്കെങ്ങനെ ദേഷ്യംവരും!"

"അതിന്നു പ്രായശ്ചിത്തമായി ഞാൻ ഒരു കഥ പറഞ്ഞുതരട്ടെ?" ഞങ്ങൾ ഒരു വലിയ വൃക്ഷത്തിന്റെ മറവിൽ ഇരുന്നശേഷം സുഷമ പറഞ്ഞു: "എന്റെ കഥയുടെ പേരു് 'രമണി' എന്നാണു്. കഥയിലെ പൂർവ്വഭാഗം സുപ്രസിദ്ധമാണു്. ശേഷംഭാഗം ശാന്തിയല്ല ഞാൻ തന്നെ പറഞ്ഞാലും ഈ സുഷമാറാണിയാണു് കഥാകൃത്തെന്നു് ആരും വിശ്വസിക്കയില്ല."

കുറേനേരം നിശ്ശബ്ദമിരുന്നിട്ടു സുഷി കഥ പറയാൻതുടങ്ങി: "അന്നു ഞാൻ സ്കൂൾഫൈനൽക്ലാസ്സിൽ പഠിക്കുന്ന കാലം."

"ഞാൻ എന്നുവെച്ചാൽ കഥയിൽ?"

"ആരംഭത്തിലേ വിഘ്നം അശുഭകരമാണു്. കഥയുടെ ശക്തി നല്കാനായി ഞാൻ കഥാനായികാസ്ഥാനത്തുനിന്നു കഥപറയുന്നെന്നുവിചാരിച്ചുകൂടേ? ഇനിയും എന്നെ ഇടയ്ക്കു തടയരുതു്."

"ഇല്ല. കഥ തുടർന്നോളൂ."

സുഷമ വീണ്ടും പറഞ്ഞുതുടങ്ങി: "അച്ഛനും ചേട്ടന്മാരും അന്നു തിരുവനന്തപുരത്തായിരുന്നു താമസം. ഹൈക്കോർട്ടു് ജഡ്ജിയായിരുന്നു അച്ഛൻ; ചേട്ടന്മാർ കോളേജിൽ പഠിക്കുകയുമായിരുന്നു. അച്ഛൻ മാസത്തിലൊരിക്കൽ വീട്ടിൽ വരും, ചേട്ടന്മാർക്കു് അവധിക്കാലങ്ങളിൽ വരാനേ അനുവാദമുള്ളൂ. എന്നെ വലിയ വാത്സല്യമായിരുന്നതുകൊണ്ടു് അച്ഛനറിയാതെ ചിലപ്പോൾ വരുമായിരുന്ന വലിയ ചേട്ടനും അക്കൊല്ലം ബി. എൽ. ക്ലാസ്സായിരുന്നതുകൊണ്ടു് ഓടിനടക്കാൻ സമയമില്ലായിരുന്നു.

"ദൈവമേ! എന്നെപ്പോലെ വാത്സല്യത്തിൽ വളൎന്നവർ എത്രപേർ കാണും? എന്റെ ഇഷ്ടം ആരുമാരും എതിൎത്തിട്ടില്ല. എന്റെ കണ്ണീർ സാധിക്കാത്തതായി എന്തുണ്ട് ലോകത്തിൽ? അനേകംപേരുടെ അതിരില്ലാത്ത ലാളനയും അത്യപൂൎവ്വമായ അഴകും അവധിയില്ലാത്ത ധനവും ദൈവം എനിക്കു തന്ന ശാപങ്ങളാണെന്നു പിന്നീടാണു് ഞാനറിഞ്ഞതു്. അന്നു ഞാൻ അതിലെല്ലാം അഹങ്കരിച്ചു. ലോകചക്രവൎത്തിനിയാണു് ഞാനെന്നു് അന്നെനിക്കു തോന്നി. എന്റെ അശിക്ഷിതമായ അഹംഭാവത്തിനു് ആരേയും സമനിലയിൽ കാണാൻ കഴിഞ്ഞില്ല. ദാരിദ്ര്യം കണ്ടിട്ടില്ല; സ്നേഹശൂന്യത അനുഭവിച്ചിട്ടില്ല; ദുഃഖം അറിഞ്ഞിട്ടില്ല. എന്റെ ഇഷ്ടം കാത്തുനില്ക്കുന്ന സൗഭാഗ്യസമ്പൂൎണ്ണമായ ഒരു പ്രപഞ്ചത്തിന്റെ പ്രകാശമാനമായ ആ വശത്തിന്റെ തിളക്കം എന്റെ നിരീക്ഷണശക്തിയെ നശിപ്പിച്ചുകളഞ്ഞു. ലോകത്തിനു് ഒരു ഇരുളടഞ്ഞ വശമുണ്ടെന്നു ഞാനൂഹിച്ചുപോലുമില്ല.

"അതേ, അക്കൊല്ലം ചിങ്ങമാസത്തിൽ, മാൎച്ചുമാസം ബി. ഏ പരീക്ഷയ്ക്കു ചേരാൻ നിശ്ചയിച്ചിരുന്ന ഒരു കൃഷ്ണൻനായരും കൂട്ടരും ഞങ്ങളുടെ അടുത്തു താമസിക്കാൻ വന്നു. ആ വീടു ഞങ്ങളുടേതായിരുന്നതുകൊണ്ടു് അതിലൊരാൾ പ്രതിനിധിയായി അച്ഛനെ കാണാൻ വന്നു. ആ ആളിന്റെ പേർ—കള്ളപ്പേർ പറഞ്ഞാൽ മതിയോ, അതോ സത്യംതന്നെ അറിയണോ, ശാന്തീ?"

"സൃഷ്ടിയുടെ ഇഷ്ടംപോലെ."

"ഓ! ഞാൻ കള്ളംപറയുന്നതെന്തിനു്? അയാളെ ബാബു എന്നാണെല്ലാവരുംവിളിച്ചിരുന്നതു്." ആ നാമോച്ചാരണം സുഷമയുടെ വദനശോണിമയെ നശിപ്പിച്ചു. "പരിഷ്കാരിയായിരുന്ന അച്ഛൻ പതിനഞ്ചു വയസ്സു മാത്രമുള്ള എന്നെ അയാളുമായി പരിചയപ്പെടുത്തി."

വീണ്ടും വികാരാവേശത്തിൽ സുഷമ നിശ്ശബ്ദമിരുന്നു. ഒടുവിൽ ശ്രമസാദ്ധ്യമെങ്കിലും മധുരമായ ഒരു സ്മിതത്തോടെ അവൾ ചോദിച്ചു:

"പൌരുഷമൂർത്തിയായി അന്നെന്റെ കണ്ണുകൾ കണ്ട ആ രൂപത്തെ ഞാൻ വർണ്ണിക്കണോ, ശാന്തീ?"

"സുഷമയുടെ ഇഷ്ടംപോലെ" ഞാൻ പറഞ്ഞു. "സുഷമ വർണ്ണിക്കുമെങ്കിൽ ഞാൻ കേൾക്കാൻ ഉത്സുകയാണു്."

"അല്ലെങ്കിൽ വേണ്ട," സുഷമ ഗൌരവത്തിൽ പറഞ്ഞു: "നീണ്ടു കൃശമായി തങ്കനിറത്തിൽ ലളിതമായ ആ ദേഹമോ ആദരണീയമായ പുരുഷസൌന്ദര്യത്തിന്റെ ഉത്തമമാതൃകയായ ആ മുഖമോ അല്ല എന്നെ ആകർഷിച്ചതും വശപ്പെടുത്തിയതും. അതു ഹൃദയാവർജ്ജകമായ തുറന്ന പെരുമാററം അന്നു ബാബുവിലും പിന്നീടു ശാന്തിയിലും മാത്രമേ ഞാൻ കണ്ടിട്ടുള്ളു. ആഹ്ലാദം തുളുമ്പുന്ന ഭാവവും, പ്രസരിപ്പുള്ള പ്രവൃത്തികളും, അന്തസ്സുള്ള പെരുമാററവും എനിക്കെങ്ങനെ ഇഷ്ടപ്പെട്ടെന്നോ! ബാബുവിന്റെ സമനിലയിലുള്ള പെരുമാററം എന്നെ സന്തോഷിപ്പിക്കയാണു് ചെയ്തതു്. ബാബു അലക്ഷ്യരീതി

യിൽ എൻെറ സൗന്ദര്യത്തെ സ്തുതിച്ചതു് എന്നെ സംതൃപ്തയാക്കി. സത്യത്തിൽ, ബഹുമാനത്തേക്കാറം സ്നേഹമാണെനിക്കിഷ്ടം. അതാണു് ബാബുവിനെ അന്നു ഞാനിഷ്ടപ്പെട്ടതും, ഇന്നു ശാന്തിയെ സ്നേഹിക്കുന്നതും. അതുമല്ല, ജന്മസിദ്ധമായ സ്നേഹബന്ധങ്ങളിൽനിന്നു വ്യതിരിക്തമായ ഒരു സ്നേഹം കിട്ടാനും കൊടുക്കാനും ഒരാവേശം തോന്നുന്ന കാലമാണു് യൗവനം. പക്ഷേ ആ സ്നേഹം പുരുഷനിൽ നിന്നു കിട്ടണമെന്നു ഞാനാശിച്ചേയില്ല. ബാബുവിനെ എൻെറ അടുത്തയച്ച ദൈവം എന്തുകൊണ്ടു ശാന്തിയെ അയച്ചില്ല! മനുഷ്യന്നെതിരായി പ്രവൎത്തിക്കുന്ന ഒരു ശക്തിയാണു് വിധി. അതിൻെറ നിശ്ചയം—"

സുഷിയുടെ ശബ്ദമിടറി. കണ്ണുകറം നിറഞ്ഞു. ഞാൻ പറഞ്ഞു: "കഴിഞ്ഞതോൎത്തു കരയുന്നതു മഠയത്തരമല്ലേ, സുഷീ?"

സുഷമയുടെ കണ്ണുകളിൽ ജലവും, അധരങ്ങളിൽ പുഞ്ചിരിയും ഒരേസമയം പ്രകാശിച്ചു. അവറം കഥ തുടൎന്നു: "അതു കഴിഞ്ഞു് ഒരു നാലാഴ്ചയ്ക്കുശേഷം ഞങ്ങറം വീണ്ടും കണ്ടെത്തി. വൈകുന്നേരം നടക്കാനിറങ്ങിയ ഞാൻ ഒരു വേരിൽ കാലു തട്ടി വീണപ്പോറം ബാബു സഹായത്തിനെത്തി."

ഭൂതകാലഗ്രന്ഥം വായിക്കുന്നപോലെ ഏകാഗ്രതയോടെ പുൽത്തകിടിയിൽ നോക്കിക്കൊണ്ടിരുന്ന സുഷമയുടെ ദേഹം വിറച്ചു. എന്നെപ്പററിയിരുന്ന കൈകളുടെ പിടി മുറുക്കിക്കൊണ്ടവറം പറഞ്ഞു: "അ

തേ ശാന്തി, എൻെറ ഭൗതികസുഖങ്ങളുടെ ആസന്നാധഃപതനത്തിൻെറ മുന്നോടിയായിരുന്നു ആ വീഴ്ച. ഞാൻ മറിഞ്ഞു വീണ ഉടനെ ഒരു ഹിന്ദിപ്പാട്ടും പാടിക്കൊണ്ടു് ഒരാൾ എന്നെ പിടിച്ചെഴുന്നീല്പിച്ചു. അത്ഭുതത്തോടെ ഇത്ര വലിയപാട്ടുകാരനാരെന്നു നോക്കിയ ഞാൻ കണ്ടതു്—” സുഷമ ദീർഘനിശ്വാസപൂർവ്വം പറഞ്ഞു: “അതെ, എൻെറ ദുരന്തപ്രേമനാടകത്തിൻെറ നാന്ദീശ്ലോകക്കാരൻ മി. ബാബുവായിരുന്നു.”

“ആപത്തിൻെറ വക്കത്തു നില്ക്കുന്നവൾക്കു കിട്ടുന്ന അന്തഃപ്രചോദനം ബാബുവുമായുള്ള പരിചയത്തെ വൾദ്ധിപ്പിക്കരുതെന്നു് എന്നെ ഉപദേശിച്ചു. അതനുസരിച്ചു ഞാൻ വൈകിട്ടത്തെ നടപ്പു നിത്തിവെയ്ക്കുകയും ചെയ്തു. എന്നാലും ഞാൻ മട്ടുപ്പാവിൽ കേറുമ്പോഴെല്ലാം കൃത്യമായി ബാബുവിനെ കാണാറുണ്ടായിരുന്നു. അങ്ങനെ ഒരു മാസം കഴിഞ്ഞപ്പോൾ അച്ഛൻ വന്നു. എൻെറ പഴയ ദിനചര്യ തുടങ്ങണമെന്നു് അച്ഛനും അമ്മയും ഉന്നെദോഷിച്ചു. ഞാൻ വളരെ വിസമ്മതിച്ചെങ്കിലും; എന്തു ഫലം? വിധിതന്നെ ജയിച്ചു. അന്നു തന്നെ ഞങ്ങൾ കണ്ടെത്തുകയും ചെയ്തു. ‘എന്നെപ്പേടിച്ചല്ലേ പതിവെല്ലാം നിത്തിക്കളഞ്ഞതു്?’ എന്നു ബാബു കണ്ടയുടൻ ചോദിച്ചു. ‘കണ്ടോരെയൊക്കെ ഞാൻ പേടിക്കുന്നതെന്തിനു്?’ എന്നു ഞാനുത്തരവും പറഞ്ഞു. കുശലപ്രശ്നം നീരസത്തിൽ നടന്നെങ്കിലും ബാബുവിൻെറ സാമർത്ഥ്യത്താൽ അന്നു ഞങ്ങൾ പ്രവൃദ്ധപ്രീതിയോടെയാണു് പിരിഞ്ഞതു്”.”

"പിന്നീടു സന്ദർശനങ്ങളും സംഭാഷണങ്ങളും മുറയ്ക്കു നടന്നു. പ്രാരംഭത്തിലെ പരിചയം പ്രേമമായി മാറാൻ അധികനാൾ വേണ്ടിവന്നില്ല. കഷ്ടം! എന്തൊരു കഴുതയായിരുന്നു അന്നു ഞാൻ! മി. ബാബുവിന്റെ സംബോധന മിസ്സ് റാണി, സുഷമാറാണി, സുഷമ എന്നീ പടികൾ കടന്നു സുഷി എന്നായി. ഞാൻ മി. ബാബുവിനെ വെറും ബാബുവായും മാററി.

"എന്നെക്കാണാൻ അക്ഷമനായിക്കഴിഞ്ഞ വലിയ ചേട്ടൻ ക്രിസ്തുമസ്സുവധിക്കു വീട്ടിൽ വന്നതിന്റെ തലേന്നു ബാബു നാട്ടിലേയ്ക്കു പോയി."

"വലിയ ചേട്ടന്റെ സാന്നിദ്ധ്യത്തിൽ ബാബുവിന്റെ വിരഹം ഞാനത്ര അറിഞ്ഞില്ല. വലിയചേട്ടൻ സ്വന്തം ജീവനേക്കാൾ സ്നേഹിച്ചിരുന്ന ഞാൻ കളിമട്ടിൽ, 'ചേട്ടാ അങ്ങേതിലെ ബാബു എന്റെ കൂട്ടുകാരനാണു്', എന്നു് ഒന്നു സൂചിപ്പിക്കമാത്രമേ ചെയ്തുള്ളു.

"അവധിതീർന്നു ചേട്ടൻ പോയതിന്റെ പിറേറന്നു് ശോഷിച്ച ശരീരവും കുഴിഞ്ഞു താണ കണ്ണുകളുമായി ബാബു തിരിയെവന്നു." "അച്ഛനമ്മമാർ ആർക്കെങ്കിലും സുഖക്കേടാണോ?' എന്നു ഞാൻ ചോദിച്ചപ്പോൾ 'എനിക്കച്ഛനമ്മയുമില്ല' എന്നു ബാബു ഉത്തരം പറഞ്ഞു. കുറെനേരം കഴിഞ്ഞു നിറഞ്ഞ കണ്ണുകളോടെ ബാബു പറഞ്ഞു: 'എനിക്കൊരററ അനുജത്തിയുണ്ടായിരുന്നതു കഴിഞ്ഞ കൊല്ലം മരിച്ചുപോയി. അവളുമൊന്നിച്ചു താമസിച്ച വീട്ടിൽ തനിയെ താമസിച്ചപ്പോൾ വലിയ വേദന തോന്നി."

"ഒരാഴ്ചകൊണ്ടു ബാബുമുമ്പത്തെ സന്തോഷശീലം വീണ്ടെടുത്തു. അന്നത്തെ ആനന്ദപൂർണ്ണമായ സല്ലാപത്തിനുശേഷം പിരിയാറായപ്പോൾ വേർപാടിൽ വിമുഖനായ ബാബു ഒരുപായം കണ്ടുപിടിച്ചപോലെ ഔത്സുക്യപൂർവ്വമെങ്കിലും സഹജമായ അലക്ഷ്യഭാവത്തിൽ പറഞ്ഞു: 'ഇന്നു നല്ല നിലാവുണ്ട്. സുഷിയുടെ മുറിയിൽ നിന്നു മട്ടുപ്പാവിലൂടെ കോണിപ്പടിയിറങ്ങി പിൻവശത്തെ തോട്ടത്തിൽ വരാൻ വിഷമമില്ലല്ലോ. സുഷിക്കു സമ്മതമാണെങ്കിൽ വരൂ. പന്ത്രണ്ടുമണിയ്ക്കു ഞാൻ ഈ വലിയ ഒട്ടുമാവിൻെറ ചുവട്ടിൽ കാത്തു നില്ക്കും.'

"അന്നു രാത്രി മനസ്സാക്ഷി എന്നെ ശാസിച്ചു. പക്ഷേ അനുജത്തിയുടെ സ്മരണയെ ആദരിച്ചെങ്കിലും ബാബു ഒരു ബാലികയെ അകൃത്യങ്ങൾക്കു പരോക്ഷമായിപ്പോലും പ്രേരിപ്പിക്കയില്ലെന്നു ഞാൻ സമാധാനിക്കയും ചെയ്തു. അഭിലാഷപൂർത്തിക്കുദ്യമിക്കുന്ന പുരുഷൻ പങ്കുകാരിയുടെ ആപത്തിനെ ഗണിക്കയേ ഇല്ലെന്നു് അന്നെനിക്കറിഞ്ഞുകൂടായിരുന്നു."

"സായഹ്നസല്ലാപങ്ങളും നിശാവിഹാരങ്ങളുമായി കാലം കഴിഞ്ഞുപോയി. പരീക്ഷയും വന്നടുത്തു. പരീക്ഷയ്ക്കൊരാഴ്ച മുമ്പു രാത്രി പിരിയാറായപ്പോൾ ഞാൻ പറഞ്ഞു: 'ഇനി പരിക്ഷ കഴിയുന്നതുവരെ എനിക്കിങ്ങോട്ടു വരാൻ സാധിക്കില്ല. അതു കഴിഞ്ഞു്—"

'അതേ' ബാബു പറഞ്ഞു: 'പക്ഷേ ഞാനൊരുകാര്യം ചോദിച്ചാൽ നിരസിക്കയില്ലെന്നു സത്യം ചെയ്യുമോ?'

"അടുത്ത നിമിഷം കേൾക്കാൻ പോകുന്നതെന്തെന്നറിയാതെ ഞാൻ പറഞ്ഞു: 'ബാബുവിൻെറ ഇഷ്ടം ഞാനെതിൎക്കമോ? കൊള്ളാം! ഇതാ ഇക്കാണുന്ന സകലത്തെയും സാക്ഷിയാക്കി ഞാൻ സത്യം ചെയ്യുന്നു, ബാബുവിൻെറ അപേക്ഷ നിരസിക്കയില്ലെന്ന്. നല്ല തൃപ്തിയായോ?'

'എന്നാൽ' എന്നു പറഞ്ഞുകൊണ്ടു് ബാബു എണീററു. ഞാനും ഒപ്പം എഴുന്നേററു. നീണ്ടു നിവന്ന ശരീരത്തോടെ എന്നേയും പിടിച്ചുകൊണ്ടു നിലാവെളിച്ചത്തു നീങ്ങിനിന്നിട്ടു്, ബാബു പറഞ്ഞു: 'ഞാൻ നാളെ ഇവിടം വിടുന്നു. ഇനിയിങ്ങോട്ടു വരികയില്ല. നമ്മുടെ ബന്ധം ഇന്നോടെ തീരുന്നു. എന്നെ കണ്ടു പിടിക്കാൻ ശ്രമിക്കരുതെന്നാണു് എൻെറ അപേക്ഷ!',

"അതിശക്തിമത്തായ അടിയേററപോലെ എനിക്കു വേദനയും ക്ഷീണവും തോന്നി. അന്നോളം ഞാൻ കണ്ട പ്രകാശവും ആനന്ദവും പെട്ടെന്നു മറഞ്ഞു. ആ ആനന്ദസ്വപ്നത്തിൽനിന്നു ഞാൻ ഞെട്ടിയുണൎന്നു. അതുവരെ കളിയായിക്കരുതിയ ആപത്തിൻെറ കിടുകിടുപ്പിക്കുന്ന ഭയങ്കരത ആ നിമിഷത്തിൽ എനിക്കു മനസ്സിലായി. എൻെറ ദേഹം വിറച്ചു; കാലുകൾ ഇടറി; ഞാൻ മുന്നോട്ടാഞ്ഞു. 'അന്നത്തെ സുഷിയുടെ വീഴ്ച നമ്മുടെ പ്രേമത്തിൻെറ പ്രാരംഭകമ്മമായിരുന്നു. ഇന്നത്തേതു സമാപ്തിച്ചടങ്ങും' എന്നു പറഞ്ഞുകൊണ്ടു ബാബു എന്നെ താങ്ങി നെഞ്ചിൽ ചാരി നിറുത്തി. കുറച്ചു കഴിഞ്ഞു മനശ്ശക്തി കിട്ടിയപ്പോൾ, അശക്തി കാണിച്ചതിൽ ലജ്ജ തോന്നിയ

ഞാൻ ബാബുവിന്റെ പിടി വിടത്തി മാറിനിന്നിട്ടു പറഞ്ഞു: 'എന്റെ സത്യം ഞാൻ ലംഘിക്കയില്ല. മററാരെങ്കിലും ബാബുവിനെ കണ്ടുപിടിക്കാൻ ശ്രമിച്ചാൽ ഞാനുത്തരവാദിയുമല്ല.'

"പൈശാചികമായ ഒരു ചിരി ബാബുവിന്റെ മുഖത്തെ വിലക്ഷണമാക്കി. അയാറം ചോദിച്ചു: 'എന്നെ എന്തിനു കണ്ടുപിടിക്കണം? വിവിധമതക്കാർ തമ്മിലുള്ള വിവാഹം കുലീനകുടുംബങ്ങളിൽ അനുവദിയ്ക്കുമോ?"

"ആ വാചകം വീണ്ടും എന്നെ കിടുക്കി. ഞാൻ പരാജയം പുറത്തുകാണിക്കാതെ പറഞ്ഞു: 'എന്റെ ഒരു തുള്ളി കണ്ണീർ എത്രപേരെ പ്രതികാരസന്നദ്ധരാക്കുമെന്നോ! അധികാരത്തിന്നും ധനത്തിന്നും എന്തും സാധിക്കും. ബാബുവിനെ എന്തു ചെയ്വാനും കഴിയുന്ന പ്രബലരായബന്ധുക്കറം കേരളം മുഴവൻ എനിക്കുണ്ടു്.'

"ബാബുവിന്റെ മുഖം വിളറിയെങ്കിലുംപ്രശാന്തസ്വരത്തിൽ പറഞ്ഞു: 'സാരമില്ല. എന്റെ അനുജത്തി ലീനയ്ക്കുവേണ്ടി പ്രതികാരം ചെയ്തുകഴിഞ്ഞ എനിക്കിനി എന്തു വന്നാലെന്തു്?'

ബാബു നിശ്ശബ്ദം നിന്നു. അയാളിൽ ഒരിക്കലും മറെറാരു മതക്കാരന്റെ ലക്ഷണമൊന്നും കണ്ടിരുന്നേയില്ല. എങ്കിലും ലീന എന്ന പേരിൽനിന്നു ബാബു ക്രിസ്ത്യാനിയാണെന്നു ഞാനൂഹിച്ചു. എന്റെ ഭാവിയോർത്തുഞാൻ നടുങ്ങി. പെട്ടെന്നു തലയുയർത്തി നിരർഗ്ഗളംഒഴുകിയ കണ്ണീരോടെ ബാബു പറഞ്ഞു: 'കഷ്ടം റാണി' എന്റെ ലീനയുടെ പന്ത്രണ്ടു വയസിൽ അച്ഛനമമ്മയും മ

രിച്ചു് ഞങ്ങൾ നിസ്സഹായരായതാണു്. അന്നു ല ബ്ധപ്രതിഷ്ഠ പിടിച്ച ഒരു ബന്ധു, അയാളുടെ ഒരു വൃത്തികെട്ട മകളെ ഞാൻ കല്യാണം കഴിക്കണമെന്ന കരാറിൽ ഞങ്ങളുടെ ഭാരം കയ്യേററു. ഇതൊന്നും അറിയിക്കാതെ, എൻെറ ലീന കഷ്ടതകൾ അറിയരുതെന്നു വെച്ചു മാത്രം ഞാനതെല്ലാം സമ്മതിച്ചു. ലീനയെ അദ്ദേഹത്തെ ഏല്പിച്ചിട്ടു, ഞാൻ തിരുവനന്തപുരത്തു പഠിക്കാൻ പോയി. ലീനയുടെ വേർപാടു് എനിക്കു വിഷമമായിരുന്നു. പക്ഷേ, എന്നും യാത്രചെയ്യാൻ പണമെവിടെ? അങ്ങനെ എൻെറ സ്വേച്ഛാശക്തിയെ ബലികഴിച്ചു്. ജീവിതം അന്യാധീനമാക്കി, ഞാൻ മൂന്നു വർഷത്തിലധികം അവളെ സംരക്ഷിച്ചതെന്തിനു്? ആ പിഞ്ചുഹൃദയത്തേയും സൌന്ദര്യസമൃദ്ധിയേയും ഒരു ഹിന്ദു ഘാതകനു കുരുതി കഴിക്കാൻ വേണ്ടി!'

"ഭ്രാന്തു പിടിച്ചപോലെ പൊട്ടിച്ചിരിച്ചുകൊണ്ടു ബാബു തുടൎന്നു പറഞ്ഞു: 'അതിനാണു് ഞാനിന്നു പകരംവീട്ടിയതു്. അവൻെറ ഊരും പേരും അറിയാതെ അറിയണമെന്നാശിക്കാതെ, എൻെറ അനുജത്തി അവനെ സ്നേഹിച്ചു. അവൻ അവളെ വശീകരിച്ചു; ആ അപകവഹൃദയത്തെ വിശ്വസിപ്പിച്ചു; അവളെ നശിപ്പിച്ചു.'

"കോപംകൊണ്ടു ജ്വലിച്ച ബാബുവിൻെറ കണ്ണുകൾ നിറഞ്ഞു. അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു: ഒടുവിൽ ലീനയുടെ എഴുത്തുകളിൽ കണ്ട ദുഃഖം എന്നെ വീട്ടിലേക്കു വലിച്ചു. വീട്ടുകാരൻെറ ശാസനയും ശകാരവും വകവയ്ക്കാതെ ലീനയുടെ മുറിയിൽ ചെന്നു

ദുഃഖമെന്തെന്നു ചോദിച്ചപ്പോൾ ഏതോ ഒരുത്തനെ വീട്ടുകാരറിയാതെ സ്നേഹിച്ചെന്നും അയാളെ കാണു ന്നില്ലെന്നും മററും അവൾ കരഞ്ഞുകരഞ്ഞു് എന്നോടു പറഞ്ഞു. വാലും തുമ്പുമില്ലാത്ത, അപൂർണ്ണമായ കഥ! പക്ഷെ അതിൻെറ ഫലമൊ!' ബാബു വീണ്ടും ഗ ർജ്ജിച്ചു: എനിക്ക് ആ ദുഷ്ടൻെറ വഞ്ചനയുടെ ഫല മായി ഒരു ഭാഗിനേയ ശിശുവിനെ കിട്ടാൻപോകുന്നെ ന്നു ലീന പറഞ്ഞു. അതറിഞ്ഞപ്പോഴാണു് ആ നീ ചൻ കടന്നുകളഞ്ഞതു്. ആസന്നമായ അവമാനത്തിൽ നിന്നു ലീനയെ രക്ഷിക്കാനുള്ള വഴിയെന്തെന്നു വി ചാരിക്കാൻ വേണ്ട സമയം പോലും എൻെറ പരാശ്ര യത്വം എനിക്കു തന്നില്ല. എല്ലാം വലിച്ചെറിഞ്ഞിട്ടു ലീനയേയുംകൊണ്ടു് ഒളിച്ചോടിയാൽ അതു നീചമായ നന്ദികേടല്ലേ? ഒടുവിൽ നിവൃത്തിയില്ലാതെ, രഹസ്യം ഭദ്രമായി സൂക്ഷിക്കണമെന്നും ഉടൻ തിരിയെവന്നു പ രിഹാരം ചെയ്യാമെന്നും പറഞ്ഞു ഞാൻ വെന്തെരിയു ന്ന മനസ്സോടെ തിരുവനന്തപുരത്തുപോയി. പണം ചെലവാക്കിയായാളിനെ ഭയന്നു പരീക്ഷകൾക്കു ഹാജ രായി. പക്ഷെ, ചോദ്യക്കടലാസൊന്നും വായിച്ചുമി ല്ല, ഉത്തരക്കടലാസിൽ ഒരക്ഷരവും എഴുതിയുമില്ല പരീക്ഷതീന്ന അന്നു് അർദ്ധരാത്രിയോടെ ഞാൻ വീ ട്ടിലെത്തി. വിളക്കിൻെറ മുമ്പിൽ വാടിക്കുഴഞ്ഞിരുന്ന ലീനയുടെ മുഖം എന്നെങ്കിലും ഞാൻ മറക്കുമോ! ദൈ വമേ! എന്തൊരു സൗന്ദര്യമായിരുന്നു അവൾക്കു്. എ ന്നെക്കണ്ടപ്പോൾ അവൾ കാണിച്ച ആറ്റാദം എന്നെ ആശ്വസിപ്പിച്ചു. പരിഹാരം കണ്ടുപിടിച്ചെന്നും പി

റേറന്നു രാവിലെ പറയാമെന്നും അവൾ ഒരു ദീനസ്വരത്തോടെ പറഞ്ഞു."

സുഷമ കുറേനേരം മിണ്ടാതിരുന്നിട്ടു പറഞ്ഞു: "കഷ്ടം, ഈശ്വരൻെറ ഏററവും വലിയ ശാപമാണു് സ്ത്രീജന്മം. അലിവു നിറഞ്ഞ ഹൃദയം; ദുർബ്ബലമായ ശരീരഘടന. ലീന കണ്ടുപിടിച്ച പരിഹാരമെന്തെന്നു ചോദിക്കേണ്ട പതനത്തിലായിരുന്നു ഞാനും."

സുഷി ഏങ്ങിയേങ്ങിക്കരഞ്ഞു. അവളുടെ കണ്ണീർ പുരുഷവർഗ്ഗത്തോടുള്ള വെറുപ്പായി എൻെറ ഹൃദയത്തിൽ സ്ഥലം പിടിച്ചു. ഒടുവിൽ അവൾ കരച്ചിൽ നിർത്തി തുടർന്നു: "പരിഹാരമെന്തെന്നു ഞാൻ ചോദിച്ചപ്പോൾ ബാബു പിശാചിനെപ്പോലെ അലറി:" 'അവൾ കണ്ടുപിടിച്ച പരിഹാരമെന്തെന്നു പിറേറന്നു രാവിലെ ഞാൻ കണ്ട അവളുടെ തണുത്തു മരവിച്ച തടിയാണു് എനിക്കു പറഞ്ഞുതന്നതു്. ആ ശരീരത്തിൻെറ മുമ്പിൽവെച്ചു ഞാൻ സത്യം ചെയ്തു, പ്രതികാരത്താൽ എൻെറ തീയെ ഞാൻ കെടുത്തുമെന്നു്. അങ്ങനെയാണു് ഞാൻ കൃഷ്ണൻനായരുടെ കൂട്ടത്തിൽ കൂടി ഇങ്ങോട്ടു വന്നതു്. സരസമായി സംസാരിക്കാനും ഭംഗിയായി പെരുമാറാനും കഴിവുള്ളതുകൊണ്ടു്—ദൈവാനുകൂല്യവുമായിരിക്കാം—എൻെറ ഉദ്ദേശം സാധിക്കയും ചെയ്തു. എൻെറ ഹിന്ദുപ്രതിയോഗി ആരെന്നറിയാൻ കഴിയാത്തതുകൊണ്ടു്, എൻെറ ലീനയെപ്പോലെ സൌന്ദര്യവും സദൃശസ്സുമുള്ള ഏതെങ്കിലും ഒരു ഹിന്ദുബാലികയെ ഞാൻ കളങ്കപ്പെടുത്തേണ്ടിവന്നു. ഒരു ചെകിട്ടിലടിക്കുമ്പോൾ മറേറ ചെകിടും കാണിച്ചുകൊടുക്കുക

എന്നാണു ഞങ്ങളുടെ വേദം. പക്ഷേ മനുഷ്യൻ അപൂർണ്ണനാണ്. ഏട്ടിലപ്പടി, പയററിലിപ്പടി എന്നതാണ് ഈ ഘട്ടങ്ങളിൽ യുക്തമായ സമാധാനവും. എന്നാലും. വ്യക്തിപരമായി എനിക്കു റാണിയോടിഷ്ടമേയുള്ളു. എന്തുചെയ്യാം! ഒരാളിൻെറ കാമതൃഷ്ണ എൻെറ അനുജത്തിയെ നശിപ്പിച്ചു; എൻെറ പ്രതികാരദാഹം റാണിയെയും മലിനയാക്കി. പക്ഷേ ഒരു ദുഃഖമുണ്ടെനിക്ക്: എൻെറ ലീനയെപ്പോലെ റാണിയും അനിവാര്യമായ അവമാനത്തിൽ അകപ്പെട്ടില്ലല്ലോ എന്ന്.'

"ഞാൻ മിണ്ടിയില്ല. 'സുഷമാമൂർത്തിയായ സുഷമാ റാണിയെ പിരിഞ്ഞു ഞാനെൻെറ വിരൂപവധുവിൻെറ അടുത്തേയ്ക്കു പോവുന്നു. ദൈവം എനിക്കറിഞ്ഞു തന്നിട്ടുള്ള ജീവിതമാണ്' എന്നു പറഞ്ഞിട്ട്, ബാബു തിരിഞ്ഞു നടന്നു മതിൽ ചാടി മറഞ്ഞു. പേടിച്ചു വിറച്ചു ഞാൻ കുറെനേരം നിശ്ചേഷ്ടമായി നിന്നിട്ട്, ഒരുവിധത്തിൽ മട്ടുപ്പാവിലെത്തി. അവിടെ നിന്ന വേലക്കാരിയെ കണ്ടപ്പോഴാ ചീത്തപ്പേരു കിട്ടാൻ കാലമായിപ്പോയെന്നെനിക്കു മനസ്സിലായി. അവളെ ഉണർത്തിയ പൊട്ടിച്ചിരിയുടെ ഉടമസ്ഥൻ മതിൽ ചാടിപ്പോയതുകൊണ്ട്, ബാബുവാണോ എന്നവൾ ചോദിച്ചിട്ടും ഞാൻ മൗനമായി നടന്നതേയുള്ളു. 'കൊച്ചുറാണി രാത്രി ഇങ്ങനെ നടക്കുന്നത് അമ്മയറിഞ്ഞിട്ടാണോ?' എന്നവൾ ചോദിച്ചത് എന്നെ ദേഷ്യം പിടിപ്പിച്ചു. 'നിങ്ങളെന്നുമിങ്ങനെ കാണാറില്ലേ?' എന്നവൾ തുടർന്നു ചോദിച്ചപ്പോൾ, അവളുടെ ധിക്കാരം കണ്ടതിശയിച്ചു ഞാൻ തിരിഞ്ഞുനിന്നു ചോദിച്ചു: 'എന്നും കാണാറുണ്ടെങ്കിൽ നീ ഞങ്ങളെ കാണുകി

ല്ലായിരുന്നോ? പറ, നീ കണ്ടിട്ടുണ്ടോ?' എൻെറ ദേഷ്യം വകവയ്ക്കാതെ അവൾ പറഞ്ഞു: 'കണ്ടില്ലെങ്കിലെന്തു്? ഞാനും മനുഷ്യത്തിയല്ലേ?' ഇത്രയും പറഞ്ഞിട്ടു് അവൾ മുറിയിൽ കടന്നു കതകടച്ചു. അവളുടെ—ബാബുവിൻേറതുമായിരിക്കാം— പ്രയത്നഫലമാണു് ഞാൻ പോയിടത്തെല്ലാം എന്നെത്തുടർന്നെത്തിയ കഥ. അതൊക്കെ ശാന്തി കേട്ടിട്ടില്ലേ?"

"ഉണ്ടു്. പക്ഷേ അവളുടെ സങ്കല്പം സത്യത്തെ സമീപിച്ചിട്ടുപോലുമില്ലല്ലോ."

"അതെന്തായാലും അവൾ പിറേറന്നുതന്നെ വെളിയിലായി." സുഷമ പുഞ്ചിരിച്ചു. "പരീക്ഷ തീന്ന അന്നു് എൻെറ മനശ്ശക്തിയും തീൻ, ഞാൻ കിടപ്പിലായി. വേലക്കാരിയുടെ പുലമ്പലിൽ ചിലതുകേട്ടിരുന്ന അമ്മയോടു വലിയ ചേട്ടനെ വരുത്താൻ ഞാൻ ആവശ്യപ്പെട്ടു." പെട്ടെന്നു സുഷി എൻെറ നേരേ തിരിഞ്ഞു ചോദിച്ചു: "ഞങ്ങളുടെ സന്ദർശനം വൎണ്ണിക്കണോ, ശാന്തീ?"

"വേണമെന്നില്ല." ഞാൻ പറഞ്ഞു. "ചേട്ടൻ വെട്ടുകത്തിയെടുത്തു; അമ്മ കേറിപ്പിടിച്ചു—ഇങ്ങനെയൊക്കെ, അല്ലേ?"

"കഷ്ടം! എൻെറ കണ്ണീർ കാണാൻ കരുത്തില്ലാത്തവർ എൻെറ രക്തം ചിന്തുമോ? എന്നാലും, എൻെറശാന്തി" സുഷി വേദന വിങ്ങിയ സ്വരത്തിൽപറഞ്ഞു: "ഇത്ര നികൃഷ്ടവും ഭയങ്കരവുമായ രഹസ്യം, കൃപാപ്രാർത്ഥനയോടെ, കരളുരുക്കുന്ന ലജ്ജയോടെ, പറയേണ്ടിവരുന്ന ആ തുല്യമില്ലാത്ത ദുർദ്ദശ ഇനിയൊരു

കുട്ടികളും ഉണ്ടാവരുതേ എന്നു ഞാനന്നു് ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുപോയി. എൻെറ രഹസ്യപ്രഖ്യാപനം ആ മുറിയിലെ അന്തരീക്ഷത്തെപ്പോലും ശ്വാസംമുട്ടിച്ചപോലെ, അടക്കിപ്പിടിച്ച ഏങ്ങലും ദീർഘനിശ്വാസവുംമാത്രം അവിടത്തെ നിശ്ശബ്ദതയെ തടസ്സപ്പെടുത്തി. ഒടുവിൽ ചേട്ടൻപറഞ്ഞു: 'ഏതിലും കഴിഞ്ഞതു കഴിഞ്ഞില്ലേ? സുഷി എണീക്ക്. നമുക്കെന്തെങ്കിലും ചെയ്യാം. അയാൾക്കൊയ്യമറിയാമോ?' അറിഞ്ഞുകൂടാ എന്നു ഞാൻ പറഞ്ഞപ്പോൾ ചേട്ടനാശ്വാസമായി. 'രണ്ടുനാളിനകം എല്ലാം ശരിയാക്കാം' എന്നു പറഞ്ഞിട്ടു്, ചേട്ടനും തുടന്നു് അമ്മയും മുറിയിൽനിന്നിറങ്ങിപ്പോയി."

"അതു കൊള്ളാം." ഞാൻ പറഞ്ഞു: "ചേട്ടന്മാക്കെല്ലാം ഇങ്ങനെ മഹാമനസ്കത തോന്നിയെങ്കിൽ!"

എൻെറ വാക്ക കേൾക്കാത്തതുപോലെസുഷി തുടന്നു: "ലോകത്തിൻെറ കണ്ണിൽ മണ്ണിടേണ്ട വിദ്യ ചേട്ടൻെറ തീക്ഷ്ണബുദ്ധി കണ്ടുപിടിച്ചു. ഒരാഴ്ചയ്ക്കകം, വിജ്ഞാനാർത്ഥം ദേശസഞ്ചാരത്തിനുറച്ച ചേട്ടനെ യാത്രയാക്കാൻ അച്ഛൻവന്നു. അച്ഛനും ചേട്ടനുമായുണ്ടായ കൂടിക്കാഴ്ചയുടെ സ്ഥിതി, മുറിവിട്ടിറങ്ങിയ അച്ഛൻെറ കലങ്ങിയ കണ്ണുകളിൽനിന്നു ഞാനറിഞ്ഞു. ചേട്ടൻ പോകേണ്ടതിൻെറതലേന്നുകുറെഏറെ സന്ദർശകർകൂടെയുള്ളപ്പോൾ, എന്നെക്കൂടെചേട്ടനോടൊന്നിച്ചയയ്ക്കണമെന്നുഞാൻ അച്ഛനോടപേക്ഷിച്ചു. 'അങ്ങനെയാണെങ്കിൽ സുഷിയുടെ അമ്മയും കൂടെപ്പോരട്ടെ. ഈ പ്രാവശ്യം അവളുടെ പ്രസവവും ഇവിടെവച്ചായിര

ക്കേണ്ട. വിദേശജാതമായ ഒരു ശിശു! ഈ കുടുംബത്തിൽ ഒരു വിശേഷവസ്തുവാണ്, എല്ലാം ഈശ്വരന്റെ മഹിമ! അല്ലെങ്കിൽ ഇനി സുഷിക്ക് ഒരിളയ കുട്ടി ഉണ്ടാവുമെന്ന് ആരുവിചാരിച്ചിരുന്നു!' എന്നെല്ലാം അച്ഛൻ പറഞ്ഞു.

"അത്യാവശ്യമുള്ളപ്പോൾമാത്രം യഥാർത്ഥനാമദേശാദികൾവെളിപ്പെടുത്തി ഞങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കേ, എന്റെ നിർജ്ജീവപ്രേമവല്ലരിയുടെ സജീവസുമം പ്രത്യക്ഷമായി. അച്ഛന്റെ ഛായയിൽ എനിയ്ക്കൊരനുജത്തി ജനിച്ചിരിയ്ക്കുന്നൊന്നു കമ്പിയടിച്ചതോടെ ഞങ്ങളുടെ ഭീതി നിശ്ശേഷം തീൎന്നു.

"എന്റെ ശാന്തിക്ക്—അവൾ ജനിച്ചതോടെ ഞങ്ങളുടെ ഭയം നിശേഷം നീങ്ങിയതുകൊണ്ടു ചേട്ടൻ നല്കിയ പേരാണ് ശാന്താറാണി എന്നത്—ആറു മാസമായപ്പോൾ ഞങ്ങൾ സഞ്ചാരം നിൎത്തി കോയമ്പത്തൂരിൽ ചെറിയമ്മയുടെ അടുത്തേയ്ക്കു പോയി. അവിടെനിന്നു ഞാൻ എറണാകുളത്തേയ്ക്കും വലിയ ചേട്ടൻ ഇംഗ്ലണ്ടിലേയ്ക്കും അമ്മയും ശാന്തിയും വീട്ടിലേയ്ക്കും പോയി."

കഥ പറഞ്ഞ ക്ഷീണം തീൎക്കാൻ സുഷി പുൽത്തകിടിയിൽ കൊട്ടുംകൈ കുത്തിക്കിടന്നു. അവളുടെ പ്രതിപാദനസാമൎത്ഥ്യത്തിൽ കഥാരംഗങ്ങളോരോന്നും വ്യക്തമായി കണ്ടുകൊണ്ടിരുന്ന ഞാൻ കുറേക്കഴിഞ്ഞു ചോദിച്ചു: "പിന്നീടു സുഷി മി. ബാബുവിനെ കണ്ടില്ലേ?"

"ഓ! കണ്ടു," സുഷി ഉത്സാഹപൂർവം പറഞ്ഞു: "എറണാകുളത്തു വലിയച്ഛനോടു ജോലിക്കപേക്ഷിക്കാൻ വന്നിരുന്നു."

"നിങ്ങൾ സംസാരിച്ചില്ലേ?"

"ഞാനദ്ദേഹത്തോടു ചെന്നു സംസാരിച്ചു."

"വലിയച്ഛൻ സമ്മതിച്ചോ!" ഞാൻ സവിസ്മയം ചോദിച്ചു: "നിങ്ങളെ ചേർത്തുള്ള കഥ.—"

"ശാന്തീ, എൻെറ ഇഷ്ടം ആരും തടയുകയില്ലെന്നു ഞാനെത്ര പ്രാവശ്യം പറഞ്ഞു!" സുഷിയുടെ മുഖത്തിൽ ഏകാന്തവേളകളിലെ സ്ഥിരസ്ഥായിയായ ദുഃഖഭാവംആവിർഭവിച്ചു. "സത്യംപറഞ്ഞാൽ ബാബുവിൻെറ ആകൃതി എനിക്കു സഹിച്ചില്ല. അഭ്യസ്തവിദ്യനായ ഒരു ദരിദ്രഗൃഹസ്ഥൻെറ കഷ്ടതകൾ ആ ആരാധ്യസൌന്ദര്യത്തെ എങ്ങനെ നശിപ്പിച്ചെന്നോ! ഞാനതു പറഞ്ഞപ്പോൾ, ഒരു ദീനമായ പുഞ്ചിരിയോടെ ഇനി 'എനിക്കു ജീവിതാശയേയില്ല' എന്നാണ് ബാബു പറഞ്ഞത്. ശാന്തിയുടെ കാര്യത്തിൽ സംശയമുണ്ടോ എന്നറിയാനായി 'എനിക്കൊരനുജത്തിയുണ്ടിപ്പോൾ' എന്നു ഞാൻ പറഞ്ഞതിന്ന്, 'അപ്പോഴിനി മിസ്സ് റാണിക്കു കിട്ടിവന്ന വാത്സല്യം കുറഞ്ഞുപോവുമല്ലോ!' എന്നായാൾ ഉത്തരം പറഞ്ഞു."

"ശാന്തീ," സുഷി എണീററിരുന്നു പറഞ്ഞു: "ഞാനൊരു വീട്ടുകാരിയായിക്കഴിഞ്ഞാലുടൻ ബാബുവിനെന്തെങ്കിലും സഹായം ചെയ്യണമെന്ന് അന്നുതന്നെ ഞാൻ നിശ്ചയിച്ചു എന്തൊക്കെ ആയാലും എൻെറ ശാന്തിയുടെ—അല്ലേ?"

"ശാന്തിയോട്ട് ഈ രഹസ്യം പറയുകയില്ലേ" എന്നതായിരുന്നു എൻെറ അടുത്ത ചോദ്യം.

"അതെല്ലാം വലിയ ചേട്ടൻെറ ഇഷ്ടം. ഇളയ ചേട്ടൻപോലും അറിഞ്ഞിട്ടില്ല. അറിഞ്ഞാലൊട്ടു ക്ഷമിക്കയുമില്ല. പിന്നെ ഇന്നു ഞാൻ ശാന്തിയോടു പറഞ്ഞു, ഇനി ഒരാളോടും കൂടി പറയണം."

"ആ ഒരാൾ ആര്?" ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

"എൻെറ ഭർത്താവാകാൻ ഇടയാകുന്ന ആളോട്. വലിയ ചേട്ടൻെറ സമ്മതത്തോടെ ഞാൻ പറയും."

"അയാൾ പരസ്യമാക്കിയാൽ?—"

"ഏ! അങ്ങനെയൊരു മൃഗം ലോകത്തിലുണ്ടോ? പരസ്യമാക്കാൻ തുടങ്ങുന്ന നിമിഷത്തിൽ, ഞാനും ബാബുവും സ്നേഹിച്ചതു സത്യമെന്നു സമ്മതിച്ചുകൊണ്ടു വലിയ ചേട്ടൻ പറയും, ശേഷം ഞാൻ അയാളുടെ സ്നേഹം പരീക്ഷിക്കാൻ പറഞ്ഞ കെട്ടുകഥയാണെന്ന്. വലിയ ചേട്ടനെ ആരും അവിശ്വസിക്കയില്ല. അമ്മ ഗർഭിണിയായി ദേശസഞ്ചാരത്തിനിറങ്ങിയിട്ട്, അച്ഛൻെറ രൂപസാദൃശ്യം തികച്ചുമുള്ള ശിശു എൻേറതാണെന്നു ലോകം എങ്ങനെ വിശ്വസിക്കും? — എന്തിനു വിശ്വസിക്കണം?"

"എന്നാൽ പിന്നെ സൃഷ്ടിയുടെ കഥ അയാൾ വിശ്വസിക്കേയില്ലെന്നു വന്നുകൂടെ?"

"അയാൾ വിശ്വസിച്ചാലെന്ത്, ഇല്ലെങ്കിലെന്ത്? എൻെറ ഘോരരഹസ്യം തുറന്നുപറഞ്ഞെന്ന് എൻെറ ഹൃദയത്തിനു നല്ലപോലെ സമാധാനിക്കാം."

"അതൊരു തെററല്ലേ, സുഷി?"

"നോക്കു ശാന്തീ," സുഷി ഒരു കലികാലഗീതയുടെ അല്പഭാഗം ഉപദേശിച്ചു. "സത്യവും ന്യായവും നോക്കിയാൽ എല്ലാം കുന്തത്തിൽ. ലോകബോധ്യത്തിനുവേണ്ടി ഒരുമാതിരിക്കണ്ടു പ്രവൎത്തിച്ചേച്ചാൽ മതി. തോമസ് ഹാർഡിയുടെ 'ററെസ്' വായിച്ചു രസിക്കാനല്ലാതെ അനുകരിക്കാൻ കൊള്ളില്ല. പൂഞ്ചോലകളും, വനതലങ്ങളും, കോളേജുകളും, സിനിമാഹാളുകളും നിറഞ്ഞ ഈ അഭിരാമഭൂമിയിൽ നാം ജനിക്കുന്നതു സുഖിക്കാനാണു്."

ഞാൻ ജിജ്ഞാസാപ്രേരണയാൽ മാത്രം വൈമനസ്യത്തോടെ ചോദിച്ചു: "മിസ്റ്റർ ബാബുവിനെ ഇന്നും സുഷമയ്ക്കു സ്നേഹമല്ലേ?"

"ഓ! എന്തായാലും സ്ത്രീഹൃദയം കഠിനമാവുമോ? ആ അലിവിൻെറ ഉറവു നിശ്ശേഷം വററീട്ടില്ല, വററുകയുമില്ല. പിന്നെ അന്നത്തെ എൻെറ സ്നേഹം—" സുഷി രമണൻ കയ്യിലെടുത്തുകൊണ്ടു മധുരമായി പാടി:

"കേവലമൊരു താല്ക്കാലികഭ്രമം
പൂവുപോലുള്ളൊരോമനക്കൌതുകം
മാനസത്തെ മധുരീകരിപ്പൊരു
ഗാനസാന്ദ്രപ്രചോദനാമേളനം!

മാത്രമായിരുന്നു അതു്."

"എന്നാൽപ്പിന്നെ സുഷി 'രമണി'യല്ല."

"അതേ, ദാരിദ്ര്യമാണു് വിശ്വാസവഞ്ചനയുടെ മുമ്പിൽ പ്രേമപൂൎവ്വം ആത്മാർപ്പണം ചെയ്യുന്നതു്. ലാളനാഭോഗങ്ങൾ ത്യാഗബുദ്ധിയെ വൎദ്ധിപ്പിക്കയില്ല,

നശിപ്പിക്കുകയേയുള്ളൂ. എന്നാൽ ആരാണ് രമണി എന്ന ശാന്തി പറയൂ."

"ലീന."

"പാവം! സ്ത്രീയുടെ ജന്മാവകാശമായ ഹൃദയസാരള്യത്താൽ പുരുഷന്റെ വിഷയാസക്തിക്കിരയായി നശിക്കുന്ന അനേകം സാധുക്കുട്ടികളിൽ ഒന്ന്. ജ്യേഷ്ഠനെ ഒന്നു കണ്ടിട്ടു മരിക്കാമെന്നുവെച്ചു കാത്തിരുന്ന ആ കുട്ടിയുടെ മുഖം എനിക്കു കാണുന്നപോലെ തോന്നുന്നു. ഇങ്ങനെ എത്ര കഥ കേട്ടാലെന്തു ഫലം? ലോകാവസാനം വരെ ഇത്തരം സംഭവങ്ങൾ നടന്നുകൊണ്ടേയിരിക്കും."

"അതേ," ഞാൻ ശോകസങ്കുലഭാവത്തിൽ പറഞ്ഞു: "നമ്മുടെ രക്തത്തിൽനിന്നല്ലേ അവർ ജനിക്കുന്നതു്!"

★

# വിവാഹവിദ്വേഷി

ഒരു വീവിങ്ങ് സ്കൂളിലായിരുന്നു ജാനകിക്കു ജോലി. അവൾ വലിയ സുന്ദരിയൊന്നുമായിരുന്നില്ല. പക്ഷെ ആ പ്രസന്നവദനത്തിന്റെ പ്രത്യേകത കാണികളുടെയെല്ലാം വാത്സല്യം സമാർജ്ജിച്ചു. അവിടത്തെ മാനേജരുടെ വലിയൊരു സ്നേഹിതനായിരുന്ന ഭാസ്കരൻനായർക്ക് അവിടെയുള്ള ജോലിക്കാരെയെല്ലാം നല്ല പരിചയമായിരുന്നു. അവരുടെ കാര്യത്തിൽ മാനേജരേക്കാൾ വാത്സല്യവും അഭ്യുദയകാംക്ഷയും അദ്ദേഹത്തിന്നുണ്ടെന്നായിരുന്നു പൊതുവേയുള്ള ധാരണ.

ഭാസ്കരൻനായർക്കു സ്ത്രീവിദ്വേഷം അശേഷമുണ്ടായിരുന്നില്ല. ദൈവം ലോഭമില്ലാതെ ധനവും ഐശ്വര്യവും അയാൾക്കു കൊടുക്കുകയും ചെയ്തു. എന്നിട്ടും തീക്ഷ്ണമായ സ്വാതന്ത്ര്യാസക്തിയാൽ കുടുംബപാരതന്ത്ര്യത്തിലകപ്പെടാതിരിക്കാൻ വേണ്ടി അയാൾ വിവാഹം വേണ്ടെന്നുവെച്ചുകളഞ്ഞു. നല്ല കറുത്ത, കനം കുറഞ്ഞ, ക്രുട്ടപുരികങ്ങൾ; എപ്പോഴും പുഞ്ചിരിക്കുന്ന ചുണ്ടുകൾ; മിന്നുന്ന കണ്ണുകൾ; ഒരിക്കലും ഉടവും പൊടിയും പററാത്ത വേഷസാമഗ്രികൾ—ഇവയുടെ ഉടമസ്ഥനായിരുന്ന ഭാസ്കരൻനായർക്കു സ്ത്രീപുരുഷഭേദമില്ലാതെ എല്ലാവരുടെയും സ്നേഹം സമ്പാദിക്കാൻ നിഷ്പ്രയാസം കഴിഞ്ഞിരുന്നു.

ആയിടെ, ഒരു മിഡിൽസ്കൂൾ മാസ്റ്ററായി അവിടെ സ്ഥലം മാറിവന്ന ശങ്കരമേനോനും ഭാസ്കരൻനായരും അത്യന്തസ്നേഹിതന്മാരായിത്തീരാൻ അധിക

നാം വേണ്ടിവന്നില്ല. അവരുടെ സായാഹ്നസഞ്ചാര വേളയിൽ പതിവായി കാണാറുള്ള ആ പെൺകുട്ടിയിൽ മേനോനു താൽപര്യം ജനിച്ചു. വീട്ടുകാരുടെ അനുമതിക്കും ആലോചനയ്ക്കും ഒന്നും അയാൾ കാത്തുനിന്നില്ല. ഭാസ്കരൻനായരുടെ ഉത്സാഹത്തിൽ വളരെ വേഗം അവരുടെ വിവാഹം നടന്നു.

മുൻവശത്തു വീതികുറഞ്ഞ ഒരു തിണ്ണയോടുകൂടി രണ്ടുമുറിയും ഒരടുക്കളയുമുള്ള ഒരു ചെറിയ വീടു വാടകയ്ക്കെടുത്ത് അവർ താമസമാരംഭിച്ചു. ഭാര്യ സ്വയം കാലക്ഷേപമാർഗ്ഗം നേടരുതെന്ന അഭിപ്രായക്കാരനായിരുന്നു മേനോൻ. അതുകൊണ്ടു ജാനകി നെയ്ത്തുശാലയിലെജോലിനിർത്തി, ഗൃഹഭരണംപൂർണ്ണമായി കയ്യേററു.

ഭാര്യാഭർത്താക്കന്മാർ രണ്ടുപേർ മാത്രമുള്ള ആ കുടുംബത്തിലെ ജീവിതത്തിൽ ഒരു തരത്തിലുള്ള അസുഖവും സന്ദർശിച്ചില്ല. ശാന്തശീലയായ ജാനകി ഭർത്തൃപരിചരണത്തിൽ ബദ്ധശ്രദ്ധയായിരുന്നു. ശുദ്ധഹൃദയനായ മേനോനു ഭാര്യയുടെ സുഖമായിരുന്നു ജീവിതലക്ഷ്യം. അവരുടെ നിത്യസന്ദർശകനായ ഭാസ്കരൻനായർ എപ്പോഴും സഹായസന്നദ്ധനുമായിരുന്നു.

അമ്മയുടെ ആലസ്യക്കൂടുതൽ നിമിത്തം മേനോനു സ്വദേശമായ കാഞ്ഞിരപ്പള്ളിക്കു പോകേണ്ടിവന്നു. ജാനകിക്കു കടിഞ്ഞൂൽ പ്രസവത്തിന് ഒമ്പതു മാസമായിരുന്നു അന്ന്. മേനോൻ തിരിയെ വരുന്നതുവരെ തീർച്ചയായും പ്രസവമുണ്ടാകയില്ലെന്നു ജാനകിയും ഭർത്താവും വിശ്വസിച്ചു. ആ വിശ്വാസത്തിൻെറ

ശക്തികൊണ്ടു മാത്രം അയാൾ സമാധാനത്തോടെ നാട്ടിലേക്കു പോയി.

മേനോൻ പോയതിൻെറ മൂന്നാംപക്കം ജാനകി പ്രസവിച്ചു. പതിവുപോലെ സുഖാന്വേഷണത്തിന്നിറങ്ങിയ ഭാസ്കരൻനായർ അര മൈലകലെ താമസിച്ചിരുന്ന പതിച്ചിയെ വിളിച്ചുകൊണ്ടുവന്നു. മാസം തികയാത്ത ആ കുഞ്ഞ്, ജനിച്ച് ഒരു മണിക്കൂറിനകം മരണമടഞ്ഞു. പതിച്ചിയുടെ സഹായത്തോടെ ഭാസ്കരൻ നായർ അതിനെ മറവു ചെയ്തു.

മാതൃസഞ്ചയനം കഴിഞ്ഞു മടങ്ങി വന്ന മേനോന്ന സന്താനനഷ്ടത്തിൽ വലിയ വല്ലായ്മ തോന്നി. എങ്കിലും ഭാര്യയെ ആപത്തും അസുഖവുമില്ലാതെ കിട്ടിയതുതന്നെ ദൈവാധീനം എന്നയാൾ ആശ്വസിച്ചു. ആപത്തിൽ ഉപകരിച്ച സ്നേഹിതനോടു അയാൾക്കു പൂർവ്വാധികം ആദരവും സ്നേഹവും തോന്നി.

ഹെഡ്മാസ്റ്ററുടെ ഒരാവശ്യം പ്രമാണിച്ചു വീണ്ടും മേനോന്ന ഒരു ദിവസത്തേക്കു സ്ഥലംവിടേണ്ടിവന്നു. അന്നു ജാനകി ഗർഭിണിയായിരുന്നില്ല. എങ്കിലും രാത്രി കൂട്ടു കിടക്കാൻ അടുത്ത വീട്ടിലെ ഒരു കിഴവിയെ ഏർപ്പാടു ചെയ്തിട്ടാണു മേനോൻ യാത്രയായത്.

പക്ഷേ അന്നു രാത്രിയും സഹായസന്നദ്ധനായി എത്തിയത് ഭാസ്കരൻനായരായിരുന്നു. ഒരു വദാന്യനായ അദ്ദേഹത്തിൻെറ ഔദാര്യത്താൽ, അന്നത്തെ രാത്രി പുത്തരിക്കണ്ടം സിനിമാപ്പുരയിലെ പൂഴിമണ്ണിട്ട തറയിലിരുന്ന് കിഴവി എൻ. എസ് കൃഷ്ണൻെറ തമാശകൾ കണ്ടു രസിച്ചു.

പിറേറന്നു വൈകിട്ടു മേനോൻ മടങ്ങി വന്നു. എപ്പോഴത്തെയും പോലെ ഉടവുപററാത്ത മുണ്ടും, ചീകി മിനുക്കിയ തലമുടിയുമായി ഭാസ്കരൻനായർ അയാളെ പ്രതീക്ഷിച്ചു് പടിക്കൽ നിൽപ്പുണ്ടായിരുന്നു. ഭാര്യയെ തനിച്ചാക്കിയിട്ടു് പോയതിന്നു സ്നേഹിതനെ വളരെ കുററപ്പെടുത്തിയിട്ടു് അയാൾ പോയിക്കഴിഞ്ഞപ്പോൾ മേനോൻ ഭാര്യയോടു പറഞ്ഞു: "വാസ്തവത്തിൽ ഇങ്ങനെ ഉപകാരം ചെയ്യാൻ ജീവിക്കുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടിട്ടില്ല. ഇന്നലേയും സഹായത്തിനെത്തിയല്ലോ. അന്യരെക്കുറിച്ചെന്തൊരുകരുണ."

"അതേ," ഭർത്താവിന്റെ മുഷിഞ്ഞ വസ്ത്രങ്ങൾ നനയ്ക്കാൻ കയ്യിലെടുത്തുകൊണ്ടു ജാനകി പറഞ്ഞു: "പണ്ടേ അദ്ദേഹമിങ്ങനെയാണു്. സ്വന്തം കാര്യത്തേക്കാൾ കൂടുതൽശ്രദ്ധയാണു്, അന്യരുടെ കാര്യത്തിൽ."

ജാനകി വീണ്ടും പ്രസവിച്ചു. അവളേക്കാൾ കോമളത്വമുണ്ടായിരുന്നു ആ ആൺകുഞ്ഞിന്. അതിസന്തോഷത്തിലാറാടിയ മേനോൻ, പെററ പതിനഞ്ചാം ദിവസം ശിശുവിനെ മടിയിലെടുത്തു വച്ചുകൊണ്ടു സ്നേഹിതനോടുള്ള സ്നേഹലക്ഷ്യമായി അതിനെ 'ഭാസി' എന്നു വിളിച്ചു. അടുത്തിരുന്ന ഭാസ്കരൻനായർ ആഹ്ലാദപൂർവ്വം പൊട്ടിച്ചിരിച്ചു. കുഞ്ഞിനു കൊടുക്കാൻ പാൽക്കുപ്പിയിൽ പാലൊഴിച്ചുകൊണ്ടിരുന്ന ജാനകി ഒന്നും ശബ്ദിച്ചില്ല.

അപവാദോത്സുകമായ ജനരസന, മേനോന്റെ ചതിയറിയാത്ത ഹൃദയത്തിൽ വിഷം തേയ്ക്കാനുത്സാഹിച്ചു. അയാളുടെ സാന്നിധ്യത്തിലും അസാന്നിധ്യ

ത്തിലും ഒന്നുപോലെ കുടുംബത്തിന്റെ രക്ഷാകത്തൃത്വം ഭാസ്കരൻനായർക്കു് നൽകിയിരിക്കുന്നതെന്തിനാണെന്നു പലരിൽനിന്നും ചോദ്യമുണ്ടായി. അതിന്നുത്തരമായി സ്നേഹിതന്റെ ഗുണഗണങ്ങളെക്കുറിച്ചുള്ള സ്തുതിഗീതങ്ങൾ മേനോനിൽനിന്നു പുറപ്പെട്ടപ്പോൾ ആളുകൾ അകമേ ചിരിച്ചു. പക്ഷെ മേനോന്റെചിത്തത്തിൽ അസ്വാസ്ഥത ഊതിക്കേററാൻ ആർക്കും കഴിഞ്ഞില്ല. സൌശീല്യത്തിന്റെ മൂത്തീകരണമാണു് തന്റെ ഗൃഹലക്ഷ്മിയെന്നു് അയാൾ പൂണ്ണമായും വിശ്വസിച്ചു.

ജാനകിയുടെ മുഖത്തുള്ള പ്രസന്നതയിൽ കുറച്ചുനാളായി ഒരു കാളിമ വ്യാപിച്ചുതുടങ്ങിയിരുന്നു. എന്തോ ആഴമേറിയ ഒരു പിളർപ്പിന്റെ വക്കത്തു വഴുതിവീഴാൻ തുടങ്ങുന്നതുപോലെ ഒരു ഭീതി പലപ്പോഴും അവളുടെ മുഖശ്രീയെ മലിനമാക്കി. കരളിനെ കാന്തിന്നുന്ന ഒരു തീയുടെ പുക ആ കണ്ണുകളെ മങ്ങിച്ചു. മേനോന്റെ വാത്സല്യം വ്യാഖ്യാനിച്ചു, അതെല്ലാം മാതൃത്വത്തിന്റെയും ഭാര്യാത്വത്തിന്റെയും ക്ഷീണങ്ങളാണെന്നു്.

ശിശുവിന്റെ പ്രഥമജന്മനാളിന്റെ തലേന്നുമേനോൻ നാട്ടിലേക്കു പോയി, അച്ഛനെ ആദ്യമായി തന്റെ കുടുംബസന്തോഷത്തിൽപങ്കുകൊള്ളാനായി ജോലി സ്ഥലത്തേക്കു വിളിച്ചുകൊണ്ടുവരാൻ. പിറന്നാൾ സദ്യയ്ക്കു വേണ്ടതെല്ലാം സജ്ജമാക്കാൻ ഭാസ്കരൻനായരോടു് ഏർപ്പാടുചെയ്തിട്ടാണു് അയാൾ നാട്ടിലേക്കു തിരിച്ചതു്.

വൈകുന്നതുവരെ പല ജോലികളിലും ഏർപ്പെട്ടിരുന്ന ഭാസ്കരൻനായർ സന്ധ്യയായപ്പോൾ ജാനകിയോടു ചോദിച്ചു: "ഇന്നും തനിയേ ആണോ കിടക്കുന്നതു്?"

കറിക്കു മാങ്ങാ അരിഞ്ഞുകൊണ്ടിരുന്ന ജാനകി തലയുയർത്തി ഭാസ്കരൻനായരെ നോക്കിയിട്ടു പറഞ്ഞു: "ആ കിഴവിയോടു വരാൻ അവൻെറ അച്ഛൻ പറഞ്ഞിട്ടുണ്ടു്."

ഭാസ്കരൻനായരുടെ മടിയിലിരുന്നു കുഞ്ഞു ചിരിച്ചുകളിച്ചുകൊണ്ടിരുന്നു. ജാനകി ജോലി ഓരോന്നായി ചെയ്തുതീർക്കുകയാണു്.

നേരം നന്നേ ഇരുട്ടി. ശിശു ഉറങ്ങിക്കഴിഞ്ഞു. ജാനകി മലക്കറിസ്സാമാനങ്ങൾ ഒരററത്തേയ്ക്കു നീക്കിവെച്ചു; കത്തിയും അതിനടുക്കൽ വെച്ചു. അയാൾ ദേഷ്യം പിടിച്ച സ്വരത്തിൽ പറഞ്ഞു: "ഛേ, ഇനിയും ആ കിഴവിയെ കാണുന്നില്ലല്ലോ."

അവൾ പറഞ്ഞു: "ഇപ്പോൾ വരുമായിരിക്കും."

പിന്നേയും സമയം കുറെക്കഴിഞ്ഞു. ചിമ്മിനിവിളക്കു് അല്പാല്പം മങ്ങിക്കത്താൻ തുടങ്ങി. അയാൾ ചോദിച്ചു: "വിളക്കിൽ മണ്ണെണ്ണയില്ലേ?"

"ഇല്ല," കുഞ്ഞിനു പാൽ കൊടുത്തുകൊണ്ടിരുന്ന ജാനകി പറഞ്ഞു: "മൂത്തമ്മ വരുമ്പോൾ മണ്ണെണ്ണ കൊണ്ടുവരും."

മണ്ണെണ്ണ തീരുകയാൽ വിളക്കു കൂടെക്കൂടെ പൊങ്ങിയും താണും കത്താൻ തുടങ്ങി. അവൾ കുഞ്ഞിനെ

കിടയ്ക്ക വിരിച്ച് അതിന്റെ ഒരററത്തു കിടത്തി. കു ഞ്ഞിന്റെ അടുത്തായി അവളും കട്ടിലിലിരുന്നു.

വിളക്ക തന്നിയേ അണഞ്ഞു. തിരിയിൽ ശേഷിച്ച ജ്വാലയും നശിച്ചു. അയാഠം ചോദിച്ചു: "ഇതിനകത്തു തീപ്പെട്ടിയുമില്ലേ?"

ഇരുട്ടത്തു കുഞ്ഞിനെ പുതപ്പിച്ചുകൊണ്ടിരുന്ന അവഠം ഉത്തരമൊന്നും പറഞ്ഞില്ല. അയാഠംക്ക വല്ലാതെ ദേഷ്യം വന്നു. "ച്ഛേ, ആ കിഴവി എവിടെ പ്പോയിത്തുലഞ്ഞു?"

പെട്ടെന്നു മുറിയിലെ നിശ്ശബ്ദതയെ ഒരു ഏങ്ങിക്കരച്ചിൽ ഭഞ്ജിച്ചു. അയാഠം അല്പം വിഷമിച്ച സ്വരത്തിൽ ചോദിച്ചു: "ജാനകി കരയുന്നതെന്തിനു്?"

അവഠം വീണ്ടും കരഞ്ഞതേയുള്ളു. അയാഠം കുറച്ചു നേരം നിശ്ശബ്ദമിരുന്നിട്ട് ഒടുവിൽ എഴുന്നേററു കൊണ്ടു പറഞ്ഞു: "ഞാൻ പോയി കിഴവിയെ വിളിച്ചിങ്ങോട്ടു പറഞ്ഞയയ്ക്കാം."

ജാനകി കരച്ചിൽ നിർത്തി, ശബ്ദം ശരിയാക്കി, സ്ഫുടസ്വരത്തിൽ പറഞ്ഞു: "അവർ ഇന്നു വരികില്ല. സിനിമാ കാണാൻ പോയിരിക്കയാണു്. ഞാൻ ചക്രം കൊടുത്തു."

ഭാസ്കരൻനായർ ഒരു നിമിഷം നിശ്ചേഷ്ടനായി നിന്നു. ആ വാക്കുകഠം ഒരു പൂർവ്വസംഭവത്തിന്റെ പ്രതിധ്വനിപോലെ അയാഠംക്ക തോന്നി. കാര്യഗതി ഏതാണ്ടു മനസ്സിലാക്കിയ അയാഠം തപ്പിത്തടഞ്ഞു് അവളുടെ അടുത്തു ചെന്നുനിന്നിട്ട്, പറഞ്ഞു: "എന്തി

നാണ് കരയുന്നതെന്നു പറയൂ. ഇങ്ങനെ ഒന്നും മിണ്ടാതെ കരഞ്ഞാൽ ഞാൻ പോവുകയാണ്."

തന്റേയും വിധിയുടേയും ഹസ്തങ്ങൾ ചേൎന്നു സൃഷ്ടിച്ച ആ സന്ദർഭത്തിന്റെ ആനുകൂല്യം ജാനകിയുടെ ഹൃദയത്തെ മഥിച്ചു. ഒരു ഭാഗത്തു ഭാസ്കരൻനായരുടെ ശാരീരിക സൌകുമാൎയ്യത്തിന്റെ പ്രലോഭനം; മറുവശത്തു ശുദ്ധഹൃദയനായ ഭൎത്താവിനെ വീണ്ടും വഞ്ചിക്കുന്നതിലുള്ള വേദന. ധൎമ്മബോധത്തിന്റെ പിടിയിലകപ്പെട്ട കായികാഭിലാഷം അവളുടെ ശരീരത്തെ തളൎത്തി. അവൾ തീരെ അശക്തമായ സ്വരത്തിൽ പറഞ്ഞു: "അയ്യോ! എനിക്കു വല്ലാതെയാവുന്നു! എന്തൊരു തളർച്ച!"

ഭാസ്കരൻനായർ ഇരുട്ടത്തുകട്ടിലിൽ ഇരുന്നു. അവളെ താങ്ങിയെടുത്തു മടിയിൽ കിടത്തിയിട്ടു്, തോളിൽ കിടന്ന കസവുവേഷ്ടിയെടുത്തു് അയാൾ ജാനകിയെ വീശാൻ തുടങ്ങി.

ഒരു ഞെക്കുവിളക്കിന്റെ പ്രകാശം ആ മുറിമുഴുവൻ വ്യാപിച്ചു. വിളക്കിന്റെ ഉടമസ്ഥൻ ഒററനോട്ടത്തിൽ അതിനകം മുഴുവൻ കണ്ടു. കിടയ്ക്കയുടെ ഒരററത്തു കിടന്നുറങ്ങുന്ന ശിശു; അതിനടുത്തായി സ്നേഹിതപത്നിയെ മടിയിൽക്കിടത്തി ശുശ്രൂഷിക്കുന്ന ഭാസ്കരൻനായർ; ഭർത്തൃസ്നേഹിതന്റെ മടിയിൽ അലക്ഷ്യമായ വസ്ത്രധാരണത്തോടെ, കുഴഞ്ഞു തളൎന്ന ശരീരത്തോടെ കിടക്കുന്ന ജാനകി.

ശങ്കരമേനോൻ ഞെക്കുവിളക്കു നിലത്തിട്ടു. അയാൾ ഒററച്ചാട്ടംകൊണ്ടു മുറിയ്ക്കകത്തു കിടന്ന കത്തി

കയ്യിലാക്കി, ജാനകിയെ ഇടത്തുകൈകൊണ്ടു പിടിച്ചു വലിച്ചു തറയിലൊരററത്തേയ്ക്കെറിഞ്ഞു. പെട്ടെന്നുണ്ടായ ദീപപ്രകാശത്താൽ അമ്പരന്ന ഭാസ്കരൻനായരെ കട്ടിലിൽനിന്നു പിടിച്ചിറക്കി മേനോൻ തുരുമാറായി വെട്ടിനുറുക്കി. അയാളുടെ വെളുത്തു ചുവന്ന ശരീരത്തിൻെറ അവയവഖണ്ഡങ്ങൾ, പിറന്നാൾസ്സദ്യയ്ക്കു ശേഖരിച്ചിരുന്ന കറിസ്സാമാനങ്ങളുടെ ഇടയിൽക്കിടന്നു മിന്നിത്തിളങ്ങി.

*　　　　*　　　　*

കാപട്യവും വഞ്ചനയും അറിഞ്ഞുകൂടാത്ത ആ കൈകളിൽ ഇരുമ്പുകാപ്പുകൾ വീണപ്പോൾ മേനോൻ ദുഃഖമശേഷവും കാണിച്ചില്ല. എട്ടു കൊല്ലത്തെ കഠിനതടവിന്നു ശിക്ഷിക്കപ്പെട്ടുജയിലിൽചെന്ന അയാൾ, തടവുകാരോട് ഒരു ക്രൂരമായ സംതൃപ്തിയോടെ തൻെറ കഥ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു: "ആളുകൾ എത്ര പറഞ്ഞിട്ടും അവൻ അങ്ങനെ ചെയ്യുമെന്നു ഞാൻ വിശ്വസിച്ചില്ല. ഒടുവിൽ, ജാനുവിന് എന്തോ ആപത്താണെന്ന് എൻെറ മനസ്സിനൊരു ഭ്രൂതാദയം തോന്നി; ഞാൻ പകുതി വഴിയായപ്പോൾ തിരിയെപ്പോന്നു. ദൈവം അതു കാണിക്കാനായി എന്നെ തിരിച്ചയച്ചതാണ്. പാവം! അവൾക്ക് എതിർക്കാൻ ശക്തിയുണ്ടോ? ബോധം കൂടെയില്ലാതെ കിടക്കുന്നു! എനിക്കും പിന്നെ ബോധമില്ലായിരുന്നു.....ഇനി ജാനുവിൻെറ കാര്യം അച്ഛൻ നോക്കിക്കൊള്ളും........"

ആ നെയ്ത്തുശാല ജാനകിക്കു വീണ്ടും അഭയമരുളി. കളങ്കമറിയാത്ത ബാലികയായിപ്പിരിഞ്ഞു

കൊലപാതകിയുടെ ഭാൎയ്യയായി തിരികെച്ചെന്ന അവൾ മാനേജരോടു പറഞ്ഞു: "ഞാൻ വേല ചെയ്യുന്ന ചോറു വേണം ഈ കുഞ്ഞുതിന്നാൻ. വല്ലവരും പാടുപെടുന്നതനുഭവിക്കാൻ ഇവനെന്തവകാശം?"

മാനേജർ കാൎയ്യം മനസ്സിലാകാതെ ജാനകിയെ സൂക്ഷിച്ചുനോക്കി. അവൾ ഒന്നും പറഞ്ഞില്ല. ജാനകിയുടെ തോളിൽ തലചായ്ച്ചു കിടന്നുറങ്ങിക്കൊണ്ടിരുന്ന ശിശു തല പൊക്കി അദ്ദേഹത്തിന്റെ നേരേ മുഖം തിരിച്ചു പെട്ടെന്നു് ആ ചിത്തത്തിൽ വിവാഹവിദ്വേഷിയായ ഭാസ്കരൻനായരുടെ രൂപം ഉദിച്ചുയൎന്നു. ആ കുഞ്ഞിന്റെ വിടൎന്നുതുടങ്ങുന്ന കണ്ണുകളിൽ ഭാസ്കരൻനായരുടെ നേത്രങ്ങളിലെ വശീകരണതാവും, കൊച്ചുചെഞ്ചുണ്ടുകളിൽ ഭാസ്കരൻനായരുടെ മന്ദഹാസത്തിന്റെ മനോഹാരിതയും പൊടിച്ചുതുടങ്ങുന്നതായി മാനേജൎക്കു തോന്നി.

★

# പൊന്നുംകുടം

ചൂണ്ട കരയ്ക്കു വലിച്ചെടുത്തിട്ട്, ഇടതുകൈ നെററിയിൽവെച്ചു സൂര്യപ്രകാശം തടഞ്ഞുകൊണ്ടു് അവൻ വീണ്ടും അക്ഷമനായി പടിഞ്ഞാറുദിക്കിലേയ്ക്കു നോക്കി. ഒരു ജീവിയേയും കാണാനില്ല. ചെറിയൊരു ദേഷ്യത്തോടെ ചൂണ്ട കൈയ്യിലെടുത്തു് ഇര കോർത്തു് ആററിലേയ്ക്കെറിഞ്ഞു്, ഏകാഗ്രതയോടെ അവൻ ആററിൽ നോക്കിക്കൊണ്ടിരിപ്പായി.

കാക്കാലന്മാരിൽനിന്നും വാങ്ങിയ വിലകുറഞ്ഞ വിചിത്രവർണ്ണത്തിലുള്ള ഒരു പരുക്കൻപാവാടയും ജമ്പറും ധരിച്ചു്, ചീകിയൊതുക്കാത്ത തലമുടി കാററിൽ പറപ്പിച്ചുകൊണ്ടു് ഓടിയണഞ്ഞെത്തിയ പത്തു വയസ്സായ ഒരു പെൺകുട്ടിയുടെ കറുത്ത കൈകൾ അവന്റെ കണ്ണുകളെ പൊത്തിപ്പിടിച്ചു. അവൻ ചൂണ്ടത്തൽ തറയിൽ വെച്ചു്, രണ്ടു കൈകൊണ്ടും ആ കൈകളെ പിടിച്ചുമാററി, തിരിഞ്ഞു നോക്കാതെ മുഖം വീർപ്പിച്ചുകൊണ്ടിരുന്നു. അവൾ അവന്റെ ചുരുണ്ട തലമുടിയെ പിടിച്ചുവലിച്ചുകൊണ്ടു പറഞ്ഞു: "എടാ നോക്ക്, ഇന്നു ഞങ്ങടെ സാർ ഒരു രസ്യൻകഥ പറഞ്ഞു തന്നു."

അവൻ അതു കേൾക്കാത്തതുപോലെ വീണ്ടും ചൂണ്ടത്തൽ കയ്യിലെടുത്തു "ഔഹാ! നീ എന്നോടു പിണങ്ങിയാണോ! എന്നാലിതാ, നോക്കിക്കോ." എന്നു പറഞ്ഞു് അവൾ ഒരു കുട്ടിക്കരണം മറിഞ്ഞു് അവന്റെ

മടിയിൽ തലവെച്ചു കിടന്നു കൊണ്ടു്, രണ്ടു കൈ കൊണ്ടും അവൻെറ മുഖത്തെ ബലമായി പിടിച്ചു തൻെറ നേക്കു തിരിച്ചിട്ടു്, കഥ പറയാൻ തുടങ്ങി: "പിന്നെ, ഒരു രാജ്യത്തു് ഒരു രാജാവുണ്ടായിരുന്നു. രാജാവെന്നു വച്ചാ ചക്രവത്തിതന്നെ. വലിയ കേമൻ ചക്രക്കാരൻ. തങ്കക്കൊട്ടാരത്തിലാർന്നു താമസം. ഉടുക്കന്നതുംകൂടെ തങ്കമുണ്ടു്!"

കഥാശ്രവണോത്സുകതയിൽ പരിഭവം വിസ്മരിച്ചു് അവൻ ചോദിച്ചു: "രാജാവിൻെറ പേരെന്നതാ?"

കറുത്ത കണ്ണുകൾ നന്നേ വികസിപ്പിച്ചു്, പുരികങ്ങൾ പൊക്കി കുറെനേരം ചിന്തിച്ചിട്ടു്, അവൾ പറഞ്ഞു: "പേരെന്താന്നു ഞാനോക്കുന്നില്ല. ഒരു വെഷമംപിടിച്ച പേരാ. നമ്മെപ്പോലത്തെ പേരാണോ വലിയാളുകൾക്കു്!"

"എന്നാലെനിക്കു നിൻെറ കഥ കേൾക്കണ്ടാ." അവൻ അവളുടെ തല പിടിച്ചുമാററി നീങ്ങിയിരുന്നിട്ടു്, പറഞ്ഞു: "പേരെന്താന്നു് ഓത്തിട്ടു കഥ പറഞ്ഞാ മതി."

അവൾ എണീററിരുന്നാലോചിച്ചു; മുട്ടുകുത്തിക്കിടന്നു് നെററി തറയിൽ അമത്തിവെച്ചുകൊണ്ടു് മസ്തിഷ്കത്തെ ക്ലേശിപ്പിച്ചു. എന്നിട്ടും സ്മരണശക്തി സഹായിച്ചില്ല; അവൻ അനുകൂലഭാവം കാണിച്ചുമില്ല. നിരാശകൊണ്ടും ദുഃഖംകൊണ്ടും ആ വലിയ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. "എന്നാൽ പിന്നെ ഞാൻ നാളെ സാറിനോടു ചോദിച്ചിട്ടുവന്നു കഥ പറയാം" എന്നു പറഞ്ഞിട്ടു് അവൾ എഴുന്നേററു ഭവനാഭിമുഖമായി നടന്നു. പെട്ടെന്നവൻ ചൂണ്ടുത്തൽ തറയിലെറി

ഞ്ഞു പുറകേ ഓടി അവളെ പിടിച്ചുവലിച്ചുകൊണ്ടു പറഞ്ഞു: "വാടീ പെണ്ണേ, രാജാവിൻെറ പേരു നാം പറഞ്ഞുകൂടാ. നീ കഥ മുഴുവൻ പറ."

അവൻ തറയിലിരുന്നു വീണ്ടും ചൂണ്ടനൂൽ കൈയ്യിലെടുത്തു. അവൻെറ വലംതോളിൽ കൈ രണ്ടും വെച്ച് മുതുകിൽ ചാരിക്കിടന്നുകൊണ്ട് അവഠം പറഞ്ഞു: "അങ്ങനെ വലിയാളായി ഇരുന്നിരുന്ന് ഒത്തിരി യുദ്ധമെല്ലാം ചെയ്ത് ആ രാജാവങ്ങു പാവമായിപ്പോയി. പാവമെന്നുവെച്ചാൽ പിച്ചക്കാരനായിപ്പോയെന്നേ. പിച്ചപ്പാളയുമായി വീടുവീടായി തെംണ്ടടാ തെണ്ടു്."

അവൻ ചൂണ്ട വലിച്ചെടുത്തു. അതിൽ കുരുങ്ങിക്കിടന്ന മീനിനെക്കണ്ടുണ്ടായ സന്തോഷം, പ്രതാപവാനായിരുന്ന രാജാവിൻെറ ദുർവ്വിധിയെപ്പററിയുള്ള സഹതാപത്തിൽ അമന്നുപോയി.

അവഠം കഥ തുടന്നു: "അങ്ങനെ പിച്ചകിട്ടിയ അരി വിററു ചക്രമൊണ്ടാക്കി രാജാവ് ഒരു വല വാങ്ങിച്ചു."

അവൻ തലയുയത്തി, അത്ഭുതപൂവ്വം ചോദിച്ചു: "അയ്യോ! രാജാവു മുക്കോനായിക്കളഞ്ഞോ?"

"ഛീ പ്പോടാ. നീ മുക്കോനാണോ? വേറെ പെഴപ്പിനു വഴിയില്ലാത്തകൊണ്ടു മീൻപിടിച്ചു പെഴയ്ക്കാമെന്നു വിചാരിച്ചു. അതുകൊണ്ടാ പിന്നേം രാജാവായേ."

"പിന്നേം രാജാവായോ?" അവന് അതിയായ ഉത്സാഹവും സന്തോഷവും തോന്നി. അവളെപ്പിടിച്ചു

തൻെറ മുമ്പിലിരുത്തിയിട്ട് അവൻ പറഞ്ഞു: "അതെങ്ങനാന്നു പറ."

"അതല്ലയോ പറയാൻ പോകുന്നേ! ഒരു ദിവസം രാജാവിന്നു വലിയ സങ്കടം തോന്നി. കൊട്ടാരത്തിലിരുന്ന ആളിന്നു മീൻപിടുത്തക്കാരനായാൽ ദുഃഖം തോന്നാത്തില്ലേ? അയാളങ്ങു കരഞ്ഞു. കരച്ചിലോടു കരച്ചില്. എന്നിട്ടൊടുവിൽ വലയെടുത്തു വീശി. കൊറെക്കഴിഞ്ഞു വല വലിച്ചുകേററിയപ്പം അതിൽ എന്താന്നാ നിൻെറ വിചാരം?"

"ഒത്തിരി മീന്. വരാലും കാരിയും—"

"ഛേ, നിനക്കൊരു മണ്ണാങ്കട്ടയുമറിയത്തില്ല. വലയ്ക്കകത്ത് ഒരു വലിയ തങ്കക്കൊടം."

"അതിനകം നിറച്ചെന്നാതാ, മത്തിയോ?"

"എടാ മീൻകൊതിയാ, അതിനകത്തു നിറയെ പൊന്നാരുന്നു. പൊൻതുട്ടുകളെന്നേ, പവനും തങ്കവും ഒക്കെക്കൂടൊരു മേളം."

"അങ്ങനെ ഒത്തിരി ചക്രം കിട്ടിയപ്പം അയാള് പിന്നേം രാജാവായി, ഇല്ലേ?"

"അതേടാ ചെറുക്കാ, അതെ"

ചൂണ്ടയിൽ കോർത്തുകിടന്ന മത്സ്യത്തെ വേർപെടുത്തി ഒരു ക്രൂടയിൽ നിക്ഷേപിച്ചിട്ട്, അവൻ വീണ്ടും ഇര കോർത്തു ചൂണ്ട ആററിലേയ്ക്കെറിഞ്ഞു. അവൻെറ പ്രവൃത്തികൾ നോക്കികൊണ്ടിരുന്ന അവൾ പെട്ടെന്നു ചാടിയെണീററ് ചെളിപററിയ അവൻെറ കഴുത്തിൽ കെട്ടിപ്പിടിച്ച്, കറുത്ത ഒരു തോർത്തുമാത്രം ചുററിയി

ട്ടുള്ള അവൻെറ ശരീരത്തെ മുന്നോട്ടും പിന്നോട്ടും ആട്ടിക്കൊണ്ടു പറഞ്ഞു: "നീയും ഒരു വല വാങ്ങിക്കു. എന്നാൽ നെനക്കും എന്നെങ്കിലും ഒരു പൊന്നുംകുടം കിട്ടും. തീർച്ചയായും കിട്ടുമേ. ഈശ്വരനാണെ കിട്ടും."

അവൻ ഇടതുകയ്യിൽ മീൻക്കൂടയെടുത്തു്, വലതുകയ്യാൽ അവളെ കെട്ടിപ്പിടിച്ചുകൊണ്ടു ആനന്ദത്തള്ളലിൽ നാലഞ്ചു വട്ടം കറങ്ങി.

* * *

ജഗൽകർത്താവു് പ്രപഞ്ച പ്രവാഹത്തിലേയ്ക്കു് അലക്ഷ്യമായിട്ടെറിഞ്ഞ രണ്ടു കൃഷ്ണകുസുമങ്ങളായിരുന്നു കരിമനും വള്ളിയും. അവൻെറ അമ്മ വല്ല ഓമനപ്പേരും അവന്നു നൽകിയിരിക്കാം. പക്ഷെ അവൻെറ കട്ടിയായ കറുപ്പുനിറം കണ്ടു നാട്ടുകാർ നൽകിയ കരിമനെന്ന പേരാണു് അവൻെറ സാക്ഷാൽ നാമധേയമായിത്തീർന്നതു്. നിർദ്ധനയും വിധവയുമായ അവൻെറ അമ്മ അയൽപക്കത്തുള്ള വീടുകളിൽ വിടുപണിചെയ്തു് പുത്രനെ പട്ടിണിക്കിടാതെ വളർത്തി.

കരിമനേക്കാൾ അഞ്ചു വയസ്സിനിളയതായിരുന്നു വള്ളി. സുബ്രഹ്മണ്യപ്രീതി നൽകിയ കുഞ്ഞെന്ന നിലയിൽ അവൾക്കു വള്ളി എന്നു പേരിട്ടു. അവളുടെയും കരിമൻെറയും അമ്മമാർ തമ്മിലുള്ള സഖ്യം ഏററവും നിസർഗ്ഗമധുരമായ മൈത്രിയായി മക്കളിലേക്കു പകന്നു.

ശിശുപ്രായം കഴിഞ്ഞ കാലം മുതൽ കരിമൻ മീൻപിടുത്തത്തിലാണുത്സാഹം കാണിച്ചതു്. അഞ്ചുവയസ്സുവരെ വള്ളിയും അവനെ നിത്യവും നദീതീരത്തിലേക്കു അനുഗമിച്ചിരുന്നു. പക്ഷേ അഞ്ചാംവയസ്സിൽ

അവളുടെ അച്ഛൻ അടുത്തുള്ള ഒരു കുടിപ്പള്ളിക്കൂട ത്തിൽ അവളെ പഠിക്കാനയച്ചു. കൂട്ടുകാരി പിരിഞ്ഞ പ്പോഠം കരിമനു വല്ലാത്ത വേദന തോന്നിയെങ്കിലും, അക്ഷരാഭ്യാസത്തിൽ അവനു ശേഷം ഇഷ്ടം തോന്നി യില്ല. വിദ്യാഭ്യാസച്ചെലവുകൂടി താങ്ങാൻ ഒരു നിവൃ ത്തിയും കാണാത്തതുകൊണ്ടു അമ്മ അവനെ നിർബ്ബ ന്ധിച്ചതുമില്ല. വൈകുന്നേരം, വള്ളിയുടെ വരവു കാ ത്തുകാത്തിരുന്നു് അവൻ പകൽ മുഴുവൻ കഴിച്ചുകൂട്ടി. പരിഷ്കാരസൂര്യന്റെ കിരണമേല്ക്കാത്ത ആ കറുത്ത കൊച്ചുമുഖങ്ങളെ ആററിനക്കരെയിലുള്ള പച്ചിലമരങ്ങ ളുടെ ഇടയിലൂടെ ആദിത്യൻ പതിവായി കണ്ടു രസി ച്ചിരുന്നു.

അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും നല്ലവണ്ണം പഠി ച്ചുകഴിഞ്ഞപ്പോഠം വള്ളി കരിമനെ ഒരു ശിഷ്യനാ ക്കാൻ പ്രയത്നിച്ചുനോക്കി. വല്ലവിധവും വളരെ പ ണിപ്പെട്ടു് അവനെ സ്വന്ത നാമമെഴുതാൻ അവഠം പ്രാപ്തനാക്കി. 'കരിമൻ' എന്നവൻ എഴുതുമ്പോളെ ല്ലാം 'രി' എന്ന അക്ഷരത്തിലെ വള്ളിവിട്ടുപോയ പ്പോഠം അവഠം പറഞ്ഞു: "എടാ, രയുടെ മോളിൽ ക്കൂടെ ഒരു വള്ളി ഇടു്. വള്ളി ഇല്ലെങ്കിൽ കരി മനില്ല."

വളരെനേരം മൌനമായി ആകാശത്തേയ്ക്കു നോ ക്കിക്കൊണ്ടിരുന്നിട്ടു് ഒടുവിൽ, അവഠം പറഞ്ഞ സം ഗതി തന്റെ പ്രജ്ഞാകേന്ദ്രത്തിൽ സുദൃഢമായി പ തിഞ്ഞുവെന്നു തീർച്ചയായപ്പോഠം കുനിഞ്ഞു തറയിൽ തന്റെ പേർ ശരിയായി എഴുതിയിട്ടു്, അവൻ പ

റഞ്ഞു: "ശരി, അപ്പം വള്ളിയില്ലെങ്കിൽ കരിമനില്ല, അല്ലേ? ഇനിയെനിക്കു തെററത്തില്ല."

കുടിപ്പള്ളിക്കൂടത്തിൽനിന്നും വള്ളിക്കു് അടുത്തുള്ള ഒരു പ്രൈമറിസ്കൂളിലേയ്ക്കു സ്ഥലംമാററം കിട്ടിയതിൽ പിന്നീടൊരുദിവസം വൈകുന്നേരം, അവൾ സ്കൂളിൽനിന്നു വീട്ടിലേയ്ക്കു പോകാതെ, സ്ലേററും പുസ്തകവുമായി നേരേ നദിക്കരയിലേയ്ക്കു് ഓടി. ദൂരെ വെച്ചു കരിമനെ കണ്ടയുടൻതന്നെ അവൾ വലിയ ജിജ്ഞാസയോടെവിളിച്ചുചോദിച്ചു: "എടാ, നിൻെറ അച്ചനെന്തിയേ?"

പരിചയമില്ലാത്ത ഒരു പദം ചേർത്തുള്ള പ്രതീക്ഷിക്കാത്ത ആ ചോദ്യം അവൾ ചോദിച്ചപ്പോൾ, പുതിയ ഒരു മത്സ്യത്തെക്കണ്ടാലെന്നതുപോലെ, അവൻ നെററിചുളിച്ചു് അവളെ നോക്കിക്കൊണ്ടുനിന്നതല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല. ഇതിനിടയ്ക്കു് അവൻെറ അടുത്തെത്തിയ അവൾ അവനെ പിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു: "ഇന്നു സാർ പറഞ്ഞു, അച്ചനുള്ള കുട്ടികളെല്ലാം ഭാഗ്യമുള്ളവരാണു്. നിൻെറ അച്ചനെവിടേന്നു പറ. നിനക്കച്ചനില്ലേ?"

കുറെനേരം ഇടതുകൈ നെററിയിലമർത്തി നിന്നാലോചിച്ചിട്ടു് ഒടുവിൽ നെററിയിൽനിന്നും കയ്യെടുത്തിട്ടു്, പല്ലു മുപ്പത്തിരണ്ടും കാണിച്ചു ചിരിച്ചുകൊണ്ടു് അവൻ പറഞ്ഞു: "ആ! ഇപ്പോഴാണോമ്മ വന്നതു്. എനിക്കു ഭാഗ്യമില്ലെന്നാരാ പറഞ്ഞേ? എൻെറ അച്ചനെ നിനക്കറിഞ്ഞൂടേ? ആ വലിയ നീണ്ട ഉടുപ്പുമിട്ടോണ്ടു പള്ളിയിരുപോകുന്ന ആളിനെ

നീ കണ്ടിട്ടില്ലേ? അയാൾ എന്റെ അച്ഛനാണെന്നറിഞ്ഞു വെച്ചുകൊണ്ടു നീ എന്തിനാടീ ഇത്ര വെപ്രാളപ്പെട്ടു വന്നു ചോദിച്ചതു്?"

*   *   *   *

വെറും ഒരു മടക്കഴുതയായിരുന്നു കരിമൻ. പരിഹാസവും പ്രശംസയും തിരിച്ചറിയാൻപോലും അവനു കഴിഞ്ഞിരുന്നില്ല. ധനസ്ഥിതിയിലുള്ള അന്തരം കാണാനുള്ള കണ്ണു് ദൈവം അവനു കൊടുത്തിട്ടില്ലായിരുന്നു. അവന്റെ തലയ്ക്കകത്തു് തലച്ചോർ അശേഷവും ഇല്ലെന്നാണു് നാട്ടുകാർക്കും അവന്റെ അമ്മയ്ക്കും അനുഭവപ്പെട്ടതു്.

ഒരു ധനസമ്പാദനേച്ഛുവായിരുന്നു വള്ളിയുടെ അച്ഛൻ. കൂട്ടുകാരനേക്കാൾ ബുദ്ധിയും ധനവും തനിക്കുണ്ടെന്നു വള്ളിക്കു നല്ലവണ്ണം അറിയാമായിരുന്നു. പക്ഷേ അവളുടെ വിവേകത്തിനു് അവനോടുള്ള സഹവാസസൌഖ്യം നശിപ്പിക്കാനോ നിയന്ത്രിക്കാനോ കഴിഞ്ഞില്ല. കാന്തക്ഷേത്രങ്ങളുടെ ദക്ഷിണോത്തരധ്രുവഭാഗങ്ങൾക്കെന്നപോലെ, പ്രകൃതത്തിലുള്ള വൈപരീത്യമായിരുന്നിരിക്കണം അവരുടെ അപ്രതിരോദ്ധ്യമായ ആകർഷണത്തിനു ഹേതു... .....

കാലത്തിന്റെ കൈകൾ കൌമാരലക്ഷണങ്ങളെ കുറേശ്ശയായി തുടച്ചുമാററിക്കൊണ്ടിരുന്നു. ഇന്നവർ കൊച്ചുകുട്ടികളല്ല. പക്ഷേ പതിനഞ്ചും ഇരുപതും കൊല്ലത്തെ ജീവിതം എന്തെങ്കിലും ലോകപരിചയം നേടിക്കൊടുത്തതിന്റെ ലക്ഷണങ്ങളൊന്നും അവരിൽ കാണാനില്ലായിരുന്നു.

കഠിനമായ ബുദ്ധിമാന്ദ്യത്തിന്നധീനനാണ് കരിമനെന്ന അഭിപ്രായം ഒന്നിനൊന്നു പ്രബലമായേതയുള്ളൂ; കുട്ടിക്കാലത്തുണ്ടായ ഒരു വീഴ്ചയിൽ തലയ്ക്കു പററിയ തകരാറാണ് അതെന്ന് അവന്റെ അമ്മ കണ്ണീരോടെ പറഞ്ഞു കേൾപ്പിച്ചതു ശരിയാണെന്ന് എല്ലാവക്കും തോന്നി. അവനുമായുള്ള സംസഗ്ഗം സാന്മാഗ്ഗിക വ്യതിചലനങ്ങൾക്കൊന്നും ഇടയാക്കുകയില്ലെന്നു നിശ്ചയമായിരുന്നതുകൊണ്ട് ആരും അവരുടെ മൈത്രി കാര്യമായിക്കരുതിയില്ല. അവർ തമ്മിലുള്ള പെരുമാററത്തിൽ മാററമൊന്നും ഉണ്ടായതുമില്ല.

ഇന്നും എല്ലാ സായാഹ്നത്തിലും, കട്ടികൂടിയ, വില കുറഞ്ഞ സാരി ചുററി, കടുത്ത കൃഷ്ണവണ്ണത്തിലും രക്തപ്രസാദം പ്രത്യക്ഷപ്പെടുന്ന ആരോഗ്യത്തോടുംകൂടിയ ആ പെൺകുട്ടി തുള്ളിച്ചാടി അവന്റെ അടുത്തേയ്ക്കു വരാറുണ്ട്. ഇന്നവൾ സ്കൂളിൽ പോകുന്നില്ലെങ്കിലും എന്തെങ്കിലുമൊക്കെ ധാരമുറിയാതെ പണ്ടത്തെപ്പോലെ പറഞ്ഞു കൊണ്ടേയിരിക്കും. അവളുടെ ഓർമ്മശക്തിയെ അവമാനിക്കുന്ന ചോദ്യങ്ങൾ ചോദിച്ച് അവൻ വിഷമിപ്പിക്കുമ്പോൾ അവൾ പിണങ്ങിപ്പോകുന്നതും, അവൻ പുറകേ ഓടി ഇണക്കുന്നതും ഇന്നും സാധാരണയാണ്. അവൻ വളരെ കഷ്ടപ്പെട്ടു വാങ്ങിയ വല ആററിലേയ്ക്കു വീശി ജലത്തിൽ ദത്തദൃഷ്ടിയായിരിക്കുമ്പോൾ, അവൾ പുറകിൽ നിന്ന് അവന്റെ കഴുത്തിൽ കൈകൾചുററി, തുടുത്ത കവിൾ അവന്റെ പരുപരുത്ത മുഖത്തോടു ചേർത്തുകൊണ്ടു കഥകൾ പറയുന്നതിൽ ഒരസ്വാഭാവികതയും അവർ ദശിച്ചില്ല. മനുഷ്യരൂപത്തിലുള്ള ആ കഴുതയുമായുള്ള

ക്കൂട്ടുകെട്ടിൽ അപവാദോത്സുകമായ ലോകം ശ്രദ്ധിച്ചതുപോലുമില്ല.

*  *  *  *

അന്ന് ഒരു ശനിയാഴ്ചയായിരുന്നു. തനിയേ ഇരുന്ന് അവനു മുഷിഞ്ഞു. അന്തിസൂര്യന്റെ തങ്കരശ്മികൾ നദീജലത്തിൽ പൊന്നലർ നിർമ്മിച്ചപ്പോഴും അവളുടെ ശബ്ദം അവനെ ഉന്മേഷവാനാക്കിയില്ല. ഏകാന്തതയാൽ ദേഷ്യം വന്ന് അവൻ വല കോപത്തോടെ കരയിലെടുത്തിട്ട് അതിനടുത്തായി കമിഴ്ന്നു കിടന്നു.

ഓടിക്കിതച്ചു വന്ന വള്ളി അവന്റെ തലപിടിച്ചുയർത്തി ഉത്സാഹപൂർവ്വം പറഞ്ഞു: "എടാ, ഒരു വലിയ വിശേഷം. ഇന്നു വീട്ടിൽ ഒരാൾ വന്നിരുന്നു. എന്തൊരു വേഷക്കാരനാണെന്നോ! സാധാരണ ഉടുപ്പിന്റെ പുറത്തു തുറന്ന ജാക്കററുപോലുള്ള ഒരുടുപ്പുമിട്ട്, എടത്തേക്കയ്യിലൊരു സൂത്രവും കെട്ടി, ചെരുപ്പുമിട്ട്—ആ കപ്പാടെ ഒരു രസംപിടിച്ച കോലം തന്നാരുന്നു!"

അവൻ എഴുന്നേററിരുന്നിട്ടു ചോദിച്ചു: "എന്നിട്ടെന്താ നീയെന്നെ വിളിക്കാത്തേ?"

അവൾ പരിഭവ പ്രകടനത്തോടെ പറഞ്ഞു: "അതുപിന്നെങ്ങനാ! അയാൾ പോന്നവരെ അമ്മ എന്നെ വെളിയിലെങ്ങും വിടത്തില്ലെന്നേ."

അവൻ വലവീശാൻ സജ്ജമാക്കിക്കൊണ്ടിരിക്കെ ചോദിച്ചു: "അയാളെന്തിനാ വന്നേ?"

"ഇവിടത്തെ പള്ളിക്കൂടത്തിൽ സാററായിട്ടു വരുവാന്ന് അമ്മ പറഞ്ഞു, ഞങ്ങടെ വീട്ടിലാ താമസി

ക്കന്നേ. ഒരു പക്ഷേലു്, ഭാഗ്യമൊണ്ടെങ്കിൽ അയാളെന്നെ കല്യാണം കഴിക്കുംപോലും!"

അതൊരു കാര്യമായ വാർത്തയായി അവനു തോന്നിയില്ല; 'അച്ഛനൊരു സാരി വാങ്ങിത്തരും' എന്നോ 'നാളെ മഴ കാണത്തില്ല' എന്നോ പറയുന്ന സ്വരത്തിലാണവൾ പറഞ്ഞതും. അവൻ നിസ്സാരഭാവത്തിൽ പറഞ്ഞു: "എന്നാപ്പിന്നെ കൊള്ളാമല്ലോടീ."

അന്നു് അവനൊരു സുദിനമായിരുന്നു. വലയിൽ കിടന്നു കളിച്ച നിരവധി മത്സ്യങ്ങളെപ്പോലെ അവന്റെ ഹൃദയം തുള്ളിച്ചാടി.

അടുത്ത ശനിയാഴ്ച ഉച്ചതിരിഞ്ഞു പതിവുപോലെ ആററുകരയിലേക്കു അവൻ ചെന്നപ്പോൾ, പതിവില്ലാത്തവിധം വള്ളി നേരത്തേ ഹാജരായിരുന്നു. അവളുടെ മുഖഭാവത്തിൽ എന്തോ ഒരനിഷ്ടസംഭവത്തിന്റെ സൂചന കാണുന്നുണ്ടെന്നു് അവന്റെ മാന്ദ്യം പിടിച്ച ബുദ്ധിക്കുതോന്നി. വല തറയിലിട്ടിട്ട് അവളുടെ അടുത്തുചെന്നിരുന്നുകൊണ്ടു് അവൻ ചോദിച്ചു: "നീ ഇങ്ങനെ മുഖം വീപ്പിച്ചിരിക്കുന്നതെന്തിനാ?"

അവന്റെ ചോദ്യം അവളുടെ നിയന്ത്രണശക്തിയെ ഭിന്നമാക്കി. അവൾ കൈകൾകൊണ്ടു മുഖം പൊത്തി വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടു പറഞ്ഞു: "പിന്നേടാ, അമ്മ അന്നു പറഞ്ഞതെല്ലാം കള്ളമാരുന്നു. കല്യാണമൊക്കെ തീർച്ചപ്പെടുത്തി. പക്ഷേല് അയാളു് ഇവിടെ താമസിക്കുകേല. എന്നെ ഇവിടുന്നു കൊണ്ടുപോവുംപോലും."

ആ വാൎത്ത ദുഃഖകരമെന്ന് അവന്നു തോന്നിയില്ല. 'വല ശരിയാക്കുന്നതിലായിരുന്നു അവൻെറ ശ്രദ്ധ മുഴുവനും. അവൻ ചോദിച്ചു: "എവിടാ?"

"ഒത്തിരി ദൂരെയാന്ന് അമ്മ പറഞ്ഞു." അവൾ മുഖത്തുനിന്നു കൈ മാററിയിട്ടു ചോദിച്ചു: "നീയുംകൂടെ വരത്തില്ലേ?"

"നീ പോണതെന്തിനാ? പോത്തില്ലെന്ന് അമ്മയോടു പറ." അവളുടെ തലയിൽ വെയിൽ തട്ടുന്നതു കാണുകയാൽ അവൻ അവളെ പിടിച്ചു തണലത്തേക്കു നീക്കിയിരുത്തി.

കരയ്ക്കടുത്ത് കുറെ മീൻകൂട്ടം കാണുകയാൽ അവൻ വലവീശി. അവളുടെ സങ്കടത്തിൽ ശ്രദ്ധിക്കാനേ അന്നവന്നു സമയമില്ലായിരുന്നു.

അന്നു രാത്രി വള്ളി ഒരുപോളു കണ്ണടച്ചില്ല. എന്തോ അഹേതുകമായ ഒരസ്വാസ്ഥ്യം കരിമനേയും അലട്ടിക്കൊണ്ടിരുന്നു. അവളുടെയഴലിൻെറ അലയാണ് ആ അസ്വാസ്ഥതയ്ക്കു ഹേതുവെന്ന് അവൻെറ അസംസ്കൃതഹൃദയത്തിന്നു മനസ്സിലായില്ല.

പിറേറദിവസം പതിവുപോലെ ആററുകരയിലെത്തിയ അവൻ രണ്ടു പ്രാവശ്യം വലവീശി. ആദ്യത്തെ പ്രാവശ്യം കിട്ടിയതു കുറേ തടിക്കഷണങ്ങൾ; രണ്ടാമത്തെതവണ കുറേ കറുത്ത പഴന്തുണിത്തുണ്ടുകൾ. മീൻ കിട്ടാത്തതിനേക്കാൾ വള്ളിയുടെ അഭാവം അവനെ ശുണ്ഠിപിടിപ്പിച്ചു. വല്ലാതെ ദേഷ്യം വന്ന് അവൻ പഴന്തുണിയോടെ വല വലിച്ചെറിഞ്ഞിട്ടു തറയിൽ കമഴ്ന്നു കിടന്നു.

നേരം വളരെക്കഴിഞ്ഞു. വെമ്പാലാടെ അവൻ തലപൊക്കി നോക്കി. പൊൻനിറം പുരണ്ട ചക്രവാളത്തിൽ അക്കൻ അദൃശ്യനാകാൻ തുടങ്ങിയിരുന്നു.

പെട്ടെന്നു് അവൻെറ ഹൃദയം ശാന്തമായി. ആ ശാന്തിയുടെ ഉത്ഭവസ്ഥാനമറിയാനെന്ന പോലെ അവൻ തലയുയർത്തി നാലുപാടും നോക്കി. പഴന്തുണിക്കഷണങ്ങൾ എടുത്തു കളഞ്ഞു വല വൃത്തിയാക്കികൊണ്ടിരുന്ന വള്ളിയെക്കണ്ടപ്പോൾ അവനു കോപമാണു് വന്നതു്. അവളുടെ കദനഭാവം വകവെയ്ക്കാതെ അവൻചോദിച്ചു: "എന്താടീ വരാനിത്രതാമസിച്ചേ?"

"അതു പിന്നെങ്ങനാ!" അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. "അമ്മ വിടത്തില്ല, ഞാനിങ്ങനെ ഇവിടെ വരുന്നതു കല്യാണം കഴിക്കാൻ പോനായാള് കണ്ടാൽ കുറച്ചിലാണുപോലും!"

"അതാണോ കാര്യം?" ഒരു നിമിഷവും ചിന്തിക്കാതെ പെട്ടെന്നു പ്രതിവിധി കണ്ടുപിടിച്ച വിജയഭാവത്തിൽ അവൻ പറഞ്ഞു: "നീ അമ്മയോടു പറ, അയാളോടു പോകാൻ പറയാൻ. ഞാൻ നിന്നെ കല്യാണം കഴിച്ചോളാം."

"അതെങ്ങനാ?" അവൾ വീണ്ടും വിഷാദപൂർവ്വം പറഞ്ഞു: "വലിയ പണക്കാരനാ അയാൾ. നിനക്കെവിടുന്നാ പണം?"

ആ ചോദ്യം അവനെ വിഷമിപ്പിച്ചു. പണക്കാരനാകുന്നതിൻെറ പ്രയോജനം അന്നോവരെ അവനജ്ഞാതമായിരുന്നു. അന്നന്നത്തെ ആവശ്യത്തിനുള്ള

ചക്രമേ എപ്പോഴും അവൻ ആശിച്ചിട്ടുള്ളു. ധനാഗമ മാർഗ്ഗം എത്ര ദുഷ്കരമാണെന്നു അവന് ഊഹിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. പെട്ടെന്നു പണക്കാരനാകാനുള്ള പല വഴികളും അവന്റെ തലച്ചോറില്ലാത്ത തലയിലൂടെ കടന്നുപോയി. ഒടുവിൽ ആഹ്ലാദത്തോടെ കൈകൊട്ടിച്ചാടിയെണീററുകൊണ്ടു അവൻ പറഞ്ഞു: "പണത്തിനെന്താടീ വെഷമം? എനിക്കു പൊന്നുംകുടം കിട്ടുവം എന്നേക്കാൾ പണക്കാരനാരാ ഭൂമിയിൽ?"

"പക്ഷെ പൊന്നുംകുടം കിട്ടാതെ ആരും സമ്മതിക്കേകേല." അവനെപ്പോലുള്ള ശുഭാപ്തിവിശ്വാസം അവൾക്കില്ലായിരുന്നു. അവന്റെ സന്തോഷം കണ്ടിട്ടും അവളുടെ മുഖം പ്രസന്നമായില്ല. "അടുത്തതിന്റടുത്ത ഞായറാഴ്ചയാ കല്യാണം. പിന്നീടു ഞാനവിടെ കാണത്തുമില്ല; നിന്നെ കല്യാണം കഴിക്കാൻ പിന്നെ സമ്മതിക്കത്തുമില്ല."

"അതിനെന്താ?" ശരിയായ സന്ദർഭത്തിൽ വിധിയുടെ ഹസ്തം തന്നെ കുബേരസ്ഥാനത്തേയ്ക്കുയർത്തുമെന്ന് അവന്റെ ആസ്തികഹൃദയം വിശ്വസിച്ചു. "ഇന്നുതന്നെ ഞാൻ നിന്റെ അപ്പനോടു ചെന്നു പറയാം. ഞായറാഴ്ച കല്യാണത്തിനു മുമ്പ് എനിക്കു പൊന്നുംകുടം കിട്ടുകില്ലേന്നു കാണാമല്ലോ! പിന്നെ ഞാനല്ലാതാരാ നിന്നെ കല്യാണം കഴിക്കുന്നേ?"

അപൂർവ്വം ചില സന്ദർഭങ്ങളിൽ ചെയ്യാറുള്ളതുപോലെ അന്ന് അവൾ വലവീശി. വള്ളിയുടെ സൌഭാഗ്യം പിടിച്ചു കൈകൾകൊണ്ടെറിഞ്ഞ ആ വല വ

ലിച്ചെട്ടത്തപ്പോറം അവൻ ആനന്ദംകൊണ്ടു തുള്ളി ച്ചാടിഴപ്പായി.

വലംകൈയിൽ മീൻക്കുട തൂക്കിപ്പിടിച്ചു്, ഇടതു തോളിൽ വലയും തൂക്കിയിട്ടുകൊണ്ടു് ചെന്ന കരിമൻ വാതില്ക്കൽ നിന്നു ചില മിത്രങ്ങളുമായി വിവാഹാഘോഷത്തെപ്പററി ആലോചിച്ചുകൊണ്ടിരുന്ന വള്ളിയുടെ അച്ഛനോടു പറഞ്ഞു: "വള്ളിയെ ഞാൻ കല്യാണം കഴിച്ചോളാം. അവളെയെന്തിനാ കണ്ടടത്തുന്നു വന്നാവൻെറ കൂടെ അയയ്ക്കുന്നേ?"

ആ ബലിഷ്ഠമായ ദേഹം താങ്ങുന്ന തല ചിന്താശക്തിയും ഗ്രഹണപടുതയും ഇല്ലാത്തതാണെന്നു ധരിച്ചിരുന്നതിനാൽ വള്ളിയുടെ അച്ഛൻ ഒന്നും ചോദിച്ചില്ല. കൂട്ടത്തിലൊരാറം ചോദിച്ചു: "നിനക്കതിന്നു പുടകയും മററും വാങ്ങാൻ പണമെവിടെ?"

"അതു സാരമില്ല." അവൻ കൂസലില്ലാതെ പറഞ്ഞു: "ഞാറാഴ്ച രാത്രിയേ, പക്ഷേല് പണം കിട്ടിയൊള്ളുന്നു വരും. അതുകൊണ്ടു് ആവശ്യമുള്ളതെല്ലാം നിങ്ങറം വാങ്ങിച്ചോളണം. കല്യാണത്തിനുമുമ്പു തീർച്ചയായും ചെലവായ പണമെല്ലാം ഞാൻ തന്നോളാം."

"അതു മതി." അവൻെറ ഇഷ്ടം അനുവദിക്കുന്നതിൽ കുഴപ്പമൊന്നുമുണ്ടാകയില്ലെന്നറിയാമായിരുന്ന വള്ളിയുടെ അച്ഛൻ പറഞ്ഞു: "ഞായറാഴ്ച കല്യാണം കഴിയുന്നതിനു മുമ്പു പണവുംകൊണ്ടു വന്നാൽ വള്ളിയെ നിനക്കുതന്നെ കല്യാണം കഴിച്ചു തരാം."

കലുക്കമില്ലാത്ത ശുഭാപ്തിവിശ്വാസത്തോടെ കരിമൻ രാപ്പകൽ ആററുകരയിൽനിന്നുമാറാതെ വല

വീശി. മത്സ്യങ്ങളും ചപ്പവും പലതും ഗംഗാദേവി അ വന്നു സമ്മാനിച്ചു. പൊൻകുടം മാത്രം കിട്ടിയില്ല.

ദിവസങ്ങൾ വളരെ വേഗം കഴിഞ്ഞുപോയി. ഞായറാഴ്ചയായിട്ടും അവൻെറ ആശ, ലേശവും ഇള ക്കം തട്ടാത്ത ശുഭപ്രതീക്ഷയായിത്തന്നെ നില നിന്നു. പക്ഷെ നിരന്തരമായ ശ്രമത്താൽ അവൻെറ കയ്യും മെയ്യും ഒരുപോലെ തളൎന്നുതുടങ്ങിയിരുന്നു.

കഠിനാദ്ധ്വാനത്താൽ ചാരം പോലെ വിളറിത്തു ടങ്ങിയ കരിമൻെറ മുഖത്തിൽ മഞ്ഞനിറം തേച്ചു കൊണ്ടു് രവിവാരത്തിലെ അന്തിമാൎക്കനും അസ്തമി ച്ചു. കല്യാണ വീട്ടിൽനിന്നും വാദ്യക്കാരുടെ വരവറി യിച്ചുകൊണ്ടുള്ള വാദ്യഘോഷം പുറപ്പെട്ടു.

സ്വതേ നിൎവ്വികാരമായ കരിമൻെറ ചിത്തം പ്രക്ഷുബ്ധമായി. അവൻെറ ഹൃദയം ബദ്ധപ്പെട്ടു. പ ക്ഷെ പരവശതയും നിദ്രാശൂന്യതയും അവനെ അശ ക്തനാക്കി. വല വൃത്തിയാക്കിക്കൊണ്ടിരുന്ന അവ ൻെറ കണ്ണുകൾ തനിയേ അടഞ്ഞു. വല കയ്യിൽനി ന്നു വിടാതെ അവൻ ചരിഞ്ഞു കിടന്നുറങ്ങി.

രാത്രി കുറെ ഇരുട്ടിയിട്ടായിരുന്നു കല്യാണമുഹൂൎ ത്തം. സന്ധ്യകഴിഞ്ഞപ്പോൾ വധുവിൻെറ വേഷഭൂ ഷകളണിഞ്ഞ വള്ളി അമ്മയുടെ അടുക്കൽചെന്നു് ചോദിച്ചു: "ഞാൻ കരിമൻെറ വീട്ടിൽപോയി ആ അമ്മച്ചിയെ ഒന്നു കണ്ടിട്ടു വരട്ടെ അമ്മേ? വടക്കേപ്പുറ ത്തുകൂടെ പോയാൽ ആരും കാണത്തില്ല." അവളുടെ അപേക്ഷ നിരസിക്കേണ്ട ഹേതുവൊന്നും അവർ ക ണ്ടില്ല; പുത്രി പിറേറന്നാൾ തന്നെ പിരിയുകയാണ

ല്ലോ എന്ന വിചാരവും ആ മാതൃഹൃദയത്തെ അലി യിച്ചിരുന്നു.

അത്താഴത്തിന്നു അരി പാകംചെയ്തുകൊണ്ടിരു ന്ന കരിമന്റെ അമ്മ വളക്കിലുക്കം കേട്ടു തിരിഞ്ഞു നോക്കി. "അമ്മച്ചി അരിവെയ്ക്കുന്നതെന്തിനാ ഇന്നു? എന്റെ കല്യാണത്തിന്നു അമ്മച്ചി വരത്തില്ലേ?"

"അതല്ല, മോളേ, നമുക്കു ചോറുകിട്ടുമ്പം നേരം കൊറെയാവും. കരിമനു വിശക്കത്തില്ലേ? അതുകൊ ണ്ടു കുറച്ചരി തിളപ്പിക്കാമെന്നു വിചാരിച്ചു."

അവൾ അവരുടെയടുത്തു കുത്തിയിരുന്നുകൊണ്ടു ചോദിച്ചു: "കരിമനെന്തിയേ അമ്മച്ചീ?"

"അവൻ ആററുകരയിൽ കാണും, അല്ലാണ്ടെ വിടെ പോവാൻ?" അവരുടെ സ്വരത്തിൽ വലിയ വേദന സ്ഫുരിച്ചിരുന്നു. "എന്തു ചെയ്യാം! ഒരു മോ നൊള്ളതു് ഇങ്ങനെയായി. നാലഞ്ചുദിവസമായി ഉ ണ്ണുന്നുമില്ല; ഉറങ്ങുന്നുമില്ല. ആററിൽ നിധിയൊണ്ടു പോലും!"

വള്ളിയുടെ മുഖം അപ്രസന്നമായി. "അമ്മച്ചി തീർച്ചയായും വരണേ. ഞാൻ പോവുവാ" എന്നു പ റഞ്ഞുകൊണ്ടു് അവൾ എഴുന്നേററുനടന്നു.

ഇനിയും എങ്ങോട്ടാണു് പോകേണ്ടതെന്നു് അ വൾ ഒട്ടുനേരം ചിന്തിച്ചു. കരിമനെ ഒന്നുകൂടെ കല്യാ ണത്തിനുമുമ്പു കാണാനവൾക്കാശതോന്നി. പുഴവരെ പോകുന്നതിലെന്തു തെററു്! ആരും അറിയുകയില്ല. നാട്ടുകാരെല്ലാം വീട്ടിനകത്തുണ്ടു്.

ജനശ്ശൂന്യമായ വഴിയിലൂടെ അവൾ അതിവേഗം നടന്നു.

ചരിഞ്ഞുകിടന്നുറങ്ങിക്കൊണ്ടിരുന്ന കരിമനെ വിളിച്ചുണർത്തി ഉപദ്രവിക്കാൻ അവൾക്ക വൈമനസ്യം തോന്നി. അവൾ മുട്ടകുത്തി, ശിരസ്സു നമിച്ച്, അവൻെറ മുഖത്തു നോക്കി.

മനശ്ശാസ്ത്രമറിഞ്ഞുകൂടാത്ത അവളുടെ ചിത്തത്തിൽ ചില ദയനീയചിത്രങ്ങൾ ആവിർഭവിച്ചു. കരിമൻെറ ജീവിതത്തിൽ കറുകറുത്ത നിഴലുകൾ വീഴുന്നതും വേദനയുടെ പിടിയിൽകിടന്ന് അവൻ ഞെരുങ്ങുന്നതും അവൾ കണ്ടു. "വള്ളിയില്ലെങ്കിൽ കരിമനില്ല."

വള്ളിയുടെ ഹൃദയം വല്ലാതെ പിടഞ്ഞു. ആ ദുരന്തത്തെപ്പററി താൻ എങ്ങനെ കേൾക്കും.

അവൻെറ അടുത്തു, ആരോ മറന്നുവെച്ചിട്ടുപോയ വലിയ ഒരു മൺകുടം ഇരുന്നതിൽ അവളുടെ ദൃഷ്ടി പതിഞ്ഞു. തെളിഞ്ഞ ചന്ദ്രികയിൽ ഉരുക്കിയ വെള്ളിപോലെ തിളങ്ങിയ, വെള്ളത്തിൽ അവൾ നിശ്ചേഷ്ടയായി നിന്നിമേഷയായി നോക്കി.

മുടി പിന്നിക്കെട്ടിയിരുന്ന നീണ്ട നാട വലിച്ചെടുത്ത് അവൾ കുടത്തിൻെറ കഴുത്തിൽ ബന്ധിച്ചു. നാടയുടെ മറേറ അററം സ്വന്തം കഴുത്തിലും കെട്ടി. മിന്നുകെട്ടേണ്ട കഴുത്തിൽ മൺകുടം കെട്ടുന്നതിന്നാണ് പരാശക്തി തുണച്ചത് .....

അന്തഃക്ഷോഭത്തിൻെറ ശക്തിയാൽ കരിമൻ ഞെട്ടിയുണൎന്നു. വരെൻെറ എതിരേല്പിന്നുള്ള വാദ്യം

അവൻെറ ചെവികളിൽ വന്നലച്ചു. വിറയ്ക്കുന്ന കൈകരാംകൊണ്ടു് അവൻ വല കയ്യിലെടുത്തു. തൻെറ ബലിഷ്ഠകരങ്ങരാം മിക്കവാറും ഉപയോഗശൂന്യങ്ങളാണെന്നു് അവന്നു തോന്നി.

വല്ലവിധവും വലവീശാൻ സജ്ജമാക്കി. ഇനിയും അരമണിക്കൂറിൽക്കൂടുതൽ സമയം കാണുകയില്ല. അവൻെറ അക്ഷരമറിഞ്ഞുകൂടാത്ത ഹൃദയം ഉച്ചത്തിൽ തുടിച്ചു.

അരവരെ വെള്ളത്തിലിറങ്ങിനിന്നു വല വീശാമെന്നുദ്ദേശിച്ചു് അവൻ ആററിലേയ്ക്കിറങ്ങി.

കാലുകരാം എന്തോ സാധനത്തിൽ തട്ടുകയാൽ അവൻ കുനിഞ്ഞു നോക്കി. എന്തെല്ലാമോ ജലത്തിന്നടിയിൽ കിടന്നു തിളങ്ങുന്നു!

ആ വെള്ളത്തിൽ നിന്നുതന്നെ അവൻ ആനന്ദനൃത്തം ചവിട്ടിപ്പോയി. ഈശ്വരൻ ഇത്ര കാരുണികനോ! വല കരയിലേയ്ക്കെറിഞ്ഞിട്ടു് അവൻ കുനിഞ്ഞു വെള്ളത്തിനടിയിൽ ത്പ്പി. അവൻെറ കൈ ഒരു കുടത്തിൽ ചെന്നു തട്ടി.

സന്തോഷാധിക്യത്താൽ അവൻ കുറേനേരം അനങ്ങാതെ നിന്നു. അഭീഷ്ടപ്രദായകന പരമപുരുഷനെ മനസാ സ്തുതിച്ചുകൊണ്ടു് അവൻ കുടം പൊക്കിയെടുത്തു.

ചന്ദ്രിക തട്ടിയപ്പോരാം മൺകുടമാണു് അതെന്നു് അവന്നു തോന്നി. പെട്ടെന്നു്, കുടത്തിൻെറ വായ് ജലപ്പരപ്പിന്നു മുകളിലായപ്പോരാം, കുടത്തിൽ കെട്ടിയി

രുന്ന എന്തോ ഒരു സാധനം കയർപൊട്ടി വീണ്ടും വെള്ളത്തിൽ താഴുന്ന ഒരു ശബ്ദം കേട്ടു.

ശൂന്യമായ കുടത്തെ കരയിലേയ്ക്കു വലിച്ചെറിഞ്ഞിട്ട്, അവൻ വീണ്ടും ജലത്തിന്നടിയിൽ തപ്പി. കൈയിൽ കിട്ടിയ സാധനത്തെ വലിച്ചുകൊണ്ട് അവൻ കരയ്ക്കു കയറി.

അതൊരു മനുഷ്യശരീരമാണെന്നു സംശയം തോന്നി, അവൻ ആ സാധനത്തെ തോളിൽ തൂക്കിയിട്ടുകൊണ്ടു പോയി, ചന്ദ്രികാപ്രകാശം പരന്ന സ്ഥലത്തു് തറയിൽ മലത്തിക്കിടത്തി.

പൂർണ്ണചന്ദ്രന്റെ വെളിച്ചം, ആകാശോന്മുഖമായ ആ മുഖത്തിൽ പൂർണ്ണശക്തിയോടെ തട്ടി. തന്റെ കണ്ണുകൾക്കു ദർശനശക്തി ഇല്ലാതാകുന്നതുപോലെ അവന്നു തോന്നി.

കല്യാണമുഹൂർത്തം സമീപിച്ചതിനാൽ മുമ്പത്തേക്കാൾ മേളത്തിൽ വാദ്യഘോഷവും ആർപ്പുവിളിയും, അർദ്ധരാത്രിയിലെ നിശ്ശബ്ദതയിൽ അന്തരീക്ഷത്തിലേയ്ക്കുയർന്നു. ആ ആനന്ദകോലാഹലം ആററിന്റെ അന്തസ്സത്വത്തേയും തട്ടിയിളക്കിയതുപോലെ, നിലാവിൽ ശരീരം മിന്നിച്ചുകൊണ്ടു നിരവധി മത്സ്യങ്ങൾ ജലത്തിന്നു മുകളിൽ മിന്നിമറിഞ്ഞു.

കരിമൻ കണ്ണു തുടച്ച്, തനിക്ക് ആററിൽനിന്നും നിരന്തര പ്രയത്നഫലമായി സിദ്ധിച്ച നിധിയെ സൂക്ഷിച്ചു നോക്കി. മിന്നിത്തിളങ്ങിയ വസ്ത്രങ്ങളുടേയും, പ്രകാശം ചിതറിയ പൊൻപണ്ടങ്ങളുടേയും അകത്തായി, ലോകത്തിൽ മറെറങ്ങും കാണാത്ത

സ്റ്റേഹധനം അടച്ച ഒരു അതിവിശിഷ്ടമായ പൊന്നും കടമായിരുന്നു അവന്റെ മുമ്പിൽ കിടന്നിരുന്നതു്.

സൃഷ്ടികർത്താവു് അഭീഷ്ടദാനം ചെയ്യുന്ന രീതി അവനെ അമ്പരപ്പിച്ചു.

അവന്റെ ദേഹം കിലുകിലാ വിറച്ചു. തന്റെ ശരീരശക്തി അദൃശ്യമായി, അനുസ്യൂതമായി അതിവേഗത്തിൽ എങ്ങോട്ടേയ്ക്കോ വാർന്നൊഴുകുന്നതുപോലെ അവനു തോന്നി.

കല്യാണവീട്ടിലെ കോലാഹലങ്ങൾ പെട്ടെന്നു നിന്നു. ആററിനക്കരെയുള്ള ഒരു പുലയക്കുടിയിൽനിന്നും ജഗദീശ്വരന്റെ കരുണാപൂരത്തെ വാഴ്ത്തിക്കൊണ്ടു പുറപ്പെട്ട ഒരു പ്രാകൃതഗാനം ചൈതന്യശൂന്യമാകാറായ കരിമന്റെ കരൾ കണ്ണുകൾക്കു മുമ്പിൽ, ഈശ്വരവിശ്വാസത്തെ ചോദ്യം ചെയ്യുന്ന ഒരു ആഗ്നേയചിഹ്നമായി ജ്വലിച്ചുനിന്നു.

★

## ഒരേ ഒരു രാത്രി

കളി തീന്ന്, ചിത്ര വേഷം മാററാൻ തുടങ്ങിയപ്പോൾ മാനേജർ അവൾക്കാളയച്ചു. ചിത്ര ചെന്നപ്പോൾ മാനേജരുടെ അടുത്ത് അപരിചിതനായ ഒരു മനുഷ്യൻ ഇരിക്കുന്നുണ്ടായിരുന്നു. ആ മുഖം എവിടെ വെച്ചാണ് കണ്ടിട്ടുള്ളതെന്നു ചിത്ര ചിന്തിക്കാൻ തുടങ്ങിയപ്പോൾ മാനേജർ പറഞ്ഞു: "ഇദ്ദേഹമാണ് രാമചന്ദ്രദാസ്—ചിത്രയുടെ നാടകമെഴുത്തുകാരൻ."

ചിത്ര ആഗതന്റെ നേരേ തിരിഞ്ഞു. ഒരു നീണ്ടുമെലിഞ്ഞ മനുഷ്യൻ. കൃതികളിൽ കാണുന്ന സൗന്ദര്യമൊന്നും ആകൃതിക്കില്ലെങ്കിലും, വേഷധാരണത്തിൽ അല്പംകൂടെ ശ്രദ്ധിച്ചെങ്കിൽ സാമാന്യം സുമുഖനെന്നു കാഴ്ചക്കാർക്കു തോന്നിയേക്കും. ആ പ്രകാശമേറിയ കണ്ണുകൾക്കു കണ്ണടയിൽക്കൂടി അന്യഹൃദയങ്ങളിലേയ്ക്കു ചുഴിഞ്ഞിറങ്ങാൻ കഴിയും. അയാൾ എണീററുകൊണ്ടു പറഞ്ഞു: "എന്റെ നാടകത്തിനിത്ര വലിയ കഴിവുണ്ടെന്ന് ഇന്നു നിങ്ങൾ കാണിച്ചുതന്നപ്പോഴാണ് ഞാനറിയുന്നത്."

"അതേ, എനിക്കിത്ര അഭിനയവൈദഗ്ദ്ധ്യമുണ്ടെന്നും നിങ്ങളുടെ നാടകമാണ് കാണിച്ചുതന്നത്." അവൾ പെട്ടെന്നു പറഞ്ഞു: "ഇരിക്കൂ, ഇരിക്കൂ. എന്നെക്കണ്ടെണീക്കാൻ നിങ്ങളാരു്?"

ഒരു പയ്യൻ ചായയും പലഹാരവും മേശപ്പുറത്തുകൊണ്ടുവെച്ചു. മാനേജർ അത്യാവശ്യകാര്യത്തി

നെന്തോ എണീററുപോയി. ചിത്രയും രാമദാസും ഇരുന്നു. ചിത്ര പറഞ്ഞു: "ഇന്നെന്തൊരു സുദിനമാണെന്നോ. എനിക്ക് നിങ്ങളെ ഇഷ്ടമാണ്. നിങ്ങൾക്കൊരെഴുത്തയയ്ക്കണമെന്നു ഞാനെത്ര പ്രാവശ്യം വിചാരിച്ചു! പിന്നെ, അതു നമ്മുടെ നാട്ടിലെ സ്ത്രീമര്യാദയ്ക്കപ്പുറമല്ലേ? അതുമല്ല, അച്ഛനറിഞ്ഞു വഴക്കു പറഞ്ഞാലോ! ഞാനിങ്ങനെ തുറന്നു പറയുന്നതിലതിശയിക്കരുത്. അതെൻെറ സ്വഭാവമായിപ്പോയി. ആളുകളെന്നെ കണ്ടമാനം തെററിദ്ധരിച്ചിട്ടുണ്ട്. പക്ഷേ ഞാൻ പറയുന്നതിനപ്പുറം അർത്ഥമെടുക്കാതിരുന്നാൽ ഒരു കുഴപ്പവുമുണ്ടാകയില്ല."

സ്ത്രീകളുടെ മുമ്പിൽ സങ്കോചം തോന്നുന്ന സ്വഭാവക്കാരനായിരുന്നു ദാസ്. അതുകൊണ്ട് അയാൾ മൌനമായി കേട്ടുകൊണ്ടിരുന്നു. അവൾ എണീററു, "ഞാൻ പോയി ഈ വേഷമൊന്നു മാററട്ടേ; ശ്വാസം മുട്ടുന്നു, കാപ്പികുടിച്ചു തീരുന്നതിനു മുമ്പു വന്നേയ്ക്കാം."

അയാൾ അവളുടെ പുറകേ നോക്കിക്കൊണ്ടിരുന്നു. അവളുടെ സംഭാഷണവും പെരുമാററവും അയാളിൽ അത്ഭുതം തോന്നിച്ചു. ആ വാക്കുകൾ ഭിത്തികൾക്കുള്ളിൽ ജീവിക്കുന്ന ഒരു കുലസ്ത്രീയുടെയൊ—അതോ—അയഞ്ഞ സാന്മാർഗ്ഗികനിയമങ്ങളോടുകൂടിയ ഒരു നാടകക്കാരിയുടെയോ? അവൾ, ഉത്തരം കണ്ടുപിടിക്കാനുത്സാഹം തോന്നുന്ന ചിത്രപ്രശ്നം പോലെ അയാൾക്കു തോന്നി. വളരെ വേഗം അവൾ തിരിച്ചുവന്നിട്ട്, പറഞ്ഞു: "അപ്പൊഴേ, നിങ്ങളീയിടെ കല്യാണം കഴിച്ചെന്നു കേട്ടു. ഭാര്യയുടെ പേരെന്ത്?"

അയാൾ പുഞ്ചിരിയോടെ പറഞ്ഞു: "ജാനകിക്കുട്ടി."

"കൊള്ളാം! സീതാരാമസംയോഗമല്ലേ?" ചിത്രയുടെ കണ്ണുകൾ മേശപ്പുറത്തുപതിഞ്ഞു. "അല്ല, നിങ്ങൾ കാപ്പി കുടിക്കാൻ തുടങ്ങിയതുപോലുമില്ലേ? ഞാനിതാസാരിയൊക്കെ മാറിക്കഴിഞ്ഞു. ഇനിയീ തലമുടി പിന്നിയിട്ടതൊന്നഴിച്ച്, കെട്ടിവച്ചാൽ മാത്രം മതി."

ദാസ് കണ്ണടയ്ക്കിടയിൽക്കൂടെ അവളെ ഒന്നു പരിശോധിച്ചു. കാലിൽ രണ്ടു വള്ളിയുള്ള ചെരിപ്പിട്ടിട്ടുണ്ട്. ഖദർസാരിയാണുടുത്തിരിക്കുന്നത്. നീളത്തിൽ പിന്നിയിട്ട മുടി ഒരു തോളിൽക്കൂടെ മുൻവശത്തേയ്ക്കു പിടിച്ചിട്ടു പിന്നാലഴിക്കുകയാണവൾ. അവൾക്ക് എത്ര വയസ്സായെന്നു ചോദിക്കാൻ അയാൾ വായ് തുറന്നു. പക്ഷെ വിവേകം അതിനെ അടപ്പിച്ചു. ചിത്ര ചായയും പലഹാരവും അയാളുടെ അടുത്തേയ്ക്കു നീക്കിവെച്ചിട്ട്, പറഞ്ഞു: "ഇതാ! എത്ര നേരമിങ്ങനെ ഇരിക്കും? കാപ്പികുടിക്കു. നിങ്ങൾ ഒരാണായിപ്പോയല്ലോ. ഒരു പെണ്ണായിരുന്നെങ്കിൽ! —ഈശ്വരാ!" അവൾ കണ്ണടച്ചുനിന്ന് ഒരു നെടുവീർപ്പിട്ടു.

ദാസ് ചോദിച്ചു: "പെണ്ണായിരുന്നെങ്കിൽ?"

"എങ്കിൽ ഞാൻ നിങ്ങളെ, കഴുത്തിൽ തൂങ്ങി കെട്ടിപ്പിടിച്ച് ഉമ്മവച്ചേനേ."

അയാൾ കസേരയിൽ മലന്നിരുന്നുപോയി. ഒരു നാടകക്കാരിക്ക് ഇത്ര ലജ്ജയില്ലേ? അയാളുടെ സ്ഥാനത്തു വേറെ വല്ല പുരുഷനുമായിരുന്നെങ്കിൽ എന്താ

ണ്ട് പറയുകയെന്നറിയാമായിരുന്ന ചിത്ര ഈ ഭാവംക ണ്ടു പ്രീതയും തൃപ്തയുമായി. മുടി കേരളീയരീതിയിൽ കെട്ടിവെച്ചശേഷം, സാരി നേരെ പിടിച്ചിട്ടുകൊണ്ടു കസേരയിലിരുന്നിട്ടവൾ പറഞ്ഞു: "പക്ഷേ നിങ്ങൾ —ആണുങ്ങളുടെ കയ്യിൽ ഒരു വലിയ തരക്കേടുണ്ട്. തീർച്ചയായും നിങ്ങൾ ആ കൂട്ടത്തിലല്ലന്നിപ്പോൾ എനിക്കു മനസ്സിലായി. പലർക്കും, വെറും സ്നേഹിതയായി മാത്രം സ്ത്രീയെ സ്നേഹിക്കാനറിഞ്ഞുകൂടാ. അവരുടെ സൗഹൃദത്തിൻെറ അടിയിലെപ്പോഴും ലിംഗവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ശാരീരികപ്രേരണ പുകഞ്ഞു കിടക്കും; തരം കിട്ടിയാൽ വെളിയിൽ പ്രകാശിക്കുകയും ചെയ്യും. പണ്ടൊന്നും ഞാനങ്ങനെ വിശ്വസിച്ചിരുന്നില്ല. പിന്നീടു കൂടുതൽ ആണുങ്ങളുമായി പരിചയപ്പെട്ടപ്പോഴാണ് സത്യം മനസ്സിലായതു്. ഒരു പക്ഷെ അവരുടെ ശരീരഘടനയുടെ പ്രത്യേക സ്വഭാവമായിരിക്കാം കാരണം."

ആദ്യമായിക്കണ്ട ഒരു യുവാവിനോടുള്ള ആ സംഭാഷണവിഷയം ദാസിൽ അത്ഭുതവും നിന്ദയും ഉളവാക്കി. വിഷയം മാററാനായി അയാൾ ചോദിച്ചു: "നിങ്ങൾ വലിയ സ്വദേശിപ്രേമിയാണെന്നു തോന്നുന്നു."

"എൻെറ ജീവിതത്തിലെ ഏററവും വലിയ ആശ അവിടെയാണടിഞ്ഞു തകർന്നു പോയതു്. കൊച്ചുനാളിൽ കോൺഗ്രസ്സ് എന്നു കേൾക്കുമ്പോൾ തന്നെ എൻെറ മനസ്സു കത്തിച്ചുപൊങ്ങും. പിന്നൊന്തു ചെയ്യാം! അച്ഛനമ്മമാരെ വേദനിപ്പിച്ചിട്ടെന്തു ദേശസേവനം?"

"ദേശസേവനം പോലെ മഹത്തരമല്ലേ കലാസേവനം? നിങ്ങളുടെ ജീവിതം കലയ്ക്കുവേണ്ടി---"

"കലയല്ല കൊല. ഞാനൊരു കലാഭ്രാന്തിയേയല്ല, ആളുകൾക്കങ്ങനെ തോന്നുന്നെങ്കിലും. പത്തുപതിനാലു വയസ്സുള്ളപ്പോൾ ഞങ്ങളുടെ അടുത്തൊരു നൃത്തകാലയം തുറന്നു. അന്നത്തെ ബുദ്ധിയുടെ അപാകതയെ കലാഭ്രമമെന്നു തെററിദ്ധരിച്ച് സ്കൂളിൽ കൊടുത്ത ഫീസ് ആട്ടത്തിനു ചിലവാക്കി. ഒരു കാലത്തു പണം പലിശയോടെ തിരിയെക്കിട്ടുമെന്നായിരുന്നു അച്ഛൻെറ ആശ. അമ്മയുടെ പ്രസവച്ചിലവിന്നു തന്നെ വേണം വർഷം തോറും കുറേപണം. വളരെയൊക്കെ ശുപാർശചെയ്ത് രണ്ടുമൂന്നു സിനിമകളിൽ എൻെറ നൃത്തം എടുപ്പിച്ചു. ആ രൂപാ തീർന്നപ്പോൾ മററു വഴിയൊന്നും കാണാതെ നാടകത്തിൽ ചേർന്നു, അവിടെയും ആദ്യമൊന്നും ഗുണം—പണം—കിട്ടിയില്ല. പിന്നീടു നിങ്ങളുടെ നാടകങ്ങൾ കിട്ടിയതോടെ എൻെറ ശുക്രദശ തെളിഞ്ഞു. പാവപ്പെട്ട പെണ്ണു പിഴച്ചു പോട്ടെ എന്നു വെച്ചു ദൈവം കുറേ കലാവാസന തന്നിരിക്കണം. അല്ലെങ്കിൽ—"

"ഏതിലും നിങ്ങളല്ലേ ഇന്ന് ഒന്നാമത്തെ നാടകക്കാരി? ഇത്ര വലിയ പ്രസിദ്ധി മററാർക്കാണു്?"

"പ്രസിദ്ധിയോ? ഈശ്വരാ! പ്രസിദ്ധി ആശിക്കുന്ന മനുഷ്യർക്കു ഭ്രാന്താണു്. ഇത്ര ആപത്ത് വേറെ എവിടെങ്കിലുമുണ്ടോ? സാധാരണക്കാരെ കൊണ്ടു മിഴിച്ചു നോക്കിപ്പിക്കുന്നതു് ഒരു ശ്രേയസ്സാണോ? പിന്നെ എൻെറ കാര്യത്തിൽ നിവൃത്തിയില്ലായിരുന്നു, ജീവി-

ക്കണ്ടേ? എന്നാലും ഈ വേഷത്തിലാരും എന്നെയത്ര ശ്രദ്ധിക്കാറില്ല. സ്റ്റേജിൽ നിന്നു തിളങ്ങുന്ന സൌന്ദര്യതേജസ്സെല്ലാം മാററി വെച്ചാൽ പിന്നെ ഈ വൃത്തികെട്ട പെണ്ണു് ആരെയാകർഷിക്കും?"

ചിത്രയുടെ സംഭാഷണരീതി ദാസിൻെറ സങ്കോചത്തെ നീക്കി. താനൊരു അസുന്ദരിയാണെന്നു ഒരു ചെറുപ്പക്കാരനോടു പറയാൻ, ഒരു നാടകക്കാരിക്കെന്നല്ല, ഒരു സ്ത്രീക്കുതന്നെ അത്ര മനസ്സുണ്ടാകുമോ? അയാൾ പറഞ്ഞു: "നിങ്ങൾ മുഖംനോക്കുന്ന കണ്ണാടി ചീത്തയായിരിക്കണം. അതുടച്ചുകളഞ്ഞിട്ടു്, ഞങ്ങൾ നോക്കുന്നതിലൊരെണ്ണം വാങ്ങിച്ചുനോക്കൂ. എന്നാൽ മിസ്സ് ചിത്ര—"

"മിസ്സ് ചിത്രയോ!" അവൾ ധൃതിയിൽ തടഞ്ഞുകൊണ്ടു പറഞ്ഞു: "എന്നോക്കാൾ പ്രായം കൂടിയവർ എന്നെ അങ്ങനെ വിളിക്കുന്നതു ഞാനിഷ്ടപ്പെടാറില്ല. മാനേജർ വിളിക്കുന്നതു കേട്ടില്ലേ? എല്ലാരെക്കൊണ്ടും ഞാൻ ചിത്ര എന്നേ വിളിപ്പിക്കാറുള്ളു."

"വിചിത്ര എന്നുവിളിച്ചാൽ ഏററവും യോജിക്കും." ദാസിൻെറ സ്വാഭാവികമായ ഭാവം ചിത്രയെ സന്തുഷ്ടയാക്കി. അവൾ പുഞ്ചിരിയോടെ പറഞ്ഞു: "അങ്ങനെയാണെങ്കിൽ എല്ലാരിലുമുണ്ടു് എന്തെങ്കിലും വൈചിത്ര്യം. ആരെക്കൊണ്ടെങ്കിലും അധികനേരം അവനവനെപ്പററി സംസാരിപ്പിച്ചുനോക്കൂ. അവരെല്ലാം എത്ര പ്രാവശ്യം പറയും, ഒരു പ്രത്യേകതരം സ്വഭാവമാണവരുടേതെന്നു്. ഇങ്ങനെ പ്രത്യേകതയില്ലെങ്കിൽ ഒരാളിൻെറ മാനസികമായ വ്യക്തിത്വത്തിനെവിടെപ്പോകും? ആകൃതിയിൽ—"

മാനേജർ പ്രവേശിച്ചു പറഞ്ഞു: "ചിത്രയ്ക്കിന്നു വീട്ടിൽ പോകണ്ടേ? അച്ഛനതാ ധൃതികൂട്ടുന്നു. വേഗം ചെല്ലൂ. ഇനി ഒരാഴ്ചയ്ക്കു വിശ്രമമല്ലേ?"

ചിത്ര എണീററു. "അതേ. അച്ഛൻ കാത്തിരുന്നു മുഷിഞ്ഞിരിക്കും. കളിതീന്നിട്ടു നേരമെത്രയായി?" അവൾ സ്നേഹപൂർണ്ണമായ ഒരു സ്മിതത്തോടെ ദാസിൻെറ നേരെ തിരിഞ്ഞു ചോദിച്ചു: "നിങ്ങൾ എൻെറ വീട്ടിൽ വരുന്നില്ലേ? നമുക്കിനിയും എന്തെല്ലാം പറയാനുണ്ടു്? ജാനകിക്കുട്ടിയെപ്പററി എനിക്കു പലതും ചോദിക്കണമായിരുന്നു. വേഗം വരൂ. എണീക്കൂ."

ദാസ് എണീക്കാതിരിക്കാൻ വഴികണ്ടില്ല. ഭർത്താവിൻെറ ചിത്രത്തിൽ നോക്കി ചിന്താകുലയായി ശയ്യയിലിരിക്കുന്ന ഭാര്യയെ അയാളുടെ മനസ്സു ദർശിച്ചു. ഇവളീ മിരട്ടുവാക്കുകൾകൊണ്ടു മയക്കി വീട്ടിൽ വിളിച്ചുകൊണ്ടുപോകുന്നതെന്തിനു്?.....പക്ഷെ നിരസിക്കാൻ ഒരു നിവൃത്തിയുമില്ലായിരുന്നു.

ചിത്രയുടെ വീട്ടിൽ അവളുടെ മുറിയിൽ കടന്നപ്പോൾ അതേതോ കുഞ്ഞുങ്ങളുടെ മുറിയെന്നാണയാൾക്കു തോന്നിയതു്. അതിന്നകം മുഴുവൻ കളിപ്പാട്ടങ്ങൾകൊണ്ടു നിറഞ്ഞിരുന്നു. ചുമർ നിറയെ കടുംവർണ്ണത്തിൽ കുഞ്ഞുങ്ങൾ കണ്ണെടുക്കാതെ നോക്കിപ്പോകുന്ന ചിത്രങ്ങൾ തൂക്കിയിരുന്നു. പക്ഷെ ഒരു മൂലയിൽ വലിയൊരു ഷെൽഫ് നിറയെ, വിവിധവിഷയങ്ങളെ പ്രതിപാദിക്കുന്ന ഭീമഗ്രന്ഥങ്ങളാണു് അടുക്കിവെച്ചിരുന്നതു്. മേശപ്പുറത്തു തുറന്നുകിടന്ന ഒരു പുസ്തകം ദാസെടുത്തപ്പോൾ ചിത്ര പറഞ്ഞു: "അതു

തലോകത്തിലെ ആലിസ്, എത്ര വായിച്ചാലും എനിക്കു മതിയാകാറില്ല. കഴിഞ്ഞ പ്രാവശ്യം വന്നപ്പോഴും കുറെ വായിച്ചു. വിവേകാനന്ദൻെറ പ്രസംഗങ്ങൾ കിട്ടിയപ്പോഴാണിതു താഴെ വെച്ചതു്. പിന്നെ, എപ്പോഴും വായിച്ചുകൊണ്ടിരിക്കാനെനിക്കു് സമയമുണ്ടോ?"

രാത്രിമുഴുവൻ ചിത്രയും ദാസും സ്വീകരണമുറിയിൽ സംസാരിച്ചുകൊണ്ടിരുന്നു. സംഭാഷണജോലി മുഴുവൻ ചിത്രയാണു് നിവ്വഹിച്ചതു്. രണ്ടുപേക്കും അശേഷം ഉറക്കം വന്നില്ല. സംസ്കാരശൂന്യയായ ഒരു ആട്ടക്കാരിയല്ല ചിത്രയെന്നു കണ്ടപ്പോൾ ദാസിന്നവളോടു് അകമേ ബഹുമാനം തോന്നി. വലിയ വലിയ കലാകാരന്മാരേയും അവരുടെ കലാവിധാനത്തേയും പററി അവൾ നിസ്സങ്കോചമായി സ്വാഭിപ്രായം പറഞ്ഞപ്പോൾ തോന്നിയ അത്ഭുതം അയാൾ മറച്ചില്ല. "ചിത്ര ഒരു നാടകക്കാരിയെന്നു വിചാരിച്ചതു തെററിപ്പോയി. ചിത്രമെഴുത്തിലോ സാഹിത്യത്തിലോ ശ്രദ്ധിച്ചിരുന്നെങ്കിൽ നിങ്ങൾ ഒന്നാംസ്ഥാനത്തെത്തിയേനെ. സ്വന്തം ജീവചരിത്രം കഥാരൂപത്തിലെഴുതാൻ ശ്രമിക്കാത്തതെന്തു്?"

"എനിക്കെന്തു ജീവചരിത്രം? പ്രണയാത്ഥനകളാണെങ്കിൽ, എത്രപേരുടെ കാര്യമെഴുതിയാൽ തീരും? വെറുതേ കടലാസുമിനക്കെടുത്തി പിന്മാറേണ്ടിവരും."

ദാസിന്നു് ആ ഭാവം പിടിച്ചില്ല. അഭിമാനം മറന്ന ഒരു പുരുഷലോകം അപ്പോഴും തൻെറ കാല്ക്കൽ കിടന്നു പ്രേമയാചന ചെയ്യുന്ന ഒരു ഭാവം ആ സ്വര

ത്തിനുണ്ടായിരുന്നു. നേരുബുദ്ധിയിൽ നാരീത്വം മറക്കുന്നതെന്തിന്നു്? ദാസ് പറഞ്ഞു: "അങ്ങനെയാകാതിരിക്കാൻ തരമില്ല. നാടകക്കാരികൾ പൊതുസ്വത്താണെന്നല്ലേ ധാരണ?"

ആ വാക്കുകൾ അവളെ വേദനിപ്പിക്കുമെന്നയാൾ ആശിച്ചെങ്കിൽ അതു തെററായിരുന്നു. അവൾ സ്മിതപൂർവ്വം പറഞ്ഞു: "അതാണോ? നാടകക്കാരികളല്ലാത്തവർക്കെന്താണു് മേന്മ? ഇന്നു വലിയ നിലയിലിരിക്കുന്ന രണ്ടു മൂന്നു കൂട്ടുകാരികൾ എനിക്കുണ്ടായിരുന്നു. അവരുടെ കന്യാകാലചരിത്രങ്ങൾ കേട്ടാൽ!... എക്സ്-കാമുകന്മാരെയെല്ലാം അവർക്കിപ്പോൾ ഓർമ്മ തന്നെ കാണുകില്ല! പക്ഷേ ഇന്നവർ ഒന്നാന്തരം സുചരിതകൾ. ഞാൻ വെറുമൊരു .....അതേ, ഇതാണു് നിങ്ങൾ കലാകാരികൾക്കു ശരിയായി നല്കുന്ന സമ്മാനം. കലാസേവനമെന്നഭിനന്ദിക്കുന്നതു വെറും ഭംഗിവാക്കല്ലേ? നിങ്ങളുടെ ഹൃദയാന്തർഭാഗത്തു് അവരെപ്പററി അവജ്ഞയും ആക്ഷേപവുമേയുള്ളു. എന്താ, ഞാൻ പറയുന്നതു ശരിയല്ലേ?"

ദാസ് ഒന്നും പറഞ്ഞില്ല. പറഞ്ഞുപോയതിൽ അയാൾ പശ്ചാത്തപിക്കുകയാണെന്നു ചിത്രയ്ക്കു തോന്നി. ആ മനോവിഷമം നീക്കാൻ അവൾ പൂർവ്വാധികം സൌഹാർദ്ദസ്വരത്തിൽ പറഞ്ഞു: "അല്ലാ, അതിൽ നിങ്ങളെയൊന്നും കുററപ്പെടുത്തുകയല്ല ഞാൻ. ഇതാ ഈ ഞാൻ തന്നേ, നിങ്ങളെ നിർബ്ബന്ധിച്ചിവിടെക്കൊണ്ടുവന്നു് ഈ രാത്രി ഇങ്ങനെ സംസാരിച്ചിരിക്കുന്നസ്ഥിതിക്കു തേവടിശ്ശിയല്ലെന്നു നിങ്ങൾ

ക്കെങ്ങനെ തോന്നും? എന്നാലും ഞാൻ പറയുന്നതിഷ്ട മാണെങ്കിൽ വിശ്വസിക്കു. സത്യം പറഞ്ഞാൽ, എന്റെ പരിചയത്തിൽപ്പെട്ട പുരുഷന്മാരിൽ ഒരാളിൽ പോലും ഞാൻ ചാരിത്രശ്ശുദ്ധി കണ്ടിട്ടില്ല. എന്റെ നിലയുടെ • തരക്കേടായിരിക്കാം. എന്നെസ്സംബന്ധിച്ചിടത്തോളം, ലളിതയെ നിരസിച്ച ശ്രീരാമൻ വെറും കഥാപുരുഷനാവാനെ വഴിയുള്ളു. സാധാരണ ലോകത്തിൽ—സ്ത്രീകളിൽ ചാരിത്രശ്ശുദ്ധിയുള്ളവർ എത്ര പേരുണ്ടാവുമെന്നു ചോദിക്കാൻ പോകയാണോ? അവരിലെത്ര പേർ സ്നേഹപ്രാർത്ഥനകൊണ്ടു് ആണുങ്ങളെ കൊല്ലാൻ നടക്കുന്നുണ്ടു്! ഈശ്വരാ, വല്ല വിരോധവും പ്രകടമായി കാണിച്ചാൽ പിന്നെ ദുഷ്പേരുണ്ടാക്കുകയായിരിക്കും ജോലി."

അവൾ കുറെനേരം നിശ്ശബ്ദമായിരുന്നിട്ടു പറഞ്ഞു: "നാലഞ്ചു കൊല്ലത്തിന്നുമുമ്പു് എന്നെ ഒരാൾ വളരെ ഇഷ്ടപ്പെട്ടു. എനിക്കുവേണ്ടി വളരെയെല്ലാം അയാൾ ചെയ്തു. ഒരിക്കലൊരു കുളത്തിൽ ആമ്പൽപ്പൂ പറിക്കാനിറങ്ങിയപ്പോൾ അയാളുടെ ദേഹം മുഴുവൻ ചെളിയായി. ഞാൻ പറഞ്ഞു് അതിന്നിടയായതുകൊണ്ടു് ആ ചെളി മുഴുവൻ വടിച്ചെടുത്തു് എന്റെ ദേഹത്തെറിഞ്ഞുതന്നു. അയാൾ ആദ്യമായി ഒരു സ്ത്രീയെ ഇഷ്ടപ്പെടുകയാണെന്നാണു് പറഞ്ഞതു്. അതു വെറും ഇഷ്ടം മാത്രമാവില്ലെന്നു ഞാൻ വിശ്വസിക്കയും ചെയ്തു. ഒരു കൂട്ടുകാരിക്കു കൊടുക്കാവുന്ന സർവ്വസ്വാതന്ത്ര്യവും ഞാൻ കൊടുത്തു. ഒടുവിൽ സ്നേഹത്തിന്റെ നിറം മാറുന്നതു ഞാൻ കണ്ടു.

ആ ബന്ധം മൈത്രിക്കപ്പുറം പോകരുതെന്നു ഞാൻ പലപ്പോഴും പ്രാത്ഥിച്ചിട്ടുണ്ട്. പലരും വിചാരിച്ചിരുന്നു, ഞങ്ങൾ ഭായ്യാഭത്താക്കളാകുമെന്ന്. അവരെന്നെപ്പററി എന്തറിഞ്ഞു? ഇന്നു ചിലപ്പോഴൊക്കെ അയാൾ ഭാൎയ്യയുമായി നാടകം കാണാൻ വരും."

"അയാൾ വേറെ വിവാഹം ചെയ്തോ?"

"ഓഹോ! അപ്സരസ്സിൻെറ ദേഹവും കഴുതയുടെ തലയും ഉള്ള ഒരു പെണ്ണിനെ. ഞങ്ങളുടെ ജീവിതലക്ഷ്യങ്ങൾക്കോ ആദശ്ങ്ങൾക്കോ ഒരു ചേച്ചയുമില്ലായിരുന്നു. പ്രേമം അഭിനയിക്കാനേ എനിക്കിഷ്ടമുള്ളു. പക്ഷെ അതനുഭവിക്കാനായിരുന്നു അയാൾക്കാശ. ഒരു കാമുകനു കൊടുക്കേണ്ട പ്രേമത്തെ ഞാൻ പങ്കിട്ട്, പല സ്നേഹിതന്മാക്കു സ്നേഹമായി കൊടുക്കുന്നു എന്നു പറഞ്ഞു് ഒരു പ്രേമക്കാരി ഒരിക്കലെന്നെ വേദനിപ്പിക്കാൻ നോക്കി. അതുകൊണ്ടാണു് വിവാഹകാംക്ഷ ഇല്ലാത്തതെന്നും അവൾ പറഞ്ഞു. അതൊക്കെ തെററാണെന്നൊന്നും ഞാൻ പറഞ്ഞില്ല, എന്തിനു്?"

ദാസിൻെറ മുഖം ചിന്താക്ലിഷ്ടതയെ സൂചിപ്പിക്കുകയാൽ അവൾ നിശ്ശബ്ദമിരുന്നു. കുറെക്കഴിഞ്ഞതയാൾ പറഞ്ഞു: "ആ സ്ത്രീ പറഞ്ഞതു ശരിതന്നെയായിരിക്കണം."

"അല്ല." അവൾ പുഞ്ചിരിയോടെ കാൎയ്യമായിപ്പറഞ്ഞു: "എൻെറ മാനസികഘടനയാണതിന്നു കാരണം. എന്താണെന്നോ? എൻെറ മസ്തിഷ്കമേ വളന്നിട്ടുള്ളു; മനസ്സിന്നും കൊച്ചുകുട്ടികളുടേതാണു്. അതു

കൊണ്ടല്ലേ യക്ഷിക്കഥകളും ധാത്രീകഥകളും ഇന്നും എന്നെരസിപ്പിക്കുന്നത്. അമ്മയാകണമെന്നാശിക്കത്തക്കവണ്ണം എൻെറ ഹൃദയം വളന്നിട്ടില്ല. അതുമല്ല, സ്ത്രൈണഗുണമായ ലാളിത്യം എൻെറ പെരുമാററത്തിൽ കാണാമെങ്കിലും അകമേകുറവാണ്. വീരചരിതങ്ങളും യുദ്ധങ്ങളും ആൺകുട്ടികളെപ്പോലെ എന്നെയും മതിമറപ്പിക്കും. ആർ. എൽ. സ്റ്റീവൻസൺൻെറ ട്രെഷർ ഐലൻറുവായിച്ച് ഒരാൺകുട്ടിയും എൻെറയത്ര രസിക്കയില്ല. ഈ മാനസികഘടനയിൽ എനിക്കെങ്ങനെയാണ് പുരുഷനോടു പ്രേമം തോന്നുക?"

അക്കാര്യങ്ങൾ കളവാണെന്നു വാദിക്കാൻ ദാസിന്നു നിവൃത്തിയില്ലായിരുന്നു. ചിത്രയുടെ മുറിയിലെ അലങ്കാരവും സാമഗ്രികളും പുസ്തകങ്ങളും എല്ലാം കണ്ടു് അയാൾക്കുതന്നെ അത്ഭുതം തോന്നിയതാണ്. അയാളുടെ മുഖഭാവം കണ്ടവൾ പറഞ്ഞു: "പക്ഷേ വിവാഹംചെയ്യാനെനിക്ക് ഇഷ്ടമായിരുന്നു, നല്ല ഒരു നാടകമെഴുത്തുകാരനെ ജീവിതസഖാവായി കിട്ടിയിരുന്നെങ്കിൽ! ജീവിതലക്ഷ്യം ഒന്നായാൽ പിന്നെ ഹൃദയങ്ങൾക്കൊന്നാകാനെന്തു വേണം? കലാപ്രേമം മാത്രമായിരിക്കണം ജീവിതങ്ങളെ കോക്കാനുള്ള ചങ്ങല. എൻെറ അഭിനയവാസന കണ്ടു പഠിച്ച്, എൻെറ നിർദ്ദേശമനുസരിച്ച്, നാടകമെഴുതാനൊരാളെ കിട്ടുമെന്നു ഞാനാശിച്ചിരുന്നു." ആ വാക്കുകളിലൊരു നിഗൂഹിതാത്ഥമുണ്ടെന്നു ദാസിന്നു തോന്നി. ചിത്ര പറഞ്ഞു: 'തെററിദ്ധരിക്കരുത്. എനിക്കതിലൊട്ടും വല്ലായ്മയില്ല. നടക്കാത്ത കാര്യങ്ങളിൽ എൻെറ മനസ്സു കാര്യമി

ല്ലാതെ സമയം കളയുകയുമില്ല. എങ്കിലും ഒരുകാല ത്തങ്ങനെ ഒരു വിചാരമുണ്ടായിരുന്നെന്നു നിങ്ങളോട്ട് ഇനി പറയാതിരിക്കുന്നതെന്തിനു്? ആ വിചാരത്തി നതന്നെയും പ്രയോജനത്തിൽ മാത്രമേ നോട്ടമുണ്ടായി രുന്നുള്ളു."

അവളുടെ ആ വാക്കുകളുടെ ഫലമായി, പ്രേമമ ധുരമായി സ്വാന്തികത്തിൽ നില്ക്കുന്ന ഒരു ചിത്രയെ ദാസ് മനസാ കണ്ടു. അന്നത്തെ നാടകത്തിലെ പ്ര ണയരംഗം ദാസിന്റെ ചിത്തത്തിൽ ഉദിച്ചുയൎന്നു. അയാൾ പറഞ്ഞു: "ഇന്നത്തെ നായകൻ അത്ര ന ന്നായില്ല. പുതിയ ആളാണെന്നു തോന്നുന്നു. ആദ്യ ത്തെയാൾ എവിടെപ്പോയി?"

ചിത്ര, വൈദ്യുതദീപത്തിൽ കണ്ണിമയ്ക്കാതെ നോക്കി, പുഞ്ചിരിയോടെ കുറേ നേരമിരുന്നിട്ട് ഉത്ത രം പറഞ്ഞു: "അതു പറഞ്ഞാൽ കുറേ രസമുണ്ട്. ഞാൻ പ്രേമരംഗം അഭിനയിക്കുന്നതു കുറേകടന്നുപോ കുന്നു, ഇല്ലേ? എന്തോ, എനിക്കതിൽ വല്ലാത്ത വാ സന. എന്റെകൂടെ അഭിനയിക്കുന്നവരെയെല്ലാം അതു വല്ലാതെ വശപ്പെടുത്തുന്നു. പിന്നീടവൎക്കൊരുതരം ഭ്രാ ന്താണ്. കളിസമയത്തു് അവരെങ്ങനെ വികാരപ്ര ദർശനം നടത്തിയാലും, സദസ്സിന്നു രസിക്കുന്ന കാ ലത്തോളം, എനിക്കതിൽ വഴക്കില്ല. പക്ഷേ എ ന്റെ സ്വകാര്യജീവിതത്തിലവർ വിഷമമുണ്ടാക്കു മ്പോൾ മാനേജരോടു പറയാതെന്തു ചെയ്യും? ഞാൻ കൂടുതൽ ശോഭിക്കാൻവേണ്ടി മാനേജർ പിത്തയാളു കളെ നായകനാക്കുന്നതാണെന്നൊരു കേൾവിയുണ്ട്.

അതു തീരെ ശരിയല്ല. മാനേജൎക്ക് ഇഷ്ടമേയല്ല, എന്നമെന്നമിങ്ങനെ ആളം മാററാൻ. എൻെറ വിഷമം കണ്ടു സഹിക്കവെയ്യാതെ അങ്ങനെ ചെയ്യുന്നെന്നേയുള്ളു."

"മാനേജൎക്കെന്താണ് ചിത്രയോടിത്ര പിടുത്തം?" ദാസ് ചോദിച്ചു: "അതിലുമുണ്ടോ എന്തെങ്കിലും കായ്യം?"

"അതോ! എൻെറ പേരാണ് കമ്പനിയുടെ പേരിന്നു പ്രശസ്തിയുണ്ടാക്കിക്കൊടുത്തതു്. അതുമല്ല, അന്യപുരുഷന്മാരിൽ, മാനേജരൊററയാളിനോടു മാത്രമേ ഞാൻ പൂൎണ്ണസ്വാതന്ത്ര്യത്തോടെ പെരുമാറാവുള്ളു. മററാരുടെ അടുത്തും തനിയേ ഇരിക്കാൻ പേടിയാണെനിക്ക്."

അവളുടെ വാക്കുകളിൽ കണ്ടമാനം ആത്മപ്രശംസ സ്ഫുരിക്കുന്നുണ്ടെന്നയാൾക്കു തോന്നി. അല്പമായ പരിഹാസച്ഛവയോടെ അയാൾ ചോദിച്ചു: "ഇത്രമാത്രം ആണുങ്ങളെ പേടിക്കാൻ തക്കവണ്ണം അവരെന്തു ചെയ്തിട്ടുണ്ടു്?"

"കൊള്ളാം! അതല്ലേ ഇതുവരെ ഞാൻ പറഞ്ഞതു്! പത്തിരുപതു പേർ ഇതിനകം എൻെറകൂടെ അഭിനയിച്ചിട്ടുണ്ടു്. അവരാരും എന്നെ ഉപദ്രവിക്കാതെ വിട്ടിട്ടില്ല. ഈശ്വരാ, എന്തെല്ലാം ഭീഷണികളാണ് കേട്ടിട്ടുള്ളതു്? ചിലരുടെ ജീവിതം അതോടെ തുലയാനും ഇടയായി. ഞാനെന്തു ചെയ്യും? ഈ മാനേജർപോലും . . . . പക്ഷേ, അദ്ദേഹം കൂടുതലും പ്രയോജനത്തെപ്പററിയാണ് നോക്കിയതെന്നു തോ

ന്നു. എനിക്കിഷ്ടമില്ലെന്നുകണ്ടതിൽ പിന്നെ ഒരു ജ്യേഷ്ഠന്റെ വാത്സല്യമേ കാണിച്ചിട്ടുള്ളു. രണ്ടുമൂന്നു കൊല്ലത്തിനു മുമ്പു് ഒരു ഡാൻസുമാസ്റ്റർ എനിക്കുണ്ടായിരുന്നു. നാല്പത്തഞ്ചു് വയസ്സും നാലുമക്കളും വലിയൊരുദ്യോഗവും ഉള്ള ഒരു ബഹുമാന്യൻ. കലാവാസനയും പണക്കൊഴുപ്പുംകൊണ്ടു മാത്രമാണദ്ദേഹം പലരുടെ കീഴിലും നൃത്തംപഠിച്ചതു്. അക്കാര്യത്തിൽ വലിയ സമത്ഥനുമാണു്. അദ്ദേഹം എന്നെ നാലു മാസത്തോളം പഠിപ്പിച്ചു. അപ്പോഴേക്കും മറ്റേ സുഖക്കേടു പിടിപെട്ടു. കുബേരനും കുശാഗ്രബുദ്ധിയുമായ അയാൾ എന്റെ മുമ്പിൽ ഒരു വിഡ്ഢിയും തെണ്ടിയുമായി പെരുമാറി. ശിഷ്യവാത്സല്യത്തിന്റെ പോക്കുകണ്ടപ്പോൾ ഞാൻ പതുക്കെ അകലാൻ തുടങ്ങി മറ്റാരോ കാമുകനുണ്ടായിട്ടാണയാളുടെ പ്രേമം ഞാൻ നിരസിച്ചതെന്നാണിന്നും അയാളുടെ വിശ്വാസം. ഞാനാക്കുരുക്കിൽ വീണെങ്കിൽ എന്റെ സ്ഥിതിയെന്താവുമെന്നാലോചിക്കാൻ ആ സ്വാർത്ഥമൃഗത്തിനു് തോന്നിയതേയില്ല. ആ തയ്ക്കിഴവന്റെ പച്ചശൃംഗാരത്തെപ്പറ്റി ഓർത്താൽപോലും ഛർദ്ദിവരും. പക്ഷേ മറ്റാർക്കും—മാനേജർക്കുപോലും — അറിഞ്ഞുകൂടാ ഇതൊന്നും. അയാളെമാത്രം പറഞ്ഞിട്ടു് കാര്യമില്ല. എന്റെ നാടകം കാണുന്നവരെല്ലാം, എന്റെ അഭിനയത്തിലൂടെ എന്റെ സ്ത്രീഭാവത്തെയാണിഷ്ടപ്പെടുന്നതു്. അവർ സങ്കല്പത്തിൽ എന്റെ പ്രേമലാളനകൾ അനുഭവിക്കുമെന്നു വിചാരിക്കുമ്പോൾതന്നെ എനിക്കൊരുമാതിരി വേദന തോന്നാറുണ്ടു്.”

"പക്ഷേ അഭിനയത്തിൽ ഇതൊന്നും കാണാറി ല്ലല്ലോ." അതൊരുതരം ശാസനയും ശകാരവും ആ യിരുന്നു. "ആരാൻെറയൊക്കെ കൈകളിൽ പ്രേമപ രവശയായി കിടക്കുമ്പോൾ ഈ ചാരിത്രചിന്തയൊ ക്കെ എവിടെപ്പോവും?"

"ഈ വേഷങ്ങളെല്ലാം അഴിച്ചുവെച്ച് നാടക ക്കാരിയുടെ വേഷം കെട്ടി അരങ്ങത്തിറങ്ങുമ്പോൾ ചാരിത്ര്യം രക്ഷിക്കേണ്ട സ്ത്രീ എന്ന വിചാരം മറന്ന് ആളുകളെ രസിപ്പിക്കേണ്ട നാടകക്കാരി എന്ന വി ചാരം മാത്രമേ എൻെറ മനസ്സിൽ ശേഷിക്കുന്നുള്ളു. അതൊരു പ്രത്യേകതരം ചാരിത്രബോധം. തൊഴി ലിനനുസരിച്ച ആദർശങ്ങളല്ലെങ്കിൽ പട്ടിണികി ടന്നു ചത്തുപോവൂല്ലേ?"

അവളുടെ വാക്കുകൾ കേട്ട് ദാസിന്നത്ഭുതം തോ ന്നി. വേശ്യാവൃത്തിക്കു ലൈസൻസെടുത്ത വീട്ടിലെ പതിവ്രതയെപ്പോലെ വിചിത്രമായ ചിത്രം! ഉപജീ വനവൃത്തിക്കനുസരിച്ചുപാകപ്പെടുത്തിയെടുത്ത പാതി വ്രത്യബോധത്തിൽ കുററം പറയാൻ ആർക്കാണവകാ ശമുള്ളത്? അഭിസാരികയുടെ ഭാവത്തിൽ ചാരിത്ര വതിയുടെ പരിശുദ്ധാശയങ്ങൾ തടുക്കാൻ പാടില്ലാ ത്തവിധം ആകർഷകമാണെന്നയാൾക്കു തോന്നി.

പെട്ടെന്നു വൈദ്യുതവിളക്കണഞ്ഞു. മുറിക്കകം ഇരുളിലാണ്ടു. ചിത്ര ചിരിച്ചുകൊണ്ടു പറഞ്ഞു: "ഈ യിടയായി ലൈററിനിങ്ങനെ ഒരുസുഖക്കേട്. പേടി ക്കാനില്ല. അഞ്ചു മിനിററിനകം കത്തിക്കൊള്ളും."

വിളക്കു കത്തിയപ്പോൾ ചിത്ര ദാസിൻെറ കൈ

കാശക്കുള്ളിൽ അസ്വാതന്ത്ര്യയായി നില്ക്കുകയായിരുന്നു. അവശ സാവധാനം അയാളുടെ കൈ വിടുവിച്ചിട്ട്, പാതുക്കെ മുഖമുയർത്തി സ്വാഭാവികമാക്കാൻ യത്നിച്ച മുഖഭാവത്തോടെ കളിമട്ടിൽ പറയാൻ ശ്രമിച്ചു: "ഇരുട്ടത്തു പേടിച്ചുപോയോ? ഏതു ദുർഭൂതത്തിനെക്കണ്ടു പേടിച്ചിട്ടാണു് എന്നെ പററിപ്പിടിച്ചതു്?" നിരന്തര രക്തസ്രാവത്താൽ വിളറിപ്പോയ ചാരിത്രശോണിമയെ ഒരു ദീനസ്മിതത്താൽ പ്രകടമാക്കിക്കൊണ്ടവശ പറഞ്ഞു: "അതേ, ദൈവം ഓരോരുത്തക്കും ഓരോ ശാപം കൊടുക്കാതെ സൃഷ്ടിക്കാറുമില്ല. എൻെറയടുത്തു കുറേനേരമിരിക്കുന്നവരെയെല്ലാം ഈ ദുർഭൂതം ബാധിക്കും. എൻെറ പെരുമാററത്തിൻെറ തരക്കേടായിരിക്കാം കാരണം."

ചിത്ര പരുപരുത്ത സാരിത്തുമ്പുകൊണ്ടു മുഖം നല്ലതുപോലെ തുടച്ചു. അതു കണ്ട ദാസ് ദൂരെ മാറി നിന്നിട്ട്, വികാരഗർഭമായ ശാന്തസ്വരത്തിൽപറഞ്ഞു: "ജാനകിക്കുട്ടി ഭർത്തൃഹിതകാരിണിയായ സാധ്വിയാണു്. ഞാനവളുടെ സമ്മതംതീച്ചയായും വാങ്ങിക്കാം."

"എന്തിനും?"

"നമ്മുടെ വിവാഹത്തിനു്."

"എൻെറയോ?" അവശ വീണ്ടും മുഖം തുടച്ചു. "ജാനകിക്കുട്ടിയെ സപത്നീത്വം അനുഭവിപ്പിക്കാൻ ഞാൻ തയ്യാറില്ല. മാത്രമോ! എൻെറ സഹോദരങ്ങളെ നല്ല നിലയിൽ കൊണ്ടുവരാൻതന്നെ പണം പോരാ. അതിലിനിയും ഞാൻ പങ്കുകാരെ സൃഷ്ടിക്കണമോ?"

"അച്ഛനമ്മമാരുടെ സുഖേച്ഛയ്ക്കു മകൾ സുഖബലി ചെയ്യുന്നതു് 'ഭീഷ്മത്വ'മല്ലേ? മാതൃത്വമാണു് സ്ത്രീയുടെ സ്വർഗ്ഗം"

"സാരമില്ല. പാവപ്പെട്ട കുറെ ജീവികളെ സ്വർഗ്ഗത്തിൽനിന്നു് ഈ നരകത്തിലേയ്ക്കു കൊണ്ടുവന്നിട്ടു്, സ്വർഗ്ഗം അനുഭവിക്കണമെന്നെനിക്കാശയില്ല."

ചിത്രയുടെ ദൃഢസ്വരം ദാസിനെ ചഞ്ചലിപ്പിച്ചു. അയാൾ കൈകെട്ടി കുറെനേരം കുനിഞ്ഞുനിന്നിട്ടു്, മുഖമുയർത്തി പറഞ്ഞു: "എന്നാലൊരു കാര്യം ചെയ്യാം. നമുക്കു് ആജീവനാന്തം പ്രണയബദ്ധരായി ജീവിക്കാം."

"എന്നുവെച്ചാൽ?"

"മനസ്സിലാകുന്നില്ലേ? കാമിനീകാമുകന്മാരായി അന്ത്യംവരെ കഴിയാമെന്നു്."

"ഓ! ഹാർഡിയുടെ ചില കഥകളിൽ കാണുന്നപോലെ വിവാഹപ്രതീക്ഷ മരണത്തോടുകൂടിമാത്രം വിടുക. ആശയം കൊള്ളാം. പക്ഷേ ശോകാത്മകത്വം അഭിനയിക്കാനല്ലാതെ അനുഭവിക്കാനെനിക്കു കെല്പില്ല."

"എന്നാൽ ഞാനൊന്നു നിശ്ചയിച്ചു." ദാസിന്റെ കണ്ണുകൾ ജ്വലിച്ചു. "എന്റെ നാടകങ്ങൾ അഭിനയിക്കാൻ ഇന്നുമുതൽ നിങ്ങൾക്കനുവാദമില്ല."

ചിത്ര പുറകോട്ടു നടന്നു ജന്നലിൽ മുതുകുചാരി മലർന്നുനിന്നു്, കൈ രണ്ടും ഉയർത്തി ജന്നൽക്കമ്പിയിൽ പിടിച്ചുകൊണ്ടു പറഞ്ഞു: "വളരെ സന്തോഷം. നാളെരാവിലെ ഞാൻ നാടകക്കമ്പനിയിൽനിന്നു മാറുകയാണു്. സഹോദരങ്ങളെ വളർത്തിയും പുസ്തകം വായിച്ചും ഞാൻ സുഖമായി ജീവിക്കും. മൂത്ത

ചേച്ചിയുടെ ആകാരം കണ്ടവൻെറയൊക്കെ കയ്യിൽ കിടന്നാടുന്നതു കാണുന്നതവക്കെത്ര കുറച്ചിലാണു്! നമ്മുടെ പരിചയം ഈ ഒരു രാത്രിക്കപ്പുറം പോകയും വേണ്ട. ഒരപേക്ഷ മാത്രമുണ്ടെനിക്കു്. സമ്മതമാണെങ്കിൽ, നിങ്ങളുടെ രണ്ടാമത്തെ മകനു ലവൻ എന്നു പേരിട്ടു് എന്നെ ഏല്പിക്കു. അവൻെറ അഭിരുചിയനുസരിച്ചു ഞാനവനെ ചിത്രകാരനോ, നടനോ, ഡാക്കുരോ, കർഷകനോ, വക്കീലോ ആക്കാം."

ദാസ് ആവേശപൂർവ്വം അവളെ നോക്കി. ചിത്ര ഭയംകലൎന്ന ഹാസത്തോടെ പറഞ്ഞു: "ഇതാ, നിങ്ങൾക്കും ആ ഭ്രാന്തു പിടിച്ചിരിക്കുന്നു. ഇനിയും ഞാനിവിടെ നില്ക്കുന്നില്ല. ജാനകിക്കുട്ടി ഭൎത്താവിനെ ഓൎത്തു ഉറക്കമില്ലാതെ കിടക്കയിൽ കിടന്നുരുളുകയായിരിക്കും ഇപ്പോൾ. നിങ്ങളിവിടെ ഇരിക്കു. മണിയതാ അഞ്ചടിക്കുന്നു. അച്ഛനിപ്പോഴുണരും. നിങ്ങളെ വേണ്ടപോലെ അച്ഛൻ സല്ക്കരിക്കും. കാലത്തെ കാപ്പി കുടിച്ചേ പോകാവൂ എന്നു ഞാൻ സ്നേഹത്തോടെ നിർബ്ബന്ധിക്കയും ചെയ്യുന്നു. ഇനി എന്നെ കാണുകയേ വേണ്ട. എനിക്കതിന്നു യോഗ്യതയില്ല. ഞാൻ പോകുന്നു."

ചിത്ര മറഞ്ഞു. ദാസ് നിൎജ്ജീവനായി കസേരയിലമൎന്നു. തൻെറ കാമകലുഷചിത്തത്തിൽനിന്നു കാവ്യലക്ഷ്മി മാറിമറഞ്ഞതുപോലെ അയാൾക്കു തോന്നി.

★

## മഴയ്ക്കുമുമ്പ്

ഞാൻ വരാന്തയിൽ നിശ്ശബ്ദപാദനായി കയറിയതറിയാതെയാണു് അകത്തു് ആ വാദപ്രതിവാദം നടന്നതു്. അവളുടെ അമ്മ പറയുകയായിരുന്നു: "അതേ, കുറേക്കഴിഞ്ഞാൽ ഇതുമില്ല. ഈ വലിയ പരീക്ഷയൊക്കെ പാസ്സായി രണ്ടു കൊല്ലം കുത്തിയിരുന്നിട്ടു് ഏതു പട്ടി തിരിഞ്ഞുനോക്കി?"

"ആരും തിരിഞ്ഞുനോക്കിയില്ല?" അതവളുടെ സ്വരമായിരുന്നു. "ഞാനതൊന്നും ശ്രദ്ധിച്ചിട്ടില്ല. വേറെ രസമുള്ള ജോലി പലതും എനിക്കുണ്ടു്."

"ഈ രസംതീന്നു് ഒടുവിൽ പിന്നെ വേണമെന്നു തോന്നുമ്പോഠം കാലുപിടിച്ചാലും ഒരു തെണ്ടിയും കാണുകയില്ല." ആ ഇഴഞ്ഞ ശബ്ദം അവളുടെ പിതൃസഹോദരിയുടേതായിരുന്നു. അവരുടെ ഒരു വാത്സല്യഭാജനമായിരുന്നു ഞാൻ.

"അമ്മായിക്കുറക്കംവരുന്നോ?" അവഠം ചിരിച്ചു. "ഞാൻ പാടാം. ഉറങ്ങിക്കോളു. സോജാ—"

"താരാട്ടൊക്കെ വച്ചേക്കു." അമ്മായി ഉന്മേഷപൂർവ്വം പറഞ്ഞു: "നോക്കു കുഞ്ഞേ, ആരും വരാത്തതുവരെ ഭർത്താവു വേണ്ടെന്നു വാശിപിടിക്കുന്നതു നല്ലതുതന്നെ—അഭിമാനം രക്ഷിക്കാൻ. ആരെങ്കിലും നല്ലവൻ വന്നുകഴിഞ്ഞാൽ പിന്നെ അച്ഛനുമമ്മയ്ക്കും വേണ്ടിയെങ്കിലും മനസ്സു മാറുന്നതാണു ബുദ്ധി!"

ആ പ്രായോഗികബുദ്ധിക്കാരിയായ അമ്മായി അവളുടെ ധൈര്യത്തിന്റെ മദ്ധ്യത്തിലേക്ക് ഒരു ബാംബുഷെൽ എറിയുകയായിരുന്നെന്ന് എനിക്കു തോന്നി. അവൾ ചഞ്ചലിപ്പോടെ കാൽ രണ്ടും നിലത്തടിച്ചുകൊണ്ടു് പറഞ്ഞു: "നിങ്ങളെല്ലാംകൂടെ എന്നെ ആക്രമിക്കാൻ പോവുകയാണോ?"

"കൊള്ളാം! എന്നോടുള്ള ബഹുമാനംകൊണ്ടാണ് അവർ ഇതിനു സമ്മതിച്ചതുതന്നെ." അമ്മായി സ്വരംതാഴ്ത്തി ദാനോപായം പരീക്ഷിച്ചു. "പട്ടത്തെ രണ്ടുനിലക്കെട്ടിടമാണ് നിങ്ങൾക്കു താമസിക്കാൻ. മോട്ടോർകാർ വാങ്ങിക്കാൻ വേണ്ട ഏർപ്പാടെല്ലാം ചെയ്തു."

"അതൊന്നുമില്ലാഞ്ഞിട്ട് എന്തസുഖമാണെനിക്കു്?"

"എന്റെ മകൾ ഒന്നോർത്തുനോക്കു. കോളേജിൽ പഠിച്ചിട്ടില്ലെങ്കിലും അവന്റെ പണത്തിനു വിലയില്ലേ? നീ നന്നായിവന്നു കാണാൻ—"

"എന്നാലിതാ ഞാനങ്ങു നന്നായേക്കാം." നിവൃത്തിയില്ലാതെ അവൾ കീഴടങ്ങി. "പക്ഷേ ഇതെന്തിനെന്നാണ് ഞാൻ ചോദിക്കുന്നതു്?"

"എന്തിനെന്നോ! എല്ലാവരും നല്ലതെന്നു കരുതുമ്പോൾ—"

"ഞാൻമാത്രം ചീത്തയെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ ഒന്നിച്ചുള്ള ജീവിതം ലോകത്തിനെന്തുഗുണം ചെയ്യും?"

"പെണ്ണേ, നീ വലിയ ആളാകാതെ." അമ്മയ്ക്കു ദേഷ്യം വന്നു. "അവളൊരുത്തി ലോകത്തെ കൊണ്ടപ്പെട്ടുത്താൻ വന്നിരിക്കുന്നു! പറ, സമ്മതമാണോ?"

"അമ്മയുടെ ആശതന്നെ സാധിക്കട്ടെ. മനുഷ്യൻ ജനിക്കുന്നതുതന്നെ ചില കടപ്പാടുകളോടെയല്ലേ? ഞങ്ങൾ രണ്ടുപേരുംകൂടെച്ചേർന്നു് ജനസംഖ്യ വർദ്ധിപ്പിച്ചാൽ അമ്മയ്ക്കതു മതിയല്ലോ. പക്ഷേ കറുത്ത കുഞ്ഞുങ്ങളെ ഞാൻ തൊടുകയില്ല."

ഞാൻ പല്ലിറുമ്മിക്കൊണ്ടു് എന്റെ ദേഹത്തിൽ നോക്കി. ഇവളെ മര്യാദപഠിപ്പിക്കാതെ വിടാമോ! അവളുടെ അമ്മ പറഞ്ഞു: "വേണ്ട. ഞാൻ വളത്തിക്കൊള്ളാം. ഈ വഷളത്തമൊക്കെ ഞാൻ നിനക്കു വിലകൊടുത്തു വാങ്ങിച്ചു തരികയായിരുന്നല്ലോ! നീ വലിയ സുന്ദരിയോ?"

"ആരും എന്റെ സൌന്ദര്യം കാണണമെന്നു ഞാനാവശ്യപ്പെടുന്നില്ലല്ലോ. ഏതായാലും ഞങ്ങൾ പിണങ്ങുകയാണെങ്കിൽ—"

"അതേ! പിണങ്ങുന്നു!" അമ്മായി ഹാസ്യസ്വരത്തിൽ പറഞ്ഞു: "അങ്ങോട്ടു പോയാൽപ്പിന്നെ ഒരുദിവസം നീ അവനെപ്പിരിഞ്ഞിവിടെ താമസിക്കില്ല."

*      *      *      *

ഞങ്ങൾ തമ്മിലുള്ള അവസ്ഥാന്തരത്തിൽ സ്വേച്ഛാഭരണമാണു് ഞാൻ അഭികാമ്യമായി കരുതിയതു്. വിവാഹത്തിന്റെ പിറേറന്നു ഞാൻ ചെന്നപ്പോൾ അവളും അവളുടെ ആണുംപെണ്ണുമടങ്ങിയ കൂട്ടുകാരും ചേർന്നു രസിക്കുന്നു! നാട്ടുംപുറത്തെ ഒരു പുരാതന തറ

വാട്ടിന്റെ ഇടുങ്ങിയ ഒരറയിൽവെച്ച് ഈ ലോകം ആദ്യം കണ്ട എന്റെ കണ്ണുകൾ കോപത്താൽ കലങ്ങി. പക്ഷേ ആ അഭ്യസ്തവിദ്യരെക്കൊണ്ടു്, ആചാരമറിയാത്ത മലമൂഢൻ എന്നു പറയിക്കാനെനിക്കിഷ്ടം തോന്നാത്തതിനാൽ ഞാൻ അനിഷ്ടം കാണിച്ചതേയില്ല.

കൂട്ടുകാർ പോയപ്പോൾ ഞാൻ പറഞ്ഞു: "നമുക്കിന്നുതന്നെ പോകണം. ആദ്യം എന്റെ ചേച്ചിയുടെ വീട്ടിലേയ്ക്കും, പിന്നീട് എന്റെ വീട്ടിലേയ്ക്കും. പട്ടത്തെ രണ്ടു നില മാളികയിൽ താമസിക്കാൻ ചെന്നാൽ ഉടമസ്ഥൻ കഴുത്തിനു പിടിച്ചു തള്ളും." അവൾ തലയാട്ടുകമാത്രം ചെയ്തു.

* * * *

പ്രസവിച്ചുകിടന്ന ചേച്ചിയുടെ മുമ്പിൽ പ്രദർശന വസ്തുക്കളെപ്പോലെ നിന്ന എന്നേയും അവളേയും കാണാൻ നാലഞ്ചു കുഞ്ഞുങ്ങൾ ആർത്തുകൊണ്ടു് അകത്തേയ്ക്കുവന്നു. ചേച്ചി നിശ്ശബ്ദശാന്തനയായി അവരെ കണ്ണുരുട്ടി നോക്കുകയാൽ അവരെല്ലാം തകർപ്പോടെ വെളിയിലേയ്ക്കു പാഞ്ഞു—കൂടെ അവളും.

ചേച്ചി ചോദിച്ചു. "എന്തു പരീക്ഷക്കാരിയാണു്?"

"എം. എ."

"നീ എങ്ങനെ അവളെ ഭരിക്കും? കുഞ്ഞുങ്ങളുണ്ടായാൽ അതിനേയും ഇട്ടിട്ട് അവൾ കളിക്കാനോടും."

"എല്ലാം ശരിയാക്കാം ചേച്ചി." വിപ്ലവോദ്യുക്തനായ സാമന്തനെ അമർത്തുവാൻ സൈന്യസന്നാ

ഹം ചെയ്യുന്ന ജേതാവിൻെറ സ്വരത്തിൽ ഞാൻ പറഞ്ഞു: "ആൺകൂട്ടുകാരൊന്നിച്ച് അവിടെ കളിച്ചു നടന്ന രസം വിട്ടിട്ടില്ല. ഈ അഹംഭാവമെല്ലാം പോവൂല്ലേ?"

വീട്ടിലേയ്ക്കു പോകുന്ന വഴിക്കു ഞാൻ കാറിൽ വെച്ചു ചോദിച്ചു: "എന്താണെൻെറ ചേച്ചിയോടു നീ മിണ്ടാത്തതു്? കണ്ടിട്ടു പിടിച്ചില്ലേ?"

എൻെറ നീരസം ശ്രദ്ധിക്കാതെ അവൾ ചിരിയമർത്തിക്കൊണ്ടു ചോദിച്ചു: "അവൾക്കെത്ര കുഞ്ഞുങ്ങളുണ്ടു്."

"ആകെ എട്ടു്. മൂന്നാണും അഞ്ചു പെണ്ണും. രണ്ടെണ്ണം മരിച്ചുപോയി. ഒരു പ്രാവശ്യം—"

"എന്തു നല്ല ഓർമ്മശക്തി!" അവൾ പൊട്ടിച്ചിരിച്ചു. അവർക്ക് അനുജനെ വലിയ സ്നേഹമാണെന്നു തോന്നുന്നു. അവൾ പെട്ടെന്നു ഗൌരവത്തോടെ പറഞ്ഞു: "അടുത്ത ജന്മം അവർ ഒരു പട്ടുനൂൽ ശലഭമായിരിക്കും."

"എങ്ങനെ അറിഞ്ഞു?" അവളുടെ സഗൗരവപ്രവചനം എന്നെ അമ്പരപ്പിച്ചു.

"ഓ! പെൺ പട്ടുനൂൽശലഭത്തിനു മുട്ടയിടുന്നതു മാത്രമാണു് ജോലി."

എനിക്കതിയായ ദേഷ്യം തോന്നി. പക്ഷെ എന്തു ചെയ്യാൻ! കുനിഞ്ഞിരുന്നു മുഖം പൊത്തി കുലുങ്ങിച്ചിരിക്കയായിരുന്നു അവൾ. ഒടുവിൽ അവൾ പറഞ്ഞു: "ടാഗോർ പറഞ്ഞിട്ടുണ്ടു്, മാതൃത്വമാണ് സ്ത്രീകളുടെ പ്രധാന ധർമ്മം ......."

അവൾക്കു വന്നുകൊണ്ടിരുന്ന എഴുത്തുകൾ പലതും ഞാൻ പരിശോധിച്ചു. ഒരു പൂർവ്വപ്രണയബന്ധത്തിന്റെ അവശിഷ്ടങ്ങളൊന്നും അതിലെങ്ങും കണ്ടില്ല. എങ്കിലും ചില ഹിന്ദിയെഴുത്തുകൾ എന്നെ വിഷമിപ്പിച്ചു. ഒരു ദിവസം ഒരെഴുത്തു വായിച്ച് അവൾ വല്ലാതെ ചിരിക്കുന്നതു കണ്ട് ഞാൻ ഈർഷ്യയോടെ ചോദിച്ചു: "എന്താണിത്ര രസം?"

"എട്ടുവയസ്സിനിളപ്പമുള്ള ഒരുത്തനെ എന്റെ ഒരു കൂട്ടുകാരി വിവാഹം ചെയ്തിരിക്കുന്നു."

"ക്ഷണനമാണോ അതു്?"

"അല്ല, രസമുള്ള വാർത്തയായി എഴുതി അയച്ചിരിക്കുന്നു."

"ആരു്?"

"ഓർമ്മയുണ്ടോ, അന്നു ഞാൻ പരിചയപ്പെടുത്തിയതിൽ ആ നീളം കുറഞ്ഞ, പച്ച ഷർട്ടിട്ട, ഇടത്തെ കൈയിൽ നീലക്കൽ മോതിരമുള്ള —"

"ഏവനാണതു്?" എനിയ്ക്കു നല്ല ദേഷ്യംവന്നു. ഇവൾക്കിത്രത്തോളം അയാളെ ഓർമ്മയോ! അവനിതെല്ലാം എന്തിനിവൾക്കെഴുതണം? ഞാൻ ചോദിച്ചു: "നിന്റെ ആരാണവൻ?"

"ഓ! ഒരു വലിയ കൂട്ടുകാരൻ!" എന്റെ ദേഷ്യം അവൾ കണ്ടില്ല. അവൾ പെട്ടെന്ന് വിഷാദഭാവത്തിൽ പറഞ്ഞു: "കഷ്ടം! എനിക്കും ഒരു 'അനിയൻഭർത്താവി' നെയായിരുന്നു ഇഷ്ടം. എന്നിട്ടെന്നോക്കാൾ എട്ടുവയസ്സു പ്രായക്കൂടുതലുള്ള —"

"എന്നാൽ നല്ല സുഖമായിരുന്നു, ഇല്ലേ?" വല്ല

രെ പറയാൻ തോന്നിയെങ്കിലും ദേഷ്യംകൊണ്ടു് എന്റെ തൊണ്ട അടഞ്ഞുപോയി.

"അതേതെ." വീണ്ടും അവറം പൊട്ടിച്ചിരിച്ചു.

അവളുടെ മുഖത്തെ ഹർഷവിഷാദങ്ങളുടെ നൈമിഷികമാററം കണ്ട ഞാൻ അവജ്ഞതയോടെ പറഞ്ഞു: "അഭിനയിക്കാൻ വശമുള്ള സ്ഥിതിക്ക സിനിമായ്ക്കു പോകേണ്ടതായിരുന്നു. മനസ്സിനിണങ്ങിയ ജീവിതവും"

"പക്ഷേ എന്തു ചെയ്യാം!" അവറം ദുഃഖസ്വരത്തിൽ പറഞ്ഞു: "ഞാൻ പാടാൻ തുടങ്ങിയാൽ പടമെടുക്കുന്നവർ ഓടി രക്ഷപ്പെടും."

* * *

എന്റെ ബാല്യകാലസഖിയായിരുന്ന ജാനകിക്കു്, നാലു തന്തയില്ലാക്കുഞ്ഞുളെ ഓർത്തു ഞാൻ രണ്ടു രൂപ നല്കിയതു തെററാണെന്നു് എന്റെ ഹൃദയം പറഞ്ഞില്ല. എങ്കിലും എന്റെ ഭാര്യയോടു ചെയ്യുന്ന ഒരു തെററാണതെന്നു് എന്റെ മനസ്സാക്ഷി ശങ്കിച്ചു. അവറം അതൊന്നും അറിഞ്ഞിട്ടില്ലല്ലോ എന്നു ഞാൻ സമാധാനിക്കയും ചെയ്തു. പക്ഷേ അന്നു രാത്രി കൌതുകപൂർവ്വം പുസ്തകം വായിച്ചുകൊണ്ടിരുന്നതിന്നിടയ്ക്കു് അവറം തലതിരിച്ചു് എന്നോടു ചോദിച്ചു: "രാവിലെത്തെ ജാനകി എന്ന സ്ത്രീയുമായി വളരെനേരം സംസാരിക്കുന്നതു കണ്ടല്ലോ. ഒടുവിൽ കൊടുത്തതെന്താണു്?"

വെളുത്തു വിളറിയ മുഖത്തോടെ ഞാൻ പറഞ്ഞു: "രണ്ടുരൂപാ."

ചോദ്യം കഴിഞ്ഞു പുസ്തകവായനയിൽ വീണ്ടും ഏർപ്പെട്ട അവറം പറഞ്ഞു; "തോമസ് ഹാർഡി

പെണ്ണുങ്ങൾക്കെന്തു വില കൊടുക്കുന്നു! ആ നാട്ടു കൊള്ളാം. ഒരു പെണ്ണിന്നുവേണ്ടി രണ്ടും മൂന്നും പേർ വായുംപൊളിച്ചിരിക്കുക. ആ 'ബാത്ഷിബാ'യെ ത്തന്നെ എത്രപേർ സ്നേഹിക്കുന്നു!"

ജാനകിയെപ്പററിയുള്ള ആശങ്കകളിൽ വ്യാപൃത നായിരുന്ന ഞാൻ ചോദിച്ചു: "ഞാൻ അവളെ ആ വിധ ത്തിൽ സ്നേഹിക്കുന്നെന്നാണോ നിൻെറ സംശയം?"

അവൾ പുസ്തകത്തിൽനിന്നും കണ്ണെടുക്കാതെ ചോദിച്ചു, "ആരേ?! ബാത്ഷിബായെയോ?......"

*                    *                    *

ആ നാട്ടുമ്പുറത്തെ റോഡിൽ ആളധികമില്ലാ ത്തതു കൊണ്ടാണു് ഡ്രൈവർ അത്ര അലക്ഷ്യമായി കാറോടിച്ചതു്. അപകടം കണ്ടു കാർ നിറുത്തിയ ഉ ടനെ അവൾ ചാടിതാഴെത്തിറങ്ങി, താഴെ വീണുകിട ന്ന സുന്ദരനെ താങ്ങിയെടുത്തു. അവളുടെ ദീനാനു കമ്പ എനിക്കു രസിച്ചില്ലെങ്കിലും മര്യാദയോർത്തു ഞാൻ മിണ്ടിയില്ല. അയാളെ വീട്ടിൽ കൊണ്ടുപോയി ശു ശ്രൂഷിക്കണമെന്ന അവളുടെ അഭിപ്രായവും തിരസ്കൃ തമായില്ല. പക്ഷേ അവൾ മാറാതെ അയാളെ ശുശ്രൂ ഷിച്ചപ്പോൾ ന്യായമായി എനിക്കു ചില ദുശ്ശങ്കക ളുണ്ടായി. ഞാൻ ചെയ്തതു തെററായിരിക്കാം. പക്ഷേ എന്തിന്നു പറയാതിരിക്കുന്നു! ദുഷ്യന്തമഹാരാജാവു പറഞ്ഞതുപോലെ വിചികിത്സിതങ്ങളിൽ ചിത്തവൃ ത്തിയാണല്ലോ സത്തുക്കൾക്കു പ്രമാണം! ഞാൻ ഒളി ച്ചുനിന്നു് അവരുടെ സംഭാഷണം കേൾക്കാൻതന്നെ നിശ്ചയിച്ചു. ഞാൻ ചെന്നപ്പോൾ അയാൾ പറയു

കയായിരുന്നു: "ഏതിലും വീണ്ടും കണ്ടതിൽ വലിയ സന്തോഷം"

എന്റെ ഹൃദയം തുടിച്ചു. അവർ പരിചിതരാണെന്ന് ഇതാ നിസ്സംശയമായി തെളിഞ്ഞിരിക്കുന്നു. എന്തായാലും ആ നീളം കുറഞ്ഞ, നീലക്കൽ മോതിരക്കാരനല്ല.

"ഓ! സന്തോഷമൊന്നുമില്ല എനിക്ക്." അവളുടെ ഉത്തരം എന്നെ അത്ഭുതപ്പെടുത്തി. "പോരെങ്കിൽ ഈ മുറിവിനും ക്ഷീണത്തിനും ഇടയാക്കിയതിൽ വിഷമവുമുണ്ട്."

അയാൾ കുനിഞ്ഞ് അവൾ കെട്ടി ശരിപ്പെടുത്തിയ മുറിവുകളിലേയ്ക്കു നോക്കിയിട്ടു ചോദിച്ചു: "ഭർത്താവെവിടെ?"

"ഇവിടില്ലെന്നു തോന്നുന്നു." എന്നെപ്പററി പറയുമ്പോൾപ്പോലും ആ സ്വരത്തിൽ നീരസം!

അയാൾ നാലു വശവും നോക്കിയിട്ട്, പതിഞ്ഞ സ്വരത്തിൽ എന്തോ പറഞ്ഞു:

"ക്ഷീണം മാറിയ സ്ഥിതിക്കു പൊയ്ക്കൊള്ളണം—" അവൾ അതിഥേയയുടെ മര്യാദവിട്ട് ആജ്ഞാസ്വരത്തിൽ പറഞ്ഞു: "അന്നു ഞാനതൊക്കെ കേൾക്കുകയെങ്കിലും ചെയ്തു. ഇന്ന് എന്റെ ഭർത്താവിന്റെ വീടാണിതെന്ന് ഓർത്തുവേണം എന്തെങ്കിലും പറയാൻ."

അവളുടെ മുഖഭാവം എനിക്കു കാണാൻ കഴിഞ്ഞില്ല. അയാൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്നാൽ ഭർത്താവില്ലാത്തിടത്തു ഞാൻ വന്നു കണ്ടുകൊള്ളാം."

അയാൾ പടി കടന്നായുടൻ ഞാൻ അവളുടെ മുമ്പിൽ ചെന്നു പറഞ്ഞു: "ഈ ആട്ടവും മറവും ഇനിയും നിൎത്താറായില്ലേ? എനിയ്ക്കറിവു കുറയുമെങ്കിലും എന്റെ ചെലവിൽ താമസിക്കുമ്പോൾ എന്റെ ഇഷ്ടം അനുസരിക്കണം."

അവൾ പൊട്ടിച്ചിരിച്ചെന്തെങ്കിലും പറഞ്ഞു പരാജയപ്പെടുത്തുമെന്നു ഭയന്ന എന്നെ അത്ഭുതസ്തബ്ധനാക്കിക്കൊണ്ടു് അവൾ പറഞ്ഞു: "ഞാൻ വീട്ടിലേയ്ക്കു പോകയാണു്. എന്റെ ദുഷ്കൎമ്മഫലത്തിൽ പങ്കാളികൾ വേണ്ട."

"പൊയ്ക്കോളു. അവനവിടെ വന്നുകാണാൻ സൗകൎയ്യവുമുണ്ടു്" എന്നു പറഞ്ഞിട്ടു ഞാൻ കട്ടിലിൽ ഇരുന്നു. അവൾ കസേരയിലിരുന്നു്, തല ചീകി, പൊട്ടിട്ടു്, മഷിയെഴുതി, മുഖത്തു വെള്ളയടിച്ചു്, ഉഷ്ണകാലത്തുപയോഗമുള്ള രണ്ടു സ്വൎണ്ണ വിശറികൾ കാതിൽ തൂക്കി. അതിനുശേഷം സാരി എടുക്കാൻ അലമാറി തുറന്നു് അവൾ വേലക്കാരൻ ചെറുക്കനെവിളിച്ചു പറഞ്ഞു: "എടാ, ഇനിയത്തെ കൊച്ചമ്മ വരുമ്പോൾ പറയണം; ഇതെല്ലാം വാരിവലിച്ചു കളയാതെ, വൃത്തിയായി അടുക്കിവെയ്ക്കണമെന്നു്."

ആദ്യമായി അവളുടെ ദേഷ്യം കണ്ട അവൻ അമ്പരപ്പോടെ പറഞ്ഞു: "പറയാം."

ഞാൻ കുഴങ്ങി. അവളുടെ സ്ഥാനത്തു് ഒരുസാധാരണക്കാരിയായിരുന്നെങ്കിൽ, "എന്നെ ഇപ്പം എന്റെവീട്ടിൽ കൊണ്ടാക്കണം" എന്നു പറയുമ്പോൾ നാം മുഖം വീൎപ്പിച്ചുകൊണ്ടു മിണ്ടാതിരുന്നാൽ

മതി; ആ ശണ്ഠ കാര്യമായ ഫലങ്ങൾക്കൊന്നും ഇടയാക്കുകയില്ല. പക്ഷേ ഇതങ്ങനെയാണോ! തനിച്ചു യാത്ര ചെയ്തു ശീലമുള്ള അവളെ ഇനി ഞാൻ വഴിയേച്ചെന്നു സമാധാനപ്പെടുത്തണം. അതിന്ന് എൻെറ അഭിമാനം അനുവദിക്കുമോ? ഞാൻ ഒരു പോംവഴിയും കണ്ടില്ല. അവൾ വേഷത്തിന്നു് അവസാന മിനുക്കു കഴിച്ചുകൊണ്ടിരിക്കേ ഇത്രയും പറഞ്ഞു. "എന്തെല്ലാം കേൾക്കണം! ഒരുത്തൻെറ പുറത്തു കാർ കേററി തള്ളിയിട്ടപ്പോൾ അതു് ആണോ, പെണ്ണോ, ശത്രുവോ, മിത്രമോ, സുന്ദരനോ, വിരൂപനോ എന്നൊന്നും നോക്കാതെ നമ്മുടെ സഹായമാവശ്യമുള്ള ഒരു ജീവി എന്നു വിചാരിയ്ക്കുന്നതും തെററാണെങ്കിൽ പിന്നെ ശരിയെന്തുണ്ടു് ലോകത്തിൽ!"

അവൾ മുററത്തിറങ്ങി. ഞാനാണു് തെററുകാരൻ എന്നു കൂടി ബോദ്ധ്യമായപ്പോൾ എൻെറ തൊണ്ട വല്ലാതെ വേദനിച്ചു. അവളുടെ നഷ്ടം തീർച്ചയായപ്പോഴാണു് ഞാനറിഞ്ഞതു്, എത്രത്തോളം ആനന്ദപ്രദായിനിയായിരുന്നു അവളെന്നു്. എനിക്കു ജീവിതത്തിൽപ്പോലും വെറുപ്പു തോന്നി.

കൈകൊണ്ടു കണ്ണുകൾ പൊത്തി ഞാൻ കണ്ണീരടക്കാൻ ശ്രമിച്ചു.

*        *        *

ആനന്ദത്തള്ളലിൽ ഞാൻ അശക്തനായി ഇരുന്നുപോയി. എൻെറ അരികിൽ വന്നിരുന്ന അവൾ, ഒരു കൈ എൻെറ കഴുത്തിൽ ചുററി മറേറ കൈ കൊണ്ടു് എൻെറ കൈകൾ മുഖത്തു നിന്നു നീക്കി, എ

ൻെറ താടിയിൽ പിടിച്ചു മുഖം അവളുടെ നേരെ തിരിച്ചിട്ടു പറഞ്ഞു; "ഞാൻ തനിയെ പോകാൻ തുടങ്ങിയിട്ടു് ഒററക്കാലിൽ നടക്കുന്നതുപോലെ വേദനയും വല്ലായ്മയും. ഇങ്ങോട്ടു വന്നതുപോലെ നമുക്കൊന്നിച്ചു തന്നെ തിരിച്ചുപോകാം."

ഞങ്ങളുടെ ദാമ്പത്യാന്തരീക്ഷത്തിൽ കൂടിനിന്നിരുന്ന കാർമ്മേഘങ്ങൾ ഞങ്ങളുടെ ഹൃദയവേദനകളെ കഴുകി ശുദ്ധമാക്കിയ ജലധാരയായി മാറി. അവൾ പറഞ്ഞു: "സാരമില്ല, മദാം ചിയാങ്ങ് കൈഷക്ക്പോലും ഇങ്ങനെ വീട്ടുവഴക്കുകൾക്കു ശേഷം കരഞ്ഞിരിക്കും."

★

## സ്വപ്നമണ്ഡലം

നീലാകാശത്തിൻെറ നടുവിൽ നിന്ന നവമീചന്ദ്രൻെറ പ്രകാശത്തിൽ, സിമൻറുകൊണ്ടു കെട്ടിപ്പടുത്ത ആ അസ്ഥിമണ്ഡപം ഞാൻ കണ്ടുപിടിച്ചു. എൻെറ ഹൃദയം വളരെയധികം സ്വാധീനമാക്കിയ ഒരു ജീവിയുടെ ഭൌതികാവശിഷ്ടമാണ് അതിനകത്തുള്ളതു്.

ഗോവിന്ദപ്പിള്ള എന്നായിരുന്നു അദ്ദേഹത്തിൻെറ പേർ. പക്ഷേ എന്നോപ്പോലുള്ള ഉററ സ്നേഹിതന്മാരും ബന്ധുക്കളും, അച്ഛൻെറ വീരാരാധനയുടെ ഫലമായി അദ്ദേഹത്തെ 'മോട്ടി' എന്നാണ് വിളിച്ചിരുന്നതു്.

നാലാംവയസ്സിൽ ഞങ്ങൾ തമ്മിലുണ്ടായ മൈത്രി നാല്പത്തിനാലു കൊല്ലം നിരർഗ്ഗളം നിലനിന്നു. സ്വാർത്ഥത്തിന്നതിൽ സ്ഥാനമില്ലായിരുന്നു; ആചാരത്തിൻെറ കറ പററിയതായിരുന്നില്ല അതിലെ ആത്മാർത്ഥത. ഞങ്ങൾക്കു രണ്ടുപേർക്കും ഞങ്ങൾ അനപേക്ഷണീയരാണെന്നു് ഞങ്ങളും ലോകവും വിശ്വസിച്ചു.

എന്നാൽ ആ വിശ്വാസം അബദ്ധമാണെന്ന് ഒടുവിൽ വെളിപ്പെട്ടു. ഞങ്ങളുടെ നീണ്ട ബന്ധം ഒന്നോടെ വിച്ഛിന്നമായി.

അന്നു നാല്പെത്തെട്ടുവയസ്സു പ്രായമുണ്ടായിരുന്നു. ഞങ്ങൾക്ക്. ഭാര്യ മരിച്ചു പത്തു വർഷംവരെ പുനർവ്വിവാഹത്തിനൊരുങ്ങാതെ മാനമായി ജീവിച്ച മോട്ടി പെട്ടെന്ന് ഒരു കൊച്ചുബാലികയുടെ വൃദ്ധവരനായി

മോട്ടിയുടെ ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ മകളായിരുന്നു ഭാരതി. അവൾക്ക് ആറു വയസ്സായപ്പോൾ അമ്മ മരിച്ചു. രണ്ടാമമ്മയുടെ കീഴിൽ ദുരിതമനുഭവിക്കാതിരിക്കാൻ അവൾ സ്നേഹമയിയായ ഇളയമ്മയുടെ വാത്സല്യത്തണലിൽ രക്ഷനേടി. അദ്ദേഹവും അവളെ സ്വന്തം കുഞ്ഞായിത്തന്നെ കരുതി.

കുടുംബത്തിന്റെ സുകൃതക്ഷയമോ ഭാരതിയുടെ ഭാഗ്യദോഷമോ കൊണ്ട്, രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ അവളുടെ ഇളയമ്മയും മരിച്ചു. അവരുടെ ശാശ്വതനഷ്ടം മോട്ടിയേയും ഭാരതിയേയും നല്ലപോലെ മഥിച്ചു പക്ഷെ പിന്നീടും ഭാരതി ഇളയച്ഛന്റെ പിതൃവാത്സല്യമനുഭവിച്ചുകൊണ്ട് അതിടെത്തന്നെ താമസിച്ചു.

യൌവനത്തിലെത്തിയ ഭാരതിക്കു വിവാഹാലോചനകൾ പലതും വന്നു. അവരിലൊന്നും അദ്ദേഹത്തിന്നു തൃപ്തി തോന്നിയില്ല. എന്തെങ്കിലും കുററങ്ങൾ മോട്ടിയുടെ വാത്സല്യച്ഛിന്നമായ കണ്ണുകൾ കണ്ടുപിടിച്ചു. അങ്ങനെ കഴിയുമ്പോഴാണ്—പെട്ടെന്ന് അങ്ങനെയൊക്കെ അങ്ങു സംഭവിച്ചു. ഇത്രയും കാലം അച്ഛനും മകളും എന്ന നിലയിൽ കണ്ടവരെ പെട്ടെന്നു ഭാര്യാഭർത്താക്കളായി ലോകം ദർശിച്ചു.

എട്ടാമത്തെ പ്രസവത്തിന്നായി എന്റെ ഭാര്യയെ അവളുടെ വീട്ടിൽ കൊണ്ടാക്കീട്ട്, തിരിയെ വരുന്നവഴിക്കു ഞാൻ ആ വാർത്ത കേട്ടമ്പരന്നു. ഉടൻതന്നെ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കു പാഞ്ഞുചെന്നു ഞാൻ കിതപ്പോടെ ചോദിച്ചു: "ഈ കേൾക്കുന്നതു വാസ്തവമാണോ?"

ലോകത്തിൻെറ മുമ്പിൽ അപരാധബോധത്തോടെ കിഴിയുന്നവനെ ഭർത്സിക്കാൻ അതിനുത്സാഹംകൂട്ടം. എതിക്കാൻ സന്നദ്ധനായി നില്ക്കുന്നവനെ അപഹസിക്കുവാൻ തൻേറടമുള്ളവർ അധികം പേർ കാണുകയില്ല. അവനവൻെറ കുടുംബത്തിലെ വിസ്മൃതിയിലാണ്ട അവമാനകൃത്യങ്ങളെ കുത്തിപ്പൊക്കുമെന്നു പേടിച്ച്, ഉദ്ധതനായ അപരാധിയുടെ മുമ്പിൽ പലരും ഭർത്സനോദ്യുക്തമായ നാവിനെ നിയന്ത്രിക്കയാണ് പതിവ്. മോട്ടി ഔദ്ധത്യപൂർവ്വം ഉത്തരം പറഞ്ഞു: "അതെ, വാസ്തവം തന്നെ. പത്തു കൊല്ലമായി ഞാൻ ഭാര്യയില്ലാതെ ജീവിക്കുവാൻ തുടങ്ങിയിട്ട്. എന്നും വേണ്ടെന്നുവെയ്ക്കാൻ ശമദമം ശീലിച്ച സന്യാസിയാണോ ഞാൻ? നിങ്ങളുടെ ഭാര്യ ഇപ്പോൾ വീട്ടിൽ പോയിരിക്കുന്നതെന്തിന്?"

അന്നാദ്യമായി മോട്ടിയുടെ ഭാവം എന്നെവേദനിപ്പിച്ചു. എന്നിട്ടും ഞാൻ ശാന്തമായിപ്പറഞ്ഞു: "എന്നാലും ഈ പെൺകുഞ്ഞിനെ കണ്ടുവല്ലോ? മൂത്ത മകനേക്കാൾ ഇളയതു്, സ്വന്തം കുഞ്ഞുങ്ങളിലൊന്ന്."

"അവനവൻെറ പ്രയത്നഫലത്തിൻെറ ഭോക്താവ് ന്യായപ്രകാരം അവനവൻ തന്നെയാണ്." അദ്ദേഹത്തിൻെറ വാദമുഖങ്ങൾ എന്നെ അന്ധാളിപ്പിച്ചു "ഞാൻ ഭാരതിയെ വാത്സല്യത്തോടെ വളർത്തി, വേണ്ടപോലെ പഠിപ്പിച്ചതിൻെറ ഫലം ഇന്നു മററാരാൾ അനുഭവിക്കുന്നതെന്തിന്?"

ഉത്തരം മുട്ടിക്കുന്ന അസന്മാർഗ്ഗിക പ്രശ്നങ്ങൾ പലതും എൻെറ നാവിലുദിച്ചു. ഞാനതെല്ലാം അടക്കിക്കൊണ്ടു പറഞ്ഞു: "ഇത്ര വലിയ പാപം—"

"ഉപദേശിക്കാതെ പൊയ്ക്കൊള്ളൂ." അദ്ദേഹം കാര്യമായി ആജ്ഞാപിച്ചു: "ഉപദേശിക്കാനെല്ലാർക്കും കഴിയും. അവനവൻെറ കാര്യം വരുമ്പോഴറിയാം."

ഞാൻ നിശ്ശബ്ദമായി, നിരാശനായി, ആ പടികടന്നു വെളിയിലിറങ്ങി.

പിന്നീടു ഞങ്ങൾ പരസ്പരം കണ്ടതേയില്ല. എങ്കിലും അദ്ദേഹത്തിൻെറ ദാമ്പത്യജീവിതം അസുഖകരമല്ലെന്നു ഞാൻ സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞു. ആ അസന്മാർഗ്ഗികബന്ധത്തിൽ നിന്നു് ഒരു പുത്രി മാത്രമേ ജനിച്ചുള്ളൂ.

മോട്ടിയുടെ മരണവാർത്ത കേട്ടപ്പോൾ, വാതരോഗത്തിൻെറ വികാരങ്ങൾക്കധീനനായി അതിൻെറ ഹസ്തവലയങ്ങൾക്കുള്ളിൽ അശക്തനായി കിടക്കുകയായിരുന്നു ഞാൻ. പൂർണ്ണസുഖം കിട്ടാൻ ഒരു കൊല്ലം കഴിയേണ്ടിവന്നു. ഒരു മാതിരിയാത്രചെയ്യാമെന്നു വിശ്വാസം തോന്നിയ ഉടൻ ഞാൻ അദ്ദേഹത്തിൻെറ വസതിയിലെത്തി.

അങ്ങനെ പതിനഞ്ചു വർഷത്തിനു ശേഷം ഞങ്ങൾ ശ്മശാനഭൂമിയിൽവെച്ചു വീണ്ടും കണ്ടു. അദ്ദേഹം അസ്ഥിമണ്ഡപത്തിനകത്തു്; ഞാൻ അതിന്നു വെളിയിൽ. എങ്കിലും ലോകമാസകലം തിങ്ങി നിറഞ്ഞ നിശ്ശബ്ദതയിൽ, ഞങ്ങളുടെ സൗഹാർദ്ദപൂർവമുള്ള ഒരു പുനസ്സമാഗമമായിരുന്നു അതെന്നു് എൻെറ അന്തരംഗത്തിനു തോന്നി.

ഭൂതകാലസഞ്ചരണം ചെയ്ത ചിത്തത്തോടെ അസ്ഥിമണ്ഡപത്തിൽ ഉററുനോക്കിക്കൊണ്ടു ഞാൻ ഏറെ

നേരം ഒരേ നിലയിൽ നിന്നു. ആററുവക്കത്തിരുന്നു പൂഴിമണ്ണുകൊണ്ടു വീടുണ്ടാക്കിക്കളിച്ച നാംതൊട്ടുള്ള ചിത്രങ്ങൾ, എൻെറ മാംസചക്ഷുസ്സുകളെ നനച്ചുകൊണ്ട് എൻെറ ഹൃദയത്തിലൂടെ കടന്നു പോയി. ശരീരശക്തി കുറഞ്ഞ എനിക്കുവേണ്ടി മോട്ടി എത്ര ചട്ടമ്പിക്കുട്ടികളോടു ഗുസ്തിപിടിച്ചിട്ടുണ്ട്! ലളിതഹൃദയനായ എൻെറ പ്രേമസാഫല്യത്തിന്നു വേണ്ടി എത്രമാത്രം ബുദ്ധിമുട്ടുകളാണും അദ്ദേഹം സ്വമേധയാ ഏറെറടുത്തിരുന്നത്. പതിനഞ്ചുകൊല്ലത്തെ അഭംഗമായവേർപാടിന്നു തന്നെയും ആ സ്നേഹമധുരിമയെ ഒട്ടും നശിപ്പിക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ കുഞ്ഞുങ്ങൾ അതിൽപ്പിന്നീടും എൻെറ വീട്ടിൽവന്നു താമസിച്ചിട്ടുണ്ട്. ഞങ്ങളുടെ ഹൃദയഞരമ്പുകളിൽ പററിപ്പിടിച്ച ഒന്നായിരുന്നു ആ സൌഹൃദബന്ധം,

പ്ലാവിലകൾക്കിടയിലൂടെ കൈകൾ നീട്ടി അസ്ഥിമണ്ഡപത്തിൽ അങ്ങിങ്ങു വെള്ളിപ്പൂക്കൾ നിർമ്മിച്ചുകൊണ്ടുനിന്ന ചന്ദ്രൻ കാർമ്മേഘങ്ങൾക്കിടയിൽഅപ്രത്യക്ഷനായി. തിട്ടയ്ക്കു ചുററും വെച്ചുപിടിപ്പിച്ചിരുന്ന കൃഷ്ണതുളസിയുടെ ഗന്ധംചേൎന്ന ഒരു ചെറിയ കാററു മീനമാസച്ചൂടിൻെറ ഉഗ്രതയെഅല്പം ശമിപ്പിച്ചു. ഞാൻ ഷർട്ടൂരിയെടുത്ത് അസ്ഥിത്തറമേലിട്ടിട്ട്, അതിൻെറ പുറത്തു തല കമഴ്ത്തിവെച്ചുകൊണ്ടു വെറുംനിലത്തിരുന്നു. യാത്രചെയ്തുണ്ടായ പ്രവൃദ്ധക്ഷീണത്താൽ ഞാൻ ബോധം കെട്ടു് ഒന്നുറങ്ങി.

ജീവിതം സ്വപ്നസദൃശമെന്നു വേദാന്തം പറയുന്നുണ്ട്. ഒരുപക്ഷേ ജീവിതത്തേക്കാൾ യഥാർത്ഥമാണു

സ്വപ്നം എന്നുവേണം പറയുവാൻ. മററു മാനസികവ്യാപാരങ്ങൾ നിലയ്ക്കുകയാൽ സ്വപ്നത്തിലെ സുഖദുഃഖാനുഭൂതിക്കു വ്യക്തതയും തീവ്രതയുംകൂടിയാണു് കാണുന്നതു്. ജാഗ്രത്സംഭവങ്ങളിൽ അനുഭവപ്രതീതിയുടെ ഏകാഗ്രതയെ ഭഞ്ജിച്ചു പ്രകൃത്യാ നാനാചിന്താതൽപരമായ മനസ്സു് നൈമിഷികവിമോചനമെങ്കിലുംനല്കിക്കൊണ്ടേയിരിക്കും; സ്വപ്നത്തിലാകട്ടേ, നിഷ്കർമ്മമായ ശരീരത്തെക്കൊണ്ടു്, പ്രത്യക്ഷലോകത്തിൽ അസംഭാവ്യവും അലഭ്യവുമായ സുഖദുഃഖങ്ങൾപോലും തീക്ഷ്ണമായി അനുഭവിപ്പിക്കയാണു് മനസ്സു ചെയ്യുന്നതു്......

കട്ടികൂടിയ ഇരുമ്പുചങ്ങലയുടെ കിലുക്കം എൻെറ ശ്രവണേന്ദ്രിയത്തെ ആകർഷിച്ചു. അസ്ഥിത്തറയുടെ മദ്ധ്യഭാഗം പിളർന്നു് ഒരു രൂപം പ്രത്യക്ഷമായി. എനിക്കു വലിയ അത്ഭുതമോ ഒന്നും തോന്നിയില്ല. ഞാൻ ആ സത്വത്തെ നിഷ്പന്ദമായ നേത്രങ്ങളോടെ സൂക്ഷിച്ചുനോക്കി. മാംസമശേഷമില്ലാതെ, പാടപോലെ മൃദുവായ ഒരാവരണത്തോടുകൂടിയ ഒരസ്ഥിപഞ്ജരം; മാർബിൾപോലെ മിനുങ്ങുന്ന തല; നിഷ്പ്രഭവും നിശ്ചലവുമായ കണ്ണുകൾ. അതിൻെറ മുട്ടുവരെ മാത്രമേ അസ്ഥിത്തറയ്ക്കു മുകളിൽ കാണായിവന്നുള്ളു. ആ രൂപം എന്നോടു സംസാരിക്കാൻ പോകുന്നെന്നു് എങ്ങനെയോ ഞാൻ ഗ്രഹിച്ചു. ഞാൻ നിശ്ശബ്ദനായി ശ്രദ്ധാപൂർവ്വം ഇരുന്നു. "ഇന്നെങ്കിലും വന്നതു നന്നായി. എല്ലാമങ്ങു തുറന്നുപറയണമെന്നു് എന്നോ വിചാരിക്കുന്നു. പക്ഷേ ഞാൻ അസ്വതന്ത്രനാണു്."

ആ നീട്ടിപ്പിടിക്കപ്പെട്ട കൈകളിൽ എൻെറ കണ്ണുകഠം പതിഞ്ഞു. അവ കട്ടിയുള്ള ചങ്ങലകൊണ്ടു ചേത്തു ബന്ധിച്ചിരുന്നു. ഞാൻ തല നീട്ടി അസ്ഥിമണ്ഡപത്തിൻെറ പിളർപ്പിനിടയിലേയ്ക്കു നോക്കി. ഭീമമായ ചങ്ങലയാൽ ബന്ധിക്കപ്പെട്ട ആ കാലുകളിലെ എല്ലുകഠം തേഞ്ഞുതുടങ്ങിയിരുന്നു. വീണ്ടുംഞാൻ വാത്താശ്രവണോത്സുകനായി

"ഞാൻ ചെയ്ത തെററിനുള്ള ശിക്ഷയല്ല ഇതു്. ഭാരതി ഇന്നും ലോകത്തിൻെറ ശകാരങ്ങഠം സഹിച്ചുകൊണ്ടേയിരിക്കുന്നു. അതിൽനിന്നു് അവഠം വിമുക്തയാവുന്നതുവരെഞാൻ ഈവേദനഅനുഭവിക്കണം."

എന്താണു് സൂചിതസംഗതിയെന്നും ആരാണു് വക്താവെന്നും എനിക്കു മനസ്സിലായി. അതേ, മോട്ടി ലോകത്തിൻെറ നിലയ്ക്കാത്ത നിന്ദയിൽനിന്നു രക്ഷപ്പെട്ടു. പക്ഷേ ചിററപ്പനെ ഭത്താവാക്കിയ ഭാരതി ഇന്നും സമുദായത്തിൻെറ നമൃദ്ധമായ ശാപങ്ങഠം നിരന്തരം അനുഭവിക്കുകയാണു്. മോട്ടി വീണ്ടുംപറഞ്ഞു: "നിങ്ങളും എന്നെ വെറുത്തുപോയി. എല്ലാററിനും കാരണക്കാരൻ ഞാനാണു്. അന്നേ സത്യം പറയാനുള്ള കരുത്തെനിക്കുണ്ടായിരുന്നെങ്കിൽ നിങ്ങളെങ്കിലും അവസാനംവരെ എന്നെ നിന്ദിക്കാതിരുന്നേനെ. പക്ഷേ കുററസമ്മതം അഭിമാനക്ഷയമായിട്ടാണു് മനുഷ്യൻ കരുതുന്നതു്."

ആ സംഭവത്തെപ്പററി എന്തു സമാധാനമാണു് പറയാനുള്ളതെന്നു ഞാനത്ഭുതപ്പെട്ടു. ഇളയമ്മയുടെ മരണശേഷവും ഭാരതി അവിടെത്തന്നെ താമസിച്ചു.

അവർ തമ്മിലുള്ള പിതൃപുത്രീബന്ധം ലോകമറിയാതെ കാലക്രമത്തിൽ പ്രണയമായി രൂപാന്തരപ്പെട്ടു. പ്രത്യക്ഷത്തിൽ അവർ ദാമ്പത്യം സ്വീകരിച്ചപ്പോൾ വസ്തുതയറിഞ്ഞ ലോകം അവരെ മഹാപാപികളെന്നു നിരന്തരം പഴിച്ചു. ഇതിൽ കൂട്ടതലെന്താണു് പറയാനുള്ളതു്?

എൻെറ മനോഭാവം മനസ്സിലാക്കിയിട്ടായിരിക്കണം, ആ സത്വം പറഞ്ഞു. "എല്ലാം കേട്ടുകഴിഞ്ഞാൽ പിന്നെ നിശ്ചയമായും അവിശ്വസിക്കാൻ നിങ്ങൾക്കു സാധിക്കയില്ല. വെറും പ്രായോഗികബുദ്ധിക്കാരനായ ഞാൻ ഹൃദയസാരള്യംകൊണ്ടു് എന്തെങ്കിലും ദൌർബ്ബല്യം കാണിക്കുകയില്ലെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? പിന്നെ അതെല്ലാം ഒരു യദൃച്ഛാസംഭവത്തിൻെറ ഫലം മാത്രമായിരുന്നു. സാഹചര്യത്തിൻേറയും സന്ദർഭത്തിൻേറയും വെറുമൊരു കളിപ്പാട്ടമല്ലേ മനുഷ്യൻ?

"ഞാൻ ഭാരതിയെ റജിസ്ട്രാരുടെ മുമ്പിൽ വെച്ചു ഭാര്യയാക്കുന്നതിൻെറ തലേന്നാളത്തെ കാര്യമാണു് ഞാൻ പറയുന്നതു്. അന്നു് അവളെ കാണാൻ ഒരു ചെറുപ്പക്കാരൻ അവിടെ വന്നിരുന്നു. എനിക്കയാളെ നല്ലപോലെ ഇഷ്ടമായി. പക്ഷേ എന്തുകൊണ്ടോ ഭാരതിക്കയാളെ തീരെ പിടിച്ചില്ല. ഞാനവളെ വിളിച്ചു വേണ്ടപോലെ ഗുണദോഷിച്ചു, ശാസിച്ചു. എന്നിട്ടും അവളുടെ നിർബന്ധം മാറിയില്ല. ഒടുവിൽ അവളുടെ സമ്മതം കൂടാതെ ഞാൻ ആ വിവാഹം നടത്തും എന്നു പറയേണ്ടിവന്നു. അതിൻെറ പ്രതി

ഷേധം കാണിക്കാനോ സങ്കടം കൊണ്ടോ ഭാരതി ഒരേ കിടപ്പിൽ കിടന്നു നിറുത്താതെ കരയാൻ തുടങ്ങി."

മോട്ടിയുടെ നിർജ്ജീവമായ, ഇമയില്ലാത്ത നേത്രങ്ങളിൽ മനുഷ്യാശ്രുക്കളുടെ ജലമയം പ്രത്യക്ഷപ്പെട്ടു. ആ വാക്കുകളിൽ അവിശ്വസിക്കത്തക്കതായി ഒന്നുമില്ലായിരുന്നു. എന്തെങ്കിലും പറഞ്ഞാൽ കൊള്ളാമെന്ന് എനിക്കു തോന്നി; പക്ഷേ എൻെറ നാവനങ്ങിയില്ല.

"രാത്രിയായിട്ടും അവൾ എഴുന്നേല്ക്കാൻ ഭാവമില്ലെന്നു കണ്ടപ്പോൾ എനിക്കു വല്ലാത്ത ദേഷ്യം തോന്നി. ഞാൻ അവളെ പിടിച്ചുവലിച്ചു ചോററിൻെറ മുമ്പിൽ കൊണ്ടിരുത്തി. അവൾ കുനിഞ്ഞിരുന്നു കരഞ്ഞതേയുള്ളു. ദേഷ്യം കൊണ്ടു മതിമറന്നു ഞാൻ അവളെ ചവിട്ടിത്തള്ളിയിട്ട്, എൻെറ മുറിയിൽച്ചെന്നു കിടന്നുറങ്ങി.

"ഭാരതിയുടെ വേദന എൻെറ നിദ്രയെ ഒരുതരത്തിലും ഭംഗപ്പെടുത്തിയില്ല. പക്ഷേ ഗാഢനിദ്രയിൽ ഞാൻ എൻെറ ഭാര്യയെ സ്വപ്നംകണ്ടു. സ്വപ്നമായിരുന്നില്ല അതു്. ഇപ്പോഴും അതെല്ലാം നടന്നപ്പോലെ ഞാൻകാണുന്നു. അവൾ മുഖം പൊത്തി തേങ്ങിക്കരയുകയായിരുന്നു. ഞാൻ നന്നേ വിഷമിച്ചു, എണീററു് അവളെ പിടിച്ചുരുത്തി കൈ മുഖത്തുനിന്നുനീക്കി കരച്ചിലിൻെറ കാരണം ചോദിച്ചു. എൻെറ തോളിൽ തലചായ്ച്ചുവെച്ചുകൊണ്ടു് അവൾ ഭാരതിയുടെ മുറിയിലേയ്ക്കു ചൂണ്ടിക്കാണിച്ചു്, 'അമ്മയില്ലാത്തകുട്ടി' എന്നു പറഞ്ഞിട്ടു്, പൂർവ്വാധികം ദീനമായി കരയാൻ തുടങ്ങി. അവളുടെ സ്നേഹശീലവും ക്ഷമയും

എപ്പോഴും എന്റെ ഹൃദയത്തെ അലിയിച്ചിട്ടുണ്ട്. ഒരിക്കലും ഭാരതിയുടെ ഇഷ്ടത്തിന്നെതിരായി പ്രവർത്തിക്കയില്ലെന്ന് ഒടുവിൽ ഞാൻ സത്യം ചെയ്തു. അവളുടെ മുഖം കൃതജ്ഞത കാണിച്ചെങ്കിലും കരച്ചിൽ നിന്നില്ല. ക്രമേണ അവളുടെ ശരീരം മുഴുവൻകണ്ണീരായി രൂപാന്തരപ്പെടുന്നതായി എനിക്കുതോന്നി. പെട്ടെന്നു ഞാൻ ഉറക്കത്തിൽനിന്നുണൎന്നു കണ്ണു തുറന്നു. എന്റെ കൈകൾ പ്രണയിനിസമാശ്ലേഷത്തിലല്ലെന്നു കണ്ടപ്പോൾ എനിക്കു വല്ലാത്ത സങ്കടംതോന്നി. അവൾ ഇത്ര പെട്ടെന്ന് എങ്ങോട്ടു പോയി? ആ മുഖത്തിലെ കാതരഭാവം എന്റെ ഹൃദയത്തെനല്ലപോലെ സ്പൃശിച്ചിരുന്നു. അവളുടെ കണ്ണീരിന്റെ നനവുണങ്ങിയോ എന്നറിയാൻ ഞാനെന്റെ തോളിൽതൊട്ടുനോക്കി. അവിടം നനഞ്ഞിട്ടൊന്നുമില്ലായിരുന്നു. പക്ഷേ എന്റെ ആവേശം കൂടിയതേയുള്ളു. പത്തുകൊല്ലമായി പവിത്രസ്മരണയുടെ ചാരം പററി മങ്ങിക്കിടന്നിരുന്ന വികാരാഗ്നി, സ്വപ്നസമാഗമത്തിന്റെ കാറേററു് ആളിക്കത്തി. ഞാൻ ചാടിയെണീററു മുറിയിലെങ്ങും നോക്കി. ആരുമില്ല. അസ്വസ്ഥതകൊണ്ടു പരിഭ്രാന്തനായി ഞാൻ വാതിൽ തുറന്ന് അവളുടെ അവശിഷ്ടം അടക്കിയിരുന്ന അസ്ഥിത്തറയിലേയ്ക്കു പാഞ്ഞു."

ഇത്രയുമായപ്പോൾ ആ രൂപം കുറേനേരത്തെ മൌനമവലംബിച്ചു. പറഞ്ഞതത്രയും നല്ലപോലെ ഹൃദിസ്ഥമാക്കി, ആ സന്ദർഭത്തിന്റെ സവിശേഷതമായ സ്വാധീനത മനസ്സിലാക്കിക്കൊള്ളുവാൻ എനിക്കു സമയം തന്നതായിരിക്കാം. ഒടുവിൽ അതു തുടൎന്നു:

"പടർന്നു പന്തലിച്ചുകിടക്കുന്ന ഒരു പ്ലാവിന്റെ ചുവട്ടിലാണ് ആ അസ്ഥിമണ്ഡപം എന്നു നിങ്ങൾക്കറിയാമല്ലോ. ആ സമയം അവിടംമുഴുവൻ നിലാവിന്റെ നിഴലിലായിരുന്നു. അവിടെ, പ്ലാവിൻതടിയിൽ മുഖം ചേർത്തുവെച്ചു, കണ്ണുപൊത്തിക്കരഞ്ഞുകൊണ്ട് ഒരു സ്ത്രീരൂപം നിന്നിരുന്നു. അല്പം മുമ്പു ഞാൻ കണ്ട എന്റെ ഭാര്യയല്ല അതെന്ന് എന്റെ ഉറക്കപ്പിച്ചുപിടിച്ച ബുദ്ധിക്കെങ്ങനെതോന്നും? ആ പൊക്കം, ആ വണ്ണം, ആ വേഷം, ആ വാടിത്തളർന്ന ദയനീയമായ നില. ഞാൻ ഓടിച്ചെന്ന്, പത്തു കൊല്ലത്തെ വികാരശക്തി മുഴുവനും ചേർത്ത് ആ രൂപത്തെ കെട്ടിപ്പിടിച്ചു. പ്രവൃത്തിയല്ല, പ്രവർത്തിക്കു പ്രേരിപ്പിക്കുന്ന മനോഭാവമാണ് ഈ ഘട്ടങ്ങളിൽ കാര്യമായിട്ടുള്ളത്.

"അന്നുമുഴുവൻ ആഹാരം കഴിക്കാതെ കരഞ്ഞു കിടക്കുന്ന ഭാരതിക്കു വിളിക്കാനോ തടുക്കാനോ ഒന്നും ശക്തിയില്ലായിരുന്നു. മുഖമൊന്നു നിലാവത്തു നോക്കിയറിയണമെന്നു തോന്നത്തക്കവണ്ണം സ്വപ്നസ്വാധീനതയിൽ നിന്നു് എന്റെ നാഡി വിമുക്തമായിട്ടുമില്ലായിരുന്നു. അല്ലെങ്കിൽത്തന്നെ അർദ്ധരാത്രി ഭാരതി തനിയേ അവിടെവന്നു നിൽക്കുമെന്നു ഞാനെങ്ങനെ ഊഹിക്കും? പിന്നെന്തു പറയാൻ? പിറ്റേ ദിവസം ഞാൻ വിവാഹം രജിസ്റ്റർ ചെയ്തു. കണ്ണു കാണാതെയായാലും സമരാങ്കണത്തിലിറങ്ങി ഒന്നു പോരാടിക്കഴിഞ്ഞവനു പിന്നീടു കൊല ഒരു കളി മാത്രമല്ലേ?

പതിന്നാലു വർഷം ഞങ്ങൾ ഒരുമിച്ചു ലോകത്തിന്റെ നിശിത വാക്കുകൾ സഹിച്ചു. കഴിഞ്ഞകൊല്ലം

856

ഞാനതിൽനിന്നു മുക്തനായി. മനുഷ്യൻ മനസ്സാക്ഷിയെ വിഗണിച്ചു് എന്തെങ്കിലും മഹാപാപം മനഃപൂർവ്വം ചെയ്യുമെന്നു വിചാരിക്കരുതു്. സന്ദർഭത്തിന്റെ ആനുകൂല്യത്തിൽ അവന്റെ കായികമോ മാനസികമോ ആയ ദൌർബല്യങ്ങളെല്ലാം കൂടിച്ചേർന്നു പ്രവൃത്തിരൂപത്തിലെത്തുന്നതാണു് മഹാപാതകകൃത്യം. എന്തെങ്കിലും പാപത്തിന്റെ ശിക്ഷയാണു് എന്റെ ഈ ബന്ധനമെന്നു ഞാൻ പറയുന്നില്ല. ഭാരതിയും ഞാനും ചേർന്നുചെയ്ത ഒരു പ്രവൃത്തിക്കു് അവൾ കൂടുതൽ ദുഃഖമനുഭവിക്കേണ്ടി വരുന്നതു് അന്യായമല്ലേ? ദുഃഖ വിതരണത്തിൽ പരമശക്തി നിഷ്പക്ഷത പുലർത്തണ്ടേ? ഭാരതിക്കു ലോകത്തിൽനിന്നു മോചനംകിട്ടുന്നതുവരെ ഇങ്ങനെ ഞാൻ കിടക്കണം. അവളുടെ മരണവും എന്റെ വിമുക്തിയും ഒരേ മുഹൂർത്തത്തിലായിരിക്കും. അതിനി എപ്പോഴാണെന്നു് എനിക്കറിഞ്ഞുകൂടാ. എപ്പോഴായാ—"

പെട്ടെന്നു ചങ്ങലക്കൂട്ടം ഉയർന്നു പാതാളത്തിൽ വീഴുന്നപോലുള്ള ഒരു ശബ്ദം അത്യുച്ചത്തിൽ ഉണ്ടായി. ആ രൂപം തടിദ്വേഗത്തിൽ മറഞ്ഞപ്പോഴും ഒരു വലിയ ശബ്ദം അവിടെ മുഴങ്ങി.

തറയിൽ ഊക്കോടെ എന്തോ വന്നുവീണതുപോലെ ഞാൻ ഞെട്ടി, തല പൊക്കി നോക്കി. നേരം വെളുത്തുതുടങ്ങിയിരുന്നു. അടുത്തുനിന്നു് ഒരു തെങ്ങിലെ തേങ്ങ വീണു് അസ്ഥിത്തറ കുറേഭാഗം ഇടിഞ്ഞു പൊളിഞ്ഞു കിടന്നിരുന്നതു കണ്ടപ്പോൾ, ആ തേങ്ങ വീണു് എന്റെ തല പൊളിയാത്തതു ഭാഗ്യം എന്നു

ഞാൻ വിചാരിച്ചു. ഞാൻ ഏഴരന്നേററു ഷർട്ട് എടുത്തിട്ടുകൊണ്ടു വീട്ടിൻെറ മുൻവശത്തേയ്ക്കു നടന്നു. അതിന്നിടയിൽ ഞാൻ കണ്ട സ്വപ്നത്തിൻെറ അർത്ഥമെന്തെന്നറിയാൻ എൻെറ ബുദ്ധി കുറെ ക്ലേശിച്ചു. ആത്മസ്നേഹിതൻെറ അപരാധത്തെ ന്യായീകരിക്കാൻ എൻെറ അന്തരാത്മാവു ചെയ്ത ശ്രമത്തിൻെറ ഫലമായിരിക്കാം അതെന്ന് എൻെറ ഹൃദയത്തിന്നു തോന്നി. പക്ഷെ പരാശക്തിയുടെ ന്യായബോധത്തെക്കുറിച്ച് എനിക്കു അതൃപ്തിയാണ് തോന്നിയത്. സന്ദർഭത്തിൻെറസൗകര്യത്തിൽ ദുഷ്പ്രവൃത്തി ചെയ്യുന്നവർ ശിക്ഷാർഹരാണെങ്കിൽ ആ അനുകൂല സന്ദർഭത്തെ സർവ്വജ്ഞത്വമുണ്ടായിട്ടും സൃഷ്ടിച്ചുവിട്ടുന്നയാൾ എന്തുമാത്രം ശിക്ഷാർഹനാണെന്നൊരുചോദ്യം,ഞാൻ പ്രഭാതത്തിലെ വിളറിവെളുത്ത താരങ്ങളോടു ദൈവദ്രോഹബുദ്ധിയോടെ ചോദിച്ചുപോയി.

മോട്ടിയുടെ ഭവനത്തിൻെറ മുററത്തെത്തിയ ഞാൻ ആദ്യം കണ്ടതു് അദ്ദേഹത്തിൻെറ മൂത്ത മകനെയാണ്. എന്നെക്കണ്ടയുടൻ ഒരു കവർ എൻെറ നേരെ നീട്ടിക്കൊണ്ടവൻ പറഞ്ഞു: "അമ്മാമനെങ്ങനെ ഇവിടെ വന്നു? ഇതാ, ഭാരതി മരിച്ചുപോയെന്നു കമ്പി വന്നിരിക്കുന്നു."

## പുസ്തകപ്രേമം

ചങ്ങനാശ്ശേരി കാളേജിൽനിന്നു് ബി. ഏ. യ്ക്കു് ഇംഗ്ലീഷിന്നു ക്ലാസുവാങ്ങിച്ചു ഞാൻ ജയിച്ചതു വല്ലാത്ത ഗ്രഹപ്പിഴയ്ക്കു കാരണമായിത്തീൎന്നു. പാഠ്യപുസ്തകവുമായുള്ള അതിപ്രേമംകൊണ്ടു കിട്ടിയ കാണാപ്പാഠം പിടിച്ചു വലിച്ചു കൊണ്ടുവന്ന വിജയലക്ഷ്മി ഒരു കുണ്ടാമണ്ടിക്കാരിയുടെ കുസൃതിത്വം കാണിച്ചു. അങ്ങനെ ഇംഗ്ലീഷ് ഐച്ഛികമായെടുത്തു് എം. ഏ. പരീക്ഷയ്ക്കു പഠിക്കാൻ, സ്വന്തം അച്ഛന്റെ സഹകരണത്തോടെ, ഞാൻ അച്ഛന്മാരുടെ ആശീർവ്വാദത്തോടെ രാജധാനിയിലെ കലാശാലയിലേയ്ക്കു വന്നു.

തിരുവനന്തപുരത്തു ഹോസ്റ്റലിലായിരുന്നില്ല എന്റെ താമസം. ധാരാളികളായ പച്ചപരിഷ്കാരികളുമായി ഇടപെടാൻ എനിക്കും, ഇടപെടുത്താൻ അച്ഛനും ഭയമായിരുന്നു. അതുകൊണ്ടു പട്ടണമദ്ധ്യത്തിൽനിന്നല്പം വിട്ടു്, ഒരു വലിയ പറമ്പിന്റെ അററത്തു്, പാതയോടു ചേൎന്നു് ഒരു മുറി മാത്രമുള്ള ഒരു കൊച്ചുവീട്ടിൽ എന്നെ താമസിപ്പിച്ചു്, ആഹാരത്തിന്നു ഹോട്ടലിൽ ഏർപ്പാടും ചെയ്തിട്ടു്, അച്ഛൻ നാട്ടിലേയ്ക്കുപോയി.

അതിന്നുശേഷം ഒരു രണ്ടാഴ്ച കഴിഞ്ഞു് അച്ഛൻ വീണ്ടും വന്നിട്ടു്, യാത്രതിരിക്കാറായപ്പോൾ എന്നോടു പറഞ്ഞു: "കേട്ടോ മോനേ, ഈ പറമ്പിന്റെ അങ്ങേയററത്തിരിക്കുന്ന വലിയ വീടു് ആരുടേതാണെ

ന്നോ?— രാമൻപിള്ള പേഷ്ക്കാരദ്ദേഹത്തിൻെറ പെൻഷൻ പററിയതൊന്നും നോക്കേണ്ട. എന്തു ജനസ്വാധീനമാണെന്നോ! പോരെങ്കിൽ നമ്മുടെ നാട്ടുകാരനുമാണ്. പിന്നെ–" അച്ഛൻ സ്വരം താഴ്ത്തി തുടൎന്നു: "അദ്ദേഹത്തിന് ഇന്ദിരയെന്നൊരു മകളൊണ്ട്. കണ്ടാപ്പിന്നെ ഇന്ദിരതന്നെ, ഇന്ദിര. ഇംഗ്ലീഷു സ്കൂളിൽ പഠിക്കുന്നു. അങ്ങോട്ടൊന്നു മാറിത്താമസിക്കുമെങ്കിൽ നിന്നെ അവർ പൊന്നുപോലെ നോക്കിക്കൊള്ളും. ഫീസും ഊണും ഒന്നും പിന്നെ ഞാനന്വേഷിക്കണ്ടാ."

ഞാൻ എന്തെല്ലാം വാക്കുകളുപയോഗിച്ചാണു ത്തരം പറഞ്ഞതെന്നോൎക്കുന്നില്ല. നിൎഭാഗ്യനും അങ്ങനെ നിൎഭാരനും ആയി, ഉള്ള മനസ്സുഖത്തോടെ ജീവിക്കണമെന്നാണെൻെറ ആശ എന്നു ഞാൻ പറഞ്ഞപ്പോഠം അച്ഛൻ സമ്പ്രീതനായി. കണ്ടടിക്കിൽനിന്നും വരുന്ന കുബേരയുവാക്കന്മാരെ കുരുക്കിലിടാനുള്ള പതിനെട്ടു തന്ത്രവും പഠിച്ച തിരുവനന്തപുരത്തുകാരികളിൽനിന്നും എൻെറ വിവാഹവിദ്വേഷം എന്നെ രക്ഷിച്ചുകൊള്ളുമെന്ന് അച്ഛൻ പൂൎണ്ണമായി ആശംസിച്ചു.

പുതിയ നഗരത്തിൽ, നാശകരമായ സ്നേഹിതസഹവാസസൌഖ്യം മുഴുവൻ വിട്ടിട്ട്, ഞാൻ എപ്പോഴും പുസ്തകം വായിക്കാൻ തുടങ്ങി. റൊമാൻസായിരുന്നു മിക്കതും. ക്രമേണ എൻെറ പുസ്തകപ്രേമം അങ്ങുവളൎന്ന് എൻെറ ഹൃദയത്തിൽ പ്രായോഗികമായ ആസ്വാദനാസക്തി ഉല്പാദിപ്പിച്ചു. പുസ്തകത്തോടുള്ള

പ്രേമവും പുസ്തകങ്ങളിൽനിന്നുണ്ടായ പ്രേമാശയും അതിരുകടന്നു വളൎന്നു. സുപ്രസിദ്ധകഥാനായകനായ Don Quixote ൻെറ കാൎയ്യം പറഞ്ഞ കൂട്ടത്തിലായി എൻെറ സ്ഥിതിയും. ഹൃദയത്തിലെ പ്രേമിക്കാനുള്ള വശം ആകാശം പിളൎന്നുയൎന്നു. ചില കായ്കൾ നല്ല തുപോലെ വിളഞ്ഞാൽ തൊലി വെടിച്ചു കീറുന്ന പോലെ എൻെറ ചിത്തത്തൊലിയും പ്രേമഫലത്തിൻെറ വിളവിലങ്ങു പൊട്ടിപ്പോവുമോ എന്നൊനിക്കു പേടിയായി. പക്ഷേ ഇത്രയൊക്കെയായിട്ടും അതേററു വാങ്ങാനൎഹതയുള്ള ഒരു ദേവാംഗനയെ കാണാൻ കഴിഞ്ഞില്ല.

എൻെറ വസതിയുടെ നേരേ എതിരേ ഒരോറുകാൽ പുരയുണ്ടായിരുന്നു. സിമൻറും കുമ്മായവും ഒന്നും തൊടാതെ മണ്ണും ചാണകവുംകൊണ്ടു നിൎമ്മിച്ച പായ്ത്തട്ടികൊണ്ടുള്ള ഭിത്തികളും വാതലും ചേൎന്ന ഒരു ചെറിയ ലേഡീസ്മലക്കറിസ്റ്റോർ ഒരു കിഴവിയായിരുന്നു അതിൻെറ ഉടമസ്ഥയും മാനേജരും വില്പനക്കാരിയും എല്ലാം. വായിച്ചു വായിച്ചു മുഷിയുമ്പോൾ അങ്ങോട്ടു നോക്കിക്കൊണ്ടിരിക്കുന്നതു് എൻെറ ഒരു പതിവായിത്തീൎന്നു.

വൃത്തികെട്ട, ദൎമ്മുഖംപിടിച്ച ആ മുത്തമ്മയല്ല എന്നെ ആകൎഷിച്ചതു്. എപ്പോഴും ലോകവിദ്വേഷം നിറഞ്ഞ ആ നേത്രങ്ങളിൽ സ്നേഹരസം നിറച്ചുകൊണ്ടു വാത്സല്യം വാൎത്തെടുത്ത സ്വരത്തിൽ അവർ കൂടക്കൂടെ വാസിനി എന്നു വിളിക്കുമായിരുന്നു. അപ്പോഴെല്ലാം എൻെറ കണ്ണും കാതും വളരെ ജാഗരൂകമാ

യിപ്രവത്തിക്കാൻ തുടങ്ങി. ആ പിശാചുമുഖം പിടിച്ച വൃദ്ധയുടെ വാത്സല്യൈകഭാജനമായ കൊച്ചുമകൾ—അപ്സരസ്സിൻെറ കനകകോമളമായ ഗാത്രം കാണ്മാനും സ്വർഗ്ഗഗാനവിജയിയായ നാദം കേൾക്കാനും ഞാൻ അക്ഷമനായി. അദൃശ്യരൂപിണിയും അശ്രാവ്യഭാഷിണിയും ആയിട്ടെങ്കിലും ഒരു കാമിനിയെ പ്രേമാൎപ്പണത്തിന്നു കിട്ടിയപ്പോൾ എൻെറ പുസ്തകപ്രേമം തൃപ്തിപ്പെട്ടു.

പക്ഷെ ആദ്യത്തെ അഹേതുകമായ ആവേശം, പൊറപ്പുറത്തെ ഭംഗിയേറും പനിനീർപ്പൂവാ'യ പ്രേമദേവതയെ പ്രത്യക്ഷപ്പെടുത്താനുള്ള ശ്രമത്തിൽ ക്രമത്തിലധികം വൎദ്ധിച്ചു. ചിലപ്പോഴൊക്കെ ഞാൻ വിചാരിക്കാറുണ്ടു്, ആ വൃദ്ധയുടെ വംശജയായ സ്ഥിതിക്കു്, അവൾ വാനരമുഖിയായ ഒരു ഗൎദ്ദഭസ്വരക്കാരിയാവാനല്ലെ കൂടുതൽ വഴി എന്നു്. എന്തു ഫലം? 'യുക്തിവാദത്തിൻെറ സീമകൾക്കും ശുഷ്കസമുദായനീതികൾക്കും അപ്പുറം നില്ക്കുന്നതായിരുന്നു, എൻെറ പ്രേമം. അവിവേകത്തിൻേറയും ആലോചനാശൂന്യമായ എടുത്തുചാട്ടത്തിൻേറയും ഋതുവാണല്ലോ യൌവനം.

ദിവസം കഴിയുന്തോറും ഹൃദയത്തിൻെറ അനഭിലഷണീയമായ അസ്വാസ്ഥ്യം വൎദ്ധിച്ചു. പാഠ്യപുസ്തകങ്ങൾ തൊടാതെയായി; സ്നേഹിതന്മാർ എൻെറ അശ്രദ്ധയും അനാസ്ഥയും കണ്ടു് അത്ഭുതപ്പെട്ടു. ക്രമേണ ആഹാരത്തിലും ശ്രദ്ധ കുറഞ്ഞു. പ്രേമദാഹത്താൽ 'പാതിപ്പെട്ട ശരീരവും' എന്ന മട്ടിലായി ഞാൻ. അടു

ത്ത പ്രാവശ്യം അച്ഛൻ വന്നപ്പോൾ എൻെറ ദേഹ ത്തു തടവിക്കൊണ്ടു ഹോട്ടൽക്കാരെ നല്ലപോലെ ചീ ത്തപറഞ്ഞു. ശകാര സാഹിത്യത്തിൽ മെഡലിസ്റ്റാകാ നർഹതയുണ്ടായിരുന്നു അച്ഛന്. എൻെറ ശരീര ശോഷണഹേതുവിനെപ്പററി വല്ല തുമ്പും കിട്ടിയാൽ പിന്നെ വാസിനിയുടെ ആദിമാതാമഹിവരെയുള്ളവ രെ കണ്ടുപിടിച്ചു ശകാരപദസുമം കൊണ്ടർച്ചിക്കുമെ ന്ന് എനിക്കു നല്ലതീർച്ചയായിരുന്നതിനാൽ ഞാനക്കാ ര്യത്തെപ്പററി മിണ്ടിയില്ല. പഠിത്തക്കാര്യത്തെപ്പററി ചോദിച്ചപ്പോൾ മനസ്സാക്ഷിയുടെ കണ്ണു പൊത്തി ക്കൊണ്ട് 'ഒന്നാംക്ലാസ്സിൽതന്നെ ജയിക്കുമച്ഛാ' എന്നു ഞാൻ ധൈര്യമായി കള്ളം പറഞ്ഞു.

ആരോടെങ്കിലും ഹൃദയരഹസ്യം ഒന്നു പറഞ്ഞാ ശ്വസിക്കാൻ എനിക്കത്യാശ തോന്നി. പക്ഷേ ക ണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഒരു തെണ്ടിപ്പെണ്ണിൽ അനു രക്തനായ എന്നെ ഉന്മത്തന്മാരക്കാരനെന്ന് ഏതു കഴു തയും പറകയില്ലേ? ആവേശവും ആശാപ്രതിബന്ധ വും എൻെറ ഹൃദയത്തെ പിളന്നു. നിവൃത്തിയില്ലാ തെ, ഒരു ദിവസം ഞാൻ കണ്ണീരടക്കിക്കൊണ്ട് ഒരു സഹപാഠിയോട് അങ്ങുമിങ്ങും തൊടാതെ ചിലതു സൂചിപ്പിച്ചു. അയാൾ കുറേനേരം എന്തിനോ നല്ല തുപോലെ ചിരിച്ചിട്ട്, പറഞ്ഞു: "അങ്ങനെയാണെ ങ്കിൽ ഞാൻ മനശ്ശാസ്ത്രപരമായ ഒരു ചികിത്സ പറ യാം: പ്രേമം പ്രേമം എന്നു ദിവസം ലക്ഷം ഉരു ജപി ക്കണം. നല്ല വടിവിൽ ഭംഗിയായി എഴുതുന്നതാണ് കുറെക്കൂടെ നല്ലതു്."

പ്രേമലഹരിയിൽ കഴുതകെട്ടിച്ചുപോകാത്തവ നാരുണ്ട്! ഞാൻ കാര്യമായി ദീനസ്വരത്തിൽ പറഞ്ഞു: "അതേതെ, നല്ല മേനിക്കടലാസിൽ നല്ല ഭംഗിയായി പാല്പായസം എന്നെഴുതി വെച്ചിറക്കിയാൽ വയററിൻെറ അസുഖം കൂടുമോ കുറയുമോ?" പരിഹാസം നിറഞ്ഞ ഒരു പൊട്ടിച്ചിരിയായിരുന്നു സ്നേഹിതൻെറ ഉത്തരം. അതിൽപ്പിന്നീട്ട ഞാൻ സഹതാപത്തിന്നും സമാശ്വാസത്തിനും ശ്രമിച്ചതേയില്ല.

ഇങ്ങനെ നാലാഴ്ചയോളം കഴിഞ്ഞിരിക്കും ഒരു ശനിയാഴ്ച വൈകിട്ട് ഇടതു കയ്യിൽ പുസ്തകവുംവച്ച് വലതുകൈകൊണ്ടു ജനാൽക്കമ്പിയിൽ പിടിച്ചു്, പ്രേമഭാജനദർശനോൽക്കണ്ഠയോടെ ഞാൻ വെളിയിലേയ്ക്കു നോക്കി. റോഡിൽ അന്ന് ആളുകൾ കുറവായിരുന്നു. ആരുകാൽ പുരയുടെ മുകളിൽ ഒരു കാക്ക ഇരുന്ന് വേറൊരു കാക്കയുടെ തല, ചുണ്ടുകൊണ്ടു ചീകിമിനുക്കിക്കൊടുക്കുന്നു. മകരവിളക്കുനാളിലെ ശബരിമല പോലെ നീലനീലമായിക്കിടന്നിരുന്നു ആകാശം. മലക്കറി വാങ്ങാൻ വന്ന ഒരു പെണ്ണിനോടു വൃദ്ധ ശണ്ഠകൂട്ടുകയായിരുന്നു.

പെട്ടെന്ന് എൻെറ കാലിൽ എന്തോ ഒന്നു തട്ടി. ഞാൻ കുനിഞ്ഞുനോക്കി; ഒരു അതിസുന്ദരിപ്പൂച്ച. വെളുവെളുത്ത പൂമൃദുലമായ ദേഹം; പച്ചനിറത്തിൽ തിളങ്ങുന്ന കണ്ണുകൾ. ഞാൻ പുസ്തകം മേശപ്പുറത്തു വച്ചിട്ട്, വേഗം പൂച്ചയെ എടുത്തു. മേശപ്പുറത്തിരുന്ന ചില ബിസ്കററു കയ്യിലുണ്ടായിരുന്നതു് അതിനെ തീററാൻതുടങ്ങി. എനിക്കു ജന്മനാ വലിയ ഇഷ്ടമായിരുന്നു

ജന്തുക്കളോട്. ഞാൻകൗതുകപൂർവ്വം പൂച്ചയെ നോക്കിക്കൊണ്ടു നിന്നു. പെട്ടെന്നു 'വാസിനീ' എന്നൊരു വിളി. തോട്ടികൊണ്ടു പിടിച്ചാലെന്നപോലെ എന്റെ ദേഹം ഷഡ്സ്തംഭഗേഹാഭിമുഖമായിത്തിരിഞ്ഞു. ഞാൻ ആ കടിലിന്നകത്തേക്ക് ഉററുനോക്കി വൃദ്ധയുടെ ക്രുദ്ധ കണ്ണുകൾ എന്നിൽ പതിഞ്ഞു. "പിന്നെ, ഈയിടെയായി ഇതിന്നകത്തോട്ടിങ്ങനെ കണ്ണു മൊഴപ്പിച്ചു നോക്കണതെന്തിന്? അവനോന്റെ പാട്ട് അവനോന്ന്, കേട്ടോ കിളവീടട്ടത്തു കളിച്ചാൽ നേരെ പോവുല്ല" എന്നെല്ലാം അവൾ എന്റെ നേരെ ഒരു കേററം. ഇഷ്ടദേവതാദർശനം ലഭിച്ചുമില്ല; തെണ്ടി മൂത്തമ്മയുടെ ശകാരത്തിൽ കുളിക്കയും ചെയ്തു. തല്ക്കാലം കിട്ടിയതുകൊണ്ടു തൃപ്തിപ്പെട്ട് ഞാൻ തിരിഞ്ഞു കസേലയിലിരുന്നു നോക്കിയപ്പോഴേയ്ക്കും തീററിയെല്ലാം കഴിഞ്ഞു മാർജ്ജാരമോഹിനി പോയ്ക്കഴിഞ്ഞിരുന്നു.

അന്നു രാത്രിയിൽ എന്റെ കണ്ണുകൾ അടച്ചിട്ടും അടഞ്ഞില്ല. ലോകത്തെ മുഴുവൻ സുഷുപ്തിഗ്രസ്തമാക്കിയ നിദ്രാദേവിയുടെ പ്രേരണയനുസരിച്ച്, കയ്യാല ചാടിക്കടന്ന് ആ വൃദ്ധയുടെ ആശൈകവല്ലരിയെ ഒന്നു കണ്ടാലെന്തെന്നു ഞാനാലോചിച്ചു. അതിന്റെ ഫലമോ? എന്റെ വിവാഹ വിശേഷം ഒരു മലക്കറിക്കാരിയുടെ മകൾപ്പെണ്ണിനോടുള്ള രഹസ്സല്ലാപത്തിൽ ചെന്നവസാനിച്ചെന്നു പരസ്യമായാൽ പിന്നീടെന്റെ ഗതിയെന്ത്? 'ജീവിതമിപ്രേമവല്ലരിയെ പൂവണയിക്കകയില്ലയെങ്കിൽ മൃത്യുവിലെങ്കിലും ഞാനതിന്റെ പ

ഷ്പങ്ങൾ കൊണ്ടൊരു മാല കെട്ടും' എന്നു സമാധാനിച്ചു് ആ സാഹസകർമ്മത്തിൽ ചാടി മാനം കെടാതെ തന്നെ ആ രാത്രി കഴിച്ചുകൂട്ടി.

ദിവസം രണ്ടുമൂന്നു പിന്നേയും കഴിഞ്ഞു. ഒരു ദിവസം കാലത്തു ഞാൻ കോളേജിൽ പോകാനിറങ്ങിയപ്പോൾ വൃദ്ധ ഏങ്ങിയേങ്ങി കരയുന്നതു കണ്ടു. എന്നെ അകാരണം ശകാരിച്ചതു വിസ്മരിച്ചും ആ നശിച്ച വൃദ്ധയോടു സംസാരിക്കാൻ വാസിനിയോടുള്ള പ്രേമപ്രേരത്താൽ ഞാൻ സന്നദ്ധനായി "നിങ്ങൾ എന്തിനിങ്ങനെ കരയുന്നു?" എന്നു ഞാൻ വിളിച്ചു ചോദിച്ചു. അവർ നാലുപാടും മിഴിച്ചുനോക്കിയിട്ടു്, ഒടുവിൽ എന്നെ നോക്കി ദീനസ്വരത്തിൽ പറഞ്ഞു: "അയ്യോ! പിടുള്ളയ്ക്കെങ്കിലും കഷ്ടം തോന്നിയല്ലോ. എൻെറ കയ്യിൽ ചില്ലിക്കാശുമില്ല, ഇതിനകത്തു് ഒരു മണിടി അരിയുമില്ല. വാസിനി ഇന്നു കരുകരുത്ത പട്ടിണിയാവുമല്ലോ എന്നു വച്ചു് ഏങ്ങലടിക്കുകയാണു്, കൊളവി."

ഇത്രയും കേൾക്കേണ്ട താമസം, ഞാൻ ഒരു അരരൂപാത്തുട്ടെടുത്തു് എറിഞ്ഞുകൊടുത്തു. "അത്രയുംഎടുത്തുകൊള്ളൂ! ഇനിയും വാസനിക്കു വേണ്ടി എപ്പോഴാവശ്യപ്പെട്ടാലും തരാം" എന്നു പറഞ്ഞിട്ടു്, ഞാൻ വെളിയിലിറങ്ങി. എൻെറ ദ്വിതീയവചനം വൃദ്ധയുടെ മുഖഭാവത്തെ അനാശാസ്യമായി മാററുന്നു എന്നു ഞാൻ കണ്ടു. "പിന്നേ, വാസിനി പട്ടിണികിടന്നാലും, എന്നെ വിട്ടു്, ഒരു വെള്ളിച്ചക്രക്കാരനെക്കണ്ടു മയങ്ങിയും ഓടികളെയുല്ല" എന്നും മററും വൃദ്ധപുലമ്പുന്നതും ഞാൻ കേട്ടു. പക്ഷേ അവ അത്ര ശ്രവ

ണസുഖദങ്ങളല്ലെന്നു കണ്ടു്, അന്നത്തെ ദാനപരിണാമം എന്തെല്ലാം സ്വർഗ്ഗസോപാനങ്ങളിൽ എന്നെ എത്തിക്കുകയില്ല എന്നും മററും ആനന്ദിച്ചുകൊണ്ടു ഞാൻ വേഗം നടന്നു.

അന്നു വൈകിട്ടു കോളജിൽനിന്നു വന്നപ്പോഠം, എൻെറ അരരൂപാ ചെലവാക്കി വാസിനിയെ നന്നായൂട്ടിയോ എന്നു ചോദിക്കാനെനിക്കാശ തോന്നി. എങ്കിലും ഒന്നുരണ്ടു പ്രാവശ്യം അനുഭവിച്ചറിഞ്ഞ ആ സരസ്വതീപ്രസാദത്തിൻെറ കയ്പുകൊണ്ടു ഞാൻ ആ ആശയെ അമർത്തിക്കളഞ്ഞു.

പിറേറദിവസം കാര്യങ്ങഠം കുറേക്കൂടി കഷ്ടത്തിലായി. അന്നു വൃദ്ധ തലേന്നാളത്തേക്കാഠം ദീനമായി കരഞ്ഞു. "ഇന്നെന്താണു് കാര്യം" എന്നു വിളിച്ചു ചോദിക്കാൻ വേണ്ട ധൈര്യം എൻെറ പ്രേമശക്തി പ്രദാനം ചെയ്തു. വൃദ്ധയുടെ കാതരത്വം ഒന്നോടെ മാറി. "കാര്യം! കാര്യം! ഇന്നലെ എന്തു മായാമരുന്നു ചെയ്തു തൂട്ടാണു് നിങ്ങഠം തന്നതു്! ഇന്നുവരെ എൻെറ വാസിനി വയ്യാതെ കിടന്നിട്ടില്ല. എന്നിട്ടിന്നു നിങ്ങടെ ചക്രം ചെയ്യിച്ച ചെലവു്! അവഠം..." വൃദ്ധ ഏങ്ങിക്കരഞ്ഞു. "ക്രൂനിൽ കുരുവോ ഈശ്വരാ!" എന്നു വിലപിച്ചുകൊണ്ടു ഞാൻ ശയ്യയിൽ വീണു.

അന്നു ഞാൻ ആഹാരമൊന്നും കഴിച്ചില്ല, കോളജിലും പോയില്ല. സായാഹ്നമായപ്പോഠം, വാസിനിക്കുവേണ്ടി വൃദ്ധയുടെ ദുശ്ശ്രാവ്യമായ ശകാരം അക്ഷോഭ്യനായി കേട്ടുകളയാമെന്നുവെച്ചു ഞാൻ ആ ചെററക്കുടിലിൽ കാൽ വെയ്ക്കാനൊരുങ്ങി, വെളിയി

ലിറങ്ങി. അപ്പോഴുണ്ടു്, കോളേജിൽ പോകാത്തകാരണമന്വേഷിക്കാൻ വന്നിരിക്കുന്നു പ്രൊഫസ്സാരദ്ദേഹം. പ്രൊഫസ്സാരന്മാരും കോളേജുകളും എല്ലാം ഒററ ഭൂകമ്പം കൊണ്ടു ഭൂമിക്കടിയിൽ താണുപോകാത്തതെന്തീശ്വരാ എന്നു ഖേദിച്ചുകൊണ്ടു ഞാൻ പിതൃമിത്രത്തെ സല്ക്കരിച്ചു. ഹൃദയവേദനയിൽനിന്നു ജനിച്ച തലവേദനയെപ്പററിയല്ലാതെ, ജീവൻ കരളുന്ന മനോവേദനയെപ്പററി ഞാൻ മിണ്ടിയില്ല. പലതും പറഞ്ഞു സമയം മിനക്കെടുത്തിയിട്ടു്, അത്താഴത്തിന്നു പൊടിയരിക്കഞ്ഞി കൊടുത്തയയ്ക്കാമെന്നു പറഞ്ഞു് അദ്ദേഹം യാത്രയായപ്പോൾ മണി എട്ടു കഴിഞ്ഞു. എന്നെ അത്തംചതുൎത്ഥിയായിക്കാണുന്ന വൃദ്ധയ്ക്കു കരയാനും ശകാരിക്കാനും ഉള്ള പാടവമോൎത്തു്, കണ്ട പെണ്ണിന്റെ വീട്ടിൽ രാത്രി കയറിച്ചെന്നു കീൎത്തിയെ കളങ്കപ്പെടുത്തേണ്ടെന്നുവെച്ചു ഞാൻ മിണ്ടാതെകിടന്നു. വേലക്കാരൻ കൊണ്ടുവന്ന കഞ്ഞി ഞാൻ തൊട്ടുപോലുമില്ല.

പ്രേമാഗ്നിയും ജഠരാഗ്നിയും ആയ കരീഷതുഷവഹ്നികളാൽ ദഗ്ദ്ധനായ ഞാൻ, ദുഃഖഭീകരമായ ദുസ്സ്വപ്നം നിറഞ്ഞ നിദ്രയിൽനിന്നും ഒരു നിലവിളിയാൽ ഉണർത്തപ്പെട്ടു. ഭീതനായി ഞാൻ ചാടിയെണീററു. "വാസിനി, എന്നെ ഇട്ടേച്ചുപോയോ?" എന്നു വൃദ്ധ ദീനദീനം വിളിക്കുന്നു. എന്റെ തല കറങ്ങി. ഞാൻ ബോധമില്ലാതെ ശയ്യയിൽ വീണു.

കണ്ണു തുറന്നപ്പോൾ ഞാൻ പ്രൊഫസ്സാരദ്ദേഹത്തിന്റെ വീട്ടിലായിരുന്നു. അദ്ദേഹത്തിന്റെ അടുത്തു

നിന്ന പ്രാപ്തഷോഡശവൎഷയായ ഒരു ബാലികയിൽ എന്റെ കണ്ണുകൾ പതിഞ്ഞു. അവളുടെ ആഭരണ സമൂഹമൊന്നും ഞാൻ കണ്ടില്ല. "വാസിനി മരിച്ചില്ലേ" എന്നു ഞാൻ ആവേശത്തോടെ ചോദിച്ചു. "ഇല്ല" എന്നു പേഷ്കാരദ്ദേഹം മറുപടി പറഞ്ഞു. ആവൂ! ആശ്വാസമായി. ആ എന്റെ വാസിനിയെ കുറേനേരം നോക്കിക്കൊണ്ടു കിടന്നിട്ടു ഞാൻ ചോദിച്ചു: "ആ കിഴവിയോ?" "അവൾക്കും സുഖംതന്നെ" എന്നു നയവിശാരദനായ അദ്ദേഹം പ്രതിവചിച്ചു. ഞാൻ വീണ്ടും ദീർഘശ്വാസം വിട്ടു. സന്തോഷത്തിൽ ഔചിത്യബോധം മറന്ന ഞാൻ "ഈ കുട്ടിയെ ഒന്ന് എന്റെ മുറിയിലയയ്ക്കുമോ?" എന്നു ചോദിച്ചുകൊണ്ടു് എണീററു നടന്നു.

എന്റെ മുറിയിൽ ചെന്നു തിരിഞ്ഞുനോക്കിയപ്പോൾ വാസിനി പുറകിലുണ്ടു്. ഞാൻ ആരുകാൽ പുരയെ ചൂണ്ടിക്കൊണ്ടു ചോദിച്ചു: "ഇനിയും അവിടെത്തന്നെയാണോ താമസിക്കാൻ പോകുന്നതു്?" അത്ഭുതത്താൽ വിടൎന്ന കണ്ണുകളോടെ അവൾ ചോദിച്ചു: "ഞാനവിടെ താമസിക്കുന്നതെന്തിന്?"

ഞാൻ അക്ഷമനായി. "പിന്നെ ഇത്രനാളും വാസിനി അവിടെ താമസിച്ചതെന്തിനു്?"

"ഇതെന്തുപാടു്, ഞാൻ വാസിനിയുമല്ല; ഞാൻ ആ കുടിലിൽ താമസിച്ചിട്ടുമില്ല. ഞാൻ ഇന്ദിരയാണു്."

"പിന്നെ വാസിനിയാരു്—ആ വീട്ടിൽ?"

"ഓ! അതു് ആ കിഴവിടെ ജീവജീവനായ ഒരു സുന്ദരിപ്പൂച്ച."

പുസ്തകപ്രേമത്തിൻെറ പരിണാമം പൂച്ചപ്രേമത്തിലാണെന്നു കണ്ടപ്പോഠം എൻെറ Quixotism അടിയോടെ തകൎന്നു; പ്രേമഭ്രാന്തു നിശ്ശേഷം നീങ്ങി.

പിറേറദിവസം ഞാൻ ഇന്ദിരയുടെ വീട്ടിലേയ്ക്കു താമസം മാററി--കൂടുതൽ പ്രേമപരീക്ഷയ്ക്കും പരിശീലനത്തിന്നും ഇടവരരുതെന്നുവെച്ചുമാത്രം. വെറും ലൌകികമായ, കാൎയ്യമാത്രപ്രസക്തമായ ബന്ധമായിരുന്നു അതു്. അല്ലെങ്കിൽ 'വാസിനി' എന്ന പേർ കേഠക്കുമ്പോഠപ്പോലും പ്രക്ഷുബ്ധതരംഗങ്ങളടിച്ചിരുന്ന എൻെറ ഹൃദയത്തിൽ ഇന്ദിരയുടെ ദൎശനത്തിൽ ഇന്നു് ഒരു കൊച്ചോളമെങ്കിലും ഉദിച്ചിരുന്നേനെ.

# മധുവിധു

ചുററുപാടുമുള്ള നിശ്ശബ്ദത എൻെറ അകത്തെ അസ്വസ്ഥതയെ അധികമാക്കി. അടുത്ത മുറിയിൽ ഒരു മൂലയിലിരുന്നു് ഉറങ്ങിക്കൊണ്ടിരുന്ന വേലക്കാരി കൂർക്കംവലിക്കാൻ തുടങ്ങി. ജോലിയെല്ലാം കഴിഞ്ഞു്, പാത്രങ്ങൾ അടുക്കിവച്ചു്, ഭൃത്യൻ അടുക്കളക്കതകു വലിച്ചടയ്ക്കുന്ന ശബ്ദം കേട്ടു് രത്നമ്മ ഒന്നു ഞെട്ടി. ഞാൻ അവളെ നല്ലവണ്ണം മൂടിപ്പുതപ്പിച്ചിട്ടു് അവളുടെ അടുക്കൽനിന്നും എഴുന്നേററു.

ഈസ്റ്റാഫ്രിക്കയിൽ എനിക്കു പ്രതിമാസം കിട്ടാൻ പോകുന്ന വെള്ളിത്തുട്ടുകളുടെ മുൻകൂർനിക്ഷേപമായിരുന്നു എൻെറ വധൂ'രത്നം' ഉദ്യോഗം വാഗ്ദാനം ചെയ്ത അവളുടെ ജ്യേഷ്ഠസഹോദരീഭർത്താവിൻെറ ഹിതം നിശ്ശബ്ദമനുസരിച്ചാണു് ഞാൻ കന്യാകുമാരിയിൽ മധുവിധു കൊണ്ടാടാൻ പുറപ്പെട്ടതു്. എൻെറ വീട്ടുകാരുടെ നിർബ്ബന്ധത്താൽ രത്നമ്മയ്ക്കു് ഒരു തോഴിയായി സരോജനിയും ഞങ്ങളുടെ കൂട്ടത്തിൽ ചേർന്നു്.

എൻെറ ഓർമ്മശക്തിയുടെ കൂടെപ്പിറപ്പാണു സരോജനി. അറിവായ കാലംമുതൽ അവൾ എൻെറ സുഹൃത്താണു്; നടന്നുതുടങ്ങിയ കാലംമുതൽ എൻെറ കൂട്ടുകാരിയാണവൾ. സമ്പൽസൌഭാഗ്യവും അച്ഛനമ്മമാരും അന്നവളെ താലോലിച്ചു. ഞങ്ങൾ പിരിഞ്ഞു താമസിച്ചിട്ടേയില്ലാത്ത ആ കാലത്തിൽ സരോജനിയുടെ ഉറക്കറയും കൊച്ചുകട്ടിലും എൻേറയും നി

ശാസ്യവൃത്തിക്കളായതിൽ വീട്ടുകാരാരും അനിഷ്ടം കാണിച്ചില്ല.

പക്ഷെ കാലംമാത്രം ഒരു കട്ടംകൈ കാണിച്ചു. സരോജനിക്കു— എനിക്കും —പത്തു വയസ്സായപ്പോൾ അവളുടെ അച്ഛൻ പെട്ടെന്നു മരിച്ചു. ആ ഉദ്യോഗസ്ഥൻെറ മരണം കഴിഞ്ഞു കണക്കു തീൎത്തപ്പോൾ കടമാണു് സന്താനങ്ങൾക്കു സ്വത്തായി ശേഷിച്ചതു്. നാട്ടിലെ ആ ഒന്നാമത്തെ കുടുംബം അന്നുമുതൽ ആശ്രിതവൃത്തി സ്വീകരിച്ചു. അങ്ങനെ ദുർവ്വിധിയുടെ നിഷ്ഠൂരത്വം സരോജനിയെ എൻെറ ഭവനാംഗമാക്കി.

സരോജിനി ഭൃത്യഭാവം അവലംബിച്ചില്ല, എന്നാൽ സമസ്ഥിതി നല്കപ്പെട്ടുമില്ല. അവളുടെ പാരതന്ത്ര്യത്തിൽ ഞാൻ ആനന്ദിച്ചു. ഞങ്ങളുടെ നിതാന്ത സഹചാരിത്വത്തിൽ എൻെറ വീട്ടുകാർ അതൃപ്തി കാണിക്കാൻ തുടങ്ങിയിരുന്നു. എങ്കിലും അപ്പോഴും ഞങ്ങൾ കളിത്തോഴരായിരുന്നു. രത്നമ്മയും ചിലപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽച്ചേരാൻ ശ്രമിച്ചെങ്കിലും, അവളുടെ വീട്ടുകാൎക്കു് അല്പം ദുൎയ്യശസ്സു നല്കിയിരുന്ന നാട്ടുകാരുടെ മനോഭാവം ഞങ്ങളിലും പകൎന്നതിനാലായിരിക്കാം, ഞങ്ങൾ അവളെ അത്ര സന്തോഷത്തോടെ ഒരിക്കലും സ്വീകരിച്ചിരുന്നില്ല.

ആലപ്പുഴയിലെ ഒരു ധനികൻെറ മകളായിരുന്നു എൻെറ മൂത്ത ജ്യേഷ്ഠൻെറ ഭാൎയ്യ. അവർ പ്രസവസന്നി പിടിച്ചു മരിച്ചപ്പോൾ സ്വത്തിന്നവകാശിയായിത്തീൎന്ന ജ്യേഷ്ഠൻ ആലപ്പുഴയിൽ താമസമാക്കി. ജ്യേഷ്ഠൻെറ രക്ഷാകൎത്തൃത്വത്തിൻ കീഴിലാക്കപ്പെട്ട

ഞാനും ആലപ്പുഴയ്ക്കു പോയി. പിന്നെയും, എൻെറയും സരോജനിയുടേയും സ്നേഹത്തെ അവധിക്കാലങ്ങൾ സമ്പുഷ്ടമാക്കിക്കൊണ്ടിരുന്നു.

രണ്ടുകൊല്ലം ആലുവായിലും രണ്ടുകൊല്ലം തിരുവനന്തപുരത്തും താമസിച്ചശേഷം ഞാൻ ബി. ഏ. ക്കാരനായപ്പോൾ പലരും എന്നെ സൈ-പരം കെട്ടത്താൻ തുടങ്ങി. ഞാൻ പല വീട്ടിലും പോയി; പല ബാലികമാരേയും കണ്ടു; പല കനകലതകളുടേയും കരസ്പർശനമേററ കാപ്പിയും കുടിച്ചു. എൻെറ വിവാഹ വൈമുഖ്യം കണ്ട വീട്ടുകാർ തീർച്ചപ്പെടുത്തി, ഭർത്തൃസമ്പാദന സമർത്ഥയായ ഏതോ ഒരു തിരുവനന്തപുരത്തുകാരി എന്നെ വശീകരിച്ചിട്ടുണ്ടെന്നു്. ആ ധാരണ തീരെ തെററാണെന്നു് ഒടുവിൽ തെളിഞ്ഞു, മൂത്ത ജ്യേഷ്ഠൻെറ ഇഷ്ടപ്രകാരം രത്നമ്മയെ വിവാഹം ചെയ്യാൻ ഞാൻ സമ്മതിച്ചു. അവളുടെ വീട്ടുകാരുടെ ധനാഗമമാർഗ്ഗത്തെപ്പററിയുണ്ടായിരുന്ന ദുഷ്കേൾവിയെ നിശ്ശബ്ദമാക്കാൻ പണത്തിനു കഴിഞ്ഞു.

ഞാനും രത്നമ്മയുമായുള്ള വിവാഹം വളരെയധികം പണച്ചെലവോടെ വധൂഗൃഹക്കാർ കൊണ്ടാടി. എൻെറയും സരോജനിയുടേയും രസനകൾ ഒന്നുപോലെ മൗനം ഭജിച്ചു. ഞങ്ങളുടെ പെരുമാററത്തിലും ആർക്കും സംശയമേ ഉണ്ടായില്ല. ദൈഹികപരിധിക്കപ്പുറമാണു് ഞങ്ങളുടെ സ്നേഹമെന്നു ഞങ്ങൾ അഭിമാനിക്കയും ചെയ്തു—ഹൃദയാത്മാക്കൾക്കു മാത്രം സ്ഥാനമുള്ള ദിവ്യപ്രേമം!! കഷ്ടം! പരീക്ഷണഘട്ടങ്ങളിൽ പെടാത്ത പാവപ്പെട്ട മനുഷ്യൻെറ വ്യാമോഹങ്ങൾ! .....

കന്യാകുമാരിക്കടലിൻെറ ഇരമ്പൽ ഞങ്ങളുടെ പ്രേമസാഗരത്തിൻെറ പ്രക്ഷുബ്ധധ്വനി പോലെ അവ്യക്തമായി, എന്നാൽ നിരന്തരമായി, ഗംഭീരമായി കേട്ടുകൊണ്ടേയിരുന്നു. വീട്ടിനകം മുഴുവൻ പൂർണ്ണമൌനത്തിൽ ലയിച്ചുകഴിഞ്ഞിരുന്നു. ഭൃത്യനും, ഭൃത്യയും രത്നമ്മയും എല്ലാം നിദ്രാദേവിയുടെ അങ്കത്തിൽ; ഞാൻ അസ്വാസ്ഥ്യതയുടെ അലകളിൽ. സരോജനിയുടെ അഭയം എന്താണ്?—എവിടെയാണ്?

ചാരിയിരുന്ന കതകു തുറന്നു ഞാൻ മുൻ വരാന്തയിലിറങ്ങി. കടലിൻെറ അലയടിക്കിടയിൽ ഒരു നേരിയ ഗാനസ്വരം!

"മധുവിധുകാലമിതെത്ര രമ്യം
മഹിയിലിതൊന്നല്ലാതെന്തു കാമ്യം."

ഇടിമുഴക്കത്തിന്നിടയിലെ ആ മണി നാദം!—മിന്നൽ പ്രവാഹത്തിന്നിടയിലെ ആ വെള്ളിവിളക്ക്? ഞാൻ മുററത്തിറങ്ങി. ഒരു ചെറിയ മരത്തിൽ കെട്ടിയിരുന്ന ഒരു കൊച്ചുഞ്ഞാലിൽ ഇരുന്ന് ആടിപ്പാടുകയാണ് സരോജിനി.

കലാസാമർത്ഥ്യം തികഞ്ഞ ഒരു മേക്കപ്പ് ആർട്ടിസ്റ്റാണ് ചിങ്ങമാസച്ചന്ദ്രിക. ആ മങ്ങിയ വെളിച്ചം എന്നെ എങ്ങനെ പ്രലോഭിപ്പിച്ചു! തിളങ്ങുന്ന വസ്ത്രാഭരണങ്ങളണിഞ്ഞു് വൈദ്യുതദീപത്തിൻെറ ഉജ്ജ്വല പ്രകാശത്തിൽ കിടന്ന രത്നമ്മ അനാകർഷണീയയായ ഒരു വെറും മാനുഷസ്ത്രീ!—വെള്ള വസ്ത്രം ധരിച്ചു്, അനലംകൃതയായി, ഓണനിലാവിൽ തനിയെ ഇരുന്നു് ഊഞ്ഞാലാടിപ്പാടുന്ന സരോജനി ഒരപ്സരസ്സ്! എ

ൻെറ കാലുകഠം, മനസ്സാക്ഷിയെ അടിച്ചമർത്തിയ ഹൃദയപ്രേരണയുടെ പിൻബലത്തോടെ പതുക്കെ മുന്നോട്ടു നീങ്ങി.

എൻെറ സ്പർശനം സരോജനിയെ അല്പവും സംഭ്രമിപ്പിച്ചില്ല. സങ്കല്പത്തിൽ നിന്നും സംഭവത്തിലേക്കു—ഹൃദയത്തിൽ നിന്നും ശരീരത്തിലേക്കു—കടന്ന ഒരനുഭൂതി മാത്രമായിരുന്നു അതു്... കൗമാരത്തിനുപ്പുറം ഞങ്ങളുടെ ശരീരങ്ങഠം എപ്പോഴും അകന്നുതന്നെ നിന്നെങ്കിലും ഹൃദയങ്ങഠം ആത്യന്തം കെട്ടുപിണഞ്ഞാണു കിടന്നിരുന്നതു്. സരോജനി പാട്ടു നിർത്താതെ പുഞ്ചിരിയോടെ മലർന്നു നോക്കിയ ശേഷം അല്പ്പമൊന്നു ഒരു വലത്തേക്കു തിരിഞ്ഞു്, ഇടംകൈമാത്രം ഊഞ്ഞാൽക്കയറിൽ പിടിച്ചു വലങ്കയ്യാൽ എൻെറ ദേഹത്തെ ചുററിയിട്ടു്, നിലത്തു ചവട്ടി ഊഞ്ഞാൽ കെട്ടിയിരുന്ന മരത്തെ കുലുക്കാൻ തുടങ്ങി. ഞങ്ങളുടെ പ്രവൃത്തി ലോകത്തിൻെറ മുമ്പിൽ അതിനിന്ദ്യമാണെന്ന വസ്തുതയിൽ ആ നിശാനിശ്ശബ്ദതയും നിലാവെളിച്ചവും ചേർന്നു മൂടുപടമിട്ടുകളഞ്ഞു. മനുഷ്യൻെറ സാമുദായികനിയമങ്ങഠം തീരെ അർത്ഥശൂന്യങ്ങളല്ലേ? അപ്പോഴത്തെ ഞങ്ങളുടെ പെരുമാററത്തിൽ ഞങ്ങഠംക്കൊരസ്വാഭാവികതയും തോന്നിയില്ല. സങ്കല്പത്തിൽ അരങ്ങേററം കഴിഞ്ഞ രംഗങ്ങളായിരുന്നു അവ. ശരീരത്തിനെയല്ലാതെ ഹൃദയത്തെ വിലയ്ക്കു വാങ്ങാൻ പണത്തിനെങ്ങനെ കഴിയും?—ആ ശരീരമാണെങ്കിൽ ഹൃദയപ്രേരണകഠംക്കു വിധേയവും.

ഞാനും സരോജനിയോടൊപ്പം ഊഞ്ഞാൽപ്പലകയിൽ ഞെങ്ങിഞെരുങ്ങി ഇരുന്നു. സരോജനി നിലത്തു

കാലൂന്നി ഊഞ്ഞാലാടാൻ തുടങ്ങി. ഓരോ ഊഞ്ഞാലാട്ടവും എൻെറ അപവാദഭീതിയെ ആറിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ അവഠ പാട്ടുനിർത്തിയിട്ടു, ചോദിച്ചു: "കൃഷ്ണൻകുട്ടിയുടെ രത്നമ്മ എന്തുചെയ്യുന്നു?"

യാഥാർത്ഥ്യമില്ലാത്ത—അഥവാ യാഥാർത്ഥ്യം മാത്രമുള്ള ഒരു ലോകത്തിൽ സഞ്ചരിക്കുകയായിരുന്നു എൻെറ മനസ്സ്. സരോജനിയുടെ ചോദ്യം അതിനെ പരിതസ്ഥിതിയിലേക്കു കൊണ്ടുവന്നു. ഞാൻ പറഞ്ഞു: "അവഠ നല്ല ഉറക്കമാണു്. അവളുടെ ശക്തികുറഞ്ഞ ശരീരത്തിനു യാത്രാക്ഷീണം സഹിക്കാൻ നിന്നെപ്പോലെ സാധിക്കുമോ? സരോജനി ഉറങ്ങാത്തതെന്തു്?".

"എൻെറ മധുവിധുക്കാലം ഞാനുറങ്ങിക്കളയാനുദ്ദേശിക്കുന്നില്ല." ആഹ്ലാദസംപൂർണ്ണമായിരുന്നു സരോജനിയുടെ സ്വരം. "നീ ഉറങ്ങാത്തതെന്തു്?"

സംസാരിച്ചുതുടങ്ങിയ കാലംമുതൽ ഞങ്ങഠ പരസ്പരം 'നീ' എന്നാണു വിളിച്ചിരുന്നതു്. പ്രായപൂർത്തിക്കും ബന്ധുക്കഠക്കും ആ സ്വാതന്ത്ര്യം നശിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. സരോജിനിയുടെ 'നീ', 'അങ്ങ്', എന്നു മാററിമറിക്കേണ്ട ബന്ധവിശിഷ്ടതകളൊന്നും ബന്ധുക്കളുടെ വിശിഷ്ടകാരുണ്യത്താൽ ഞങ്ങഠക്കുണ്ടായതുമില്ല. ഞാനവളുടെ ദേഹത്തെ പിടിച്ചുകുലുക്കിക്കൊണ്ടു പറഞ്ഞു: "നിൻെറ മധുവിധുകാലം എൻേറയും മധുവിധുകാലമല്ലേ?"

മണിക്കൂറുകഠ മുന്നോട്ടു നീങ്ങിയപ്പോഠ തണുപ്പിൻെറ ശക്തിവർദ്ധിച്ചു. ഞങ്ങഠ എഴുന്നേററു. എൻെറ തോളിൽ കിടന്ന കമ്പിളി ഞങ്ങളുടെ തണുപ്പ

കററി. വിഭാവരിയുടെ വെണ്മചേന്ന കാളിമ, ഒരേ ആവരണത്തിനകത്തുനിന്ന ഭാര്യാഭത്താക്കളെല്ലാത്ത ഞങ്ങളെ ലോകദൃഷ്ടിയിൽ നിന്നു് മറച്ചു് പിടിച്ചു. ഞാൻ പറഞ്ഞു: "ഈ തണുപ്പത്തും സരോജനിയുടെ ദേഹത്തിനെന്തു ചൂടു്! നമുക്കു് കടപ്പുറത്തല്പം നടക്കാൻ പോകാം."

പരസ്പരാശ്ലേഷനിബദ്ധമായ ഹൃദയദേഹങ്ങളോടെ ഞങ്ങൾ പടികടന്നു വെളിയിലിറങ്ങി. അർഘ്യപാദ്യത്താൽ ഞങ്ങളെ ആദരിച്ച തിരകൾ പാറക്കെട്ടുകളിൽ വന്നലയുന്ന കാഴ്ച ചന്ദ്രിക മാററുകൂട്ടിക്കാണിച്ചു. പ്രപഞ്ചസാഗരത്തിരത്തല്ലലിൽ ചലിക്കാത്ത ഹൃദയംപോലെ, വിവേകാനന്ദസ്പർശനമേററ ആ ശില, ആഞ്ഞലച്ച അലകളുടെ നിരന്തരോല്ല്യമത്തെ പതപ്പുഞ്ചിരിയാൽ പല്ലിളിച്ചുകാട്ടി അപഹസിച്ചു.

സമയം പോകുന്നതും സർവ്വവും മറന്നു് ഞങ്ങൾ വളരെ നേരം ആ നിലയിൽ നിന്നു. പ്രകൃതിസൌന്ദര്യമല്ല ഞങ്ങളെ അങ്ങനെ നിത്തിയതു്. ശരീരചലനം അനുവദിക്കാത്ത സായൂജ്യനിർവൃതി സർവ്വശക്തിയോടെ ഞങ്ങളെ പൊതിഞ്ഞുനിന്നു.

പെട്ടെന്നു ചന്ദ്രിക മറഞ്ഞു. ആകാശം കാർകൊണ്ടിരുണ്ടു. ശശിചുംബിതയായ നിശാദേവിയുടെ വികാരോദ്വേഗത്താൽ ഉച്ചത്തിലുള്ള ഉച്ഛ്വാസംപോലെ കാററടിക്കാൻ തുടങ്ങി. സാഗരസംഗമോത്സുകയായ അംബരദേവതയുടെ വിശാലവക്ഷസ്സിൻെറ വികാരതരളിതമായ ഉച്ചലനംപോലെ കാർകൊണ്ടലുകൾ കാററത്തു ചലിക്കാൻ തുടങ്ങി. സരോ

ജനി വിറപൂണ്ട്, അസ്പഷ്ടസ്വരത്തിൽ പറഞ്ഞു: "നമുക്കു തിരിയെ പോകാം; രത്നമ്മ ഉണൎന്നിരിക്കും."

ഞങ്ങൾ വേഗം നടന്നു.....പക്ഷേ വളരെ നേരം കഴിഞ്ഞാണു ഞാൻ രത്നമ്മയുടെ അടുക്കത്തെത്തിയതു്. ആ ചെറിയ മഴച്ചാറലിൽ ഞങ്ങളെ പിടിച്ചു നിൎത്തത്തക്ക മാസ്മരശക്തി, കല്ലോലധ്വനി നിറഞ്ഞ, മങ്ങിയ ഇരുൾ പുരണ്ട, ആ അന്തരീക്ഷത്തിനുണ്ടായിരുന്നു .....

സരോജനിയുടെ മനസ്ഥിതിയും രത്നമ്മയുടെ ദേഹസ്ഥിതിയും ചേൎന്നു് ഞങ്ങളുടെ മധുവിധുകാലത്തിന്റെ ദൈൎഘ്യം പതിനഞ്ചു ദിവസമായി വെട്ടിക്കുറച്ചു. അടുത്ത മാസത്തിൽ ഞാൻ ഏകനായി ഈസ്റ്റാഫ്രിക്കയിലേയ്ക്കും തിരിച്ചു.

അക്കൊല്ലം മേടമാസത്തിൽ സരോജനി ഒരു ആൺകുട്ടിയെ പ്രസവിച്ചു എന്ന വാൎത്ത, അസംഭാവ്യമായ ഒരു സംഭവംപോലെ, അത്ഭുതത്തിൽ വിളക്കി അപ്രസവയായ രത്നമ്മ എനിക്കെഴുതിയയച്ചു. കന്യാകുമാരിയാത്രയ്ക്കു ശേഷമുള്ള നീണ്ട മൗനത്തിന് ഇനിയെങ്കിലും സരോജനി വിരാമമിടുമെന്നു ഞാനാശിച്ചു. പക്ഷേ രത്നമ്മയുടെ അടുത്ത എഴുത്തിൽ ഈ വരികളാണു് വിധി എഴുതിച്ചതു്: "സരോജനിയും കുഞ്ഞും വളരെ കഷ്ടപ്പെട്ടശേഷം മരിച്ചു. പാവം പോലെ നടന്ന ആ മിണ്ടാപ്പൂച്ച ഇത്ര ചീത്തയാണെന്നാരറിഞ്ഞു! തെറ്റൊന്നുമേ ചെയ്തിട്ടില്ല എന്നാണവളുടെ ഭാവം. ആരും സഹായം ചെയ്വാൻ സമ്മതം കാണിച്ചില്ല. അവളുടെ കൂട്ടുകുററക്കാരൻ ആരാണെന്നു പറയിക്കാൻ ആൎക്കുമാകട്ടെ കഴിഞ്ഞുമില്ല."

കഥാസാരം വായിച്ചുകഴിഞ്ഞു് സിനിമാ കാണാൻ വെള്ളിത്തിരയിൽ നോക്കിക്കൊണ്ടിരിക്കുന്നതുപോലെ, ആഫ്രിക്കയിലെ ആഫീസിലിരുന്നു് തിരുവിതാംകൂറിലേയ്ക്കു നോക്കിയ എൻെറ മനോരംഗത്തിൽ ആ എഴുത്തു് കുറെ പൂർവ്വരംഗങ്ങൾകൊണ്ടുവന്നു. ചന്ദ്രികാപ്രസാരിതമായ കന്യാകുമാരിക്കടലിൻെറ ഇരമ്പലും ഒരേ കമ്പിളിക്കകത്തുള്ള ഞങ്ങളുടെ നില്പും—എല്ലാം ഞാൻ കണ്ടു. ആ രാത്രിക്കുശേഷം സരോജനി എന്തു യാതന സഹിച്ചിരിക്കും?—അവൾ ആ അഴൽത്തീ തിന്നതുമുഴുവൻ ആർക്കുവേണ്ടി?

സഹനശക്തിയുടെ പര്യായമായ സ്ത്രീത്വമേ, മൃഗീയസ്വാർത്ഥത പുരുഷത്വത്തിൻെറ മറെറാരു പേരാണെന്നു നിൻെറ ലോലാധരങ്ങൾ വേദനയോടെ വിറപൂണ്ടു വിലപിക്കാൻ തുടങ്ങിയിട്ടു് യുഗങ്ങളെത്ര കഴിഞ്ഞു? ഈശ്വരൻെറ ശിക്ഷായന്ത്രം, മാത്രമാവുകയാണോ മനുഷ്യൻ?

എൻെറ പേർ സുരക്ഷിതമാണെന്നു് എന്നെ അറിയിച്ച ആ എഴുത്തിലെ വരികളിൽ ഞാൻ എൻെറ സരോജനിയുടെ ദയനീയചിത്രം തെളിഞ്ഞു കണ്ടു. ഞാൻ നിശ്ശബ്ദം വിശ്വത്തിനോടു ചോദിച്ചു: "പുരുഷൻെറ പിടിയിൽ—വികാരത്തിൻെറ വെളിച്ചപ്പെടലിൽ—അശക്തയായിപ്പോകുന്ന അബലയെ പഴിക്കാൻ പുരുഷസമുദായത്തിൻെറ ധർമ്മബോധത്തിന്നു് എങ്ങനെ കഴിയുന്നു?"

866

# പൊന്നുംകുടം

സാഹിത്യപ്രവർത്തക
സഹകരണസംഘം
പ്രസിദ്ധീകരണം